# ചരിത്രവും സംസ്കാരവും

പി. ഏ. സെയ്തുമുഹമ്മദ്

# ചരിത്രവും സംസ്ക്കാരവും

## (ലേഖനങ്ങൾ)

പി. ഏ. സെയ്തുമുഹമ്മദ്

# ഉള്ളടക്കം

മതവും സാഹിത്യവും ........................................................ 6

ദേശീയോത്ഗ്രഥനവും ന്യൂനപക്ഷങ്ങളും ................................ 13

ആസാദിന്റെ കത്ത്........................................................ 20

മുസ്‌ലിം ദേശിയോത്സവങ്ങൾ ................................................ 29

ടിപ്പുവും തിരുവിതാംകൂർ യുദ്ധവും......................................... 35

സ്വാതന്ത്ര്യസമരവും കേരള മുസ്‌ലീംമീങ്ങളും.......................... 44

മാപ്പിളക്കളരികൾ ........................................................ 56

ലഹരിയുടെ കഥ........................................................ 67

മതവും മൂല്യസംഘർഷവും ................................................ 75

അറബിഭാഷയിലെ വിചാരസമ്പത്ത്......................................... 85

കേരളത്തിലെ മുസ്‌ലിം പത്രങ്ങൾ.......................................... 90

## **പി. ഏ. സെയ്തുമുഹമ്മദിന്റെ കൃതികൾ**

ചരിത്രകേരളം

കേരളചരിത്ര വീക്ഷണം

കേരളം നൂററാണ്ടുകൾക്കുമുമ്പ്

സഞ്ചാരികൾ കണ്ട കേരളം

മുഗൾസാമ്രാജ്യത്തിലൂടെ ഒരു യാത്ര

കേരള മുസ്ലിം ചരിത്രം

ആദിവാസികൾ

ചരിത്രത്തിലെ ശിലാകുസുമങ്ങൾ

പല ഘട്ടങ്ങളിലായി വിശേഷാൽ പ്രതികളിലും സുവനീറുകളിലും മററും എഴുതിയ ഏതാനും ലേഖനങ്ങളുടെ സമാഹാരമാണ് ചരിത്രവും സംസ്ക്കാരവും. ഇസ്ലാമികമായ വിചാരധാരയുടെ സാമീപ്യവും സ്വാധീനവും ലേഖനങ്ങളിൽ നിഴലിട്ടുനിൽക്കുന്നതായി കാണാം. പല പ്രസിദ്ധീകരണങ്ങളിലായി ചിതറിക്കിടക്കുന്ന ലേഖനങ്ങളെല്ലാം പത്ത് ഗ്രന്ഥങ്ങളിലായി സംയോജിപ്പിക്കണമെന്നാഗ്രഹിക്കുന്നു. അതിന്റെ പ്രാരംഭമാണീഗ്രന്ഥം.

വൈവിദ്ധ്യമുള്ള ഈ ലേഖനങ്ങൾ വായനക്കാർക്കു രസകരമായിത്തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

1–5–70

ഗിരിനഗർ — പി. ഏ. സെയ്തുമുഹമ്മദ്

കൊച്ചിൻ –20

# സമർപ്പണം

വിചാരധന്യമായ ഒരു സമുദായം കെട്ടിപ്പടുക്കുന്നതിൽ അഭികാമ്യമായ നിർമ്മാണാത്മകപ്രവർത്തനത്തിലേർപ്പെട്ടിട്ടുള്ള അഭിവന്ദ്യനായ ജനാബ് ടി. പി. കുട്ടിയമ്മു സാഹിബിന്.

# മതവും സാഹിത്യവും

''ഖോജരാജാവായ തമ്പുരാനെ, നല്ല മലയാളം പറയുന്നവരാൽ നീ ഞങ്ങളെ ആക്കല്ലെ തമ്പുരാനെ.'' അര നൂററാണ്ടിനപ്പുറത്ത് കേരളത്തിലെ മുസ്‌ലിം സാമാന്യജനങ്ങളുടെയിടയിൽ മതപ്രബോധനം നടത്തിയിരുന്നതിന്റെ 'മഹത്തായ മാതൃക' നമ്മുടെ സാമുദായിക പരിഷ്ക്കരണപ്രസ്ഥാനത്തിന്റെ തേരാളികളിൽ പ്രാമാണികസ്ഥാനം വഹിക്കുന്ന ജ: ഇ. കെ. മൗലവി സാഹിബ് ഓർമ്മകളിൽനിന്ന് (ന്യൂ അൻസാരി, വിശേഷാൽ പ്രതി – 1955, പേജ് 49) പകർത്തിയ ഭാഗം പ്രാരംഭമായി ഇവിടെ ഉദ്ധരിക്കുകയാണ്. മലയാളഭാഷയിലും അതിൽനിന്നുജ്ജീവനം നേടുന്ന സാംസ്ക്കാരിക മണ്ഡലങ്ങളിലും കേരളീയ മുസ്‌ലിംകൾക്ക് പ്രാതിനിധ്യം നേടാൻ കഴിഞ്ഞതിന്റെ കാരണങ്ങൾ ഒഴുക്കില്ലാതെ തളം കെട്ടിക്കിടന്നിരുന്ന ''തേട്ടങ്ങളി''നിന്ന് വ്യക്തമാണ്. ക്രൈസ്തവ മതപ്രചരണത്തിനായി മലയാള ഭാഷയെ സമ്പന്നമായ ഉപകരണമാക്കാൻ മിഷ്യനറിമാരായ അർണോസ് പാതിരിയും ഗീവർഗ്ഗീസ് കത്തനാരും ജീവിതം സമർപ്പിച്ചപ്പോൾ ഇസ്ലാമിന്റെ നിത്യസൗന്ദര്യം സഹോദരങ്ങൾക്കിടയിൽ പകർന്നുകൊടുക്കാൻ ബാധ്യസ്ഥനായ നമ്മുടെ മുസല്യാർ ഖൽബ് തുറന്നു നേടിയത് നല്ല മലയാളം പറയുന്നവരാൽ ഞങ്ങളെ ആക്കല്ലെ തമ്പുരാനെ' യെന്നാണ്. ഈ തേട്ടത്തിന്റെ ഗൗരവം ഉൾക്കൊണ്ട സാമാന്യജനങ്ങൾ വളരെക്കാലം അനുസരണയുള്ളവരെപ്പോലെ ജീവിച്ചു. ഇതിനെതിരായി ശബ്ദമുയർത്തിയ പരിഷ്ക്കരണവാദികൾ രംഗത്തു വന്നപ്പോഴാണ് മുസല്യാരുടെ തടവറയിൽനിന്ന് കുറെപ്പേരെങ്കിലും സ്വാതന്ത്ര്യം നേടിയത്. ലോകവിജ്ഞാനത്തിന്റെ വികാസപരിണാമങ്ങൾ മനസ്സിലാക്കി ഭൗതികസാഹചര്യമനുസരിച്ച് ജീവിക്കാനുള്ള ആഗ്രഹം പഴയ തലമുറയിൽ ചിലർക്കെങ്കിലും ഉണ്ടായതിന്റെ ഫലമാണ് ഇന്നു കാണുന്ന സാമാന്യപുരോഗതി നേടിയെടുക്കാൻ കഴിഞ്ഞത്.

ഒരു ജനതയെന്നത് ദേശീയജീവിതത്തിലെ സവിശേഷതകൾ ഉൾക്കൊള്ളുന്നതാണ്. ദേശവും–ഭാഷയും ജനതയുടെ സാമൂഹ്യജീവിത

ത്തിൽ ചെലുത്തുന്ന സ്വാധീനം വിസ്മരിക്കാൻ കഴിയുന്നതല്ല. മാതൃഭാഷയിലൂടെ നുണഞ്ഞിറക്കാൻ കഴിയാത്ത ഏതു സംസ്ക്കാരത്തിനും പൊതുജീവിതത്തിൽ വലിയ പരിഗണനന ലഭിക്കാത്തതിന്റെ കാരണം വ്യക്തമാണ്.

വിജ്ഞാനി എവിടെക്കണ്ടാലും വീണ്ടെടുക്കാനുള്ള ഉൽകൃഷ്ടാഹ്വാനം മുഴക്കിയ മുസ്ലീമിങ്ങൾക്കു എന്താണ് കേരളത്തിൽ ഭാഷാപരമായ വൈമുഖ്യമുണ്ടാകാൻ കാരണം. ബാഹ്യലോകവുമായി ബന്ധപ്പെടാൻ കഴിയാത്ത സാഹചര്യവും പൊതുമേഖലാസമ്പർക്കത്തിലുള്ള വൈമനസ്യവുമായിരിക്കണം മലയാളഭാഷയിൽ താൽപ്പര്യമില്ലാതാക്കിയതെന്ന് അനുമാനിക്കണം. മലയാളം ദ്രാവിഡമൂല്യത്തിൽനിന്നു പിരിഞ്ഞു, ചെന്തമിഴിന്റെയും സംസ്കൃതത്തിന്റെയും സ്വാധീനത്തിൽപ്പെട്ട മദ്ധ്യകാലഘട്ടത്തിൽ കേരളീയ മുസ്ലീങ്ങൾ മാതൃഭാഷാ മേഖലയിലേക്ക് ശ്രദ്ധിച്ചിരുന്നില്ല. മതപരമായ കർമ്മാനുഷ്ഠാനങ്ങളും പ്രബോധനങ്ങളും അറബിയിൽ തന്നെ നിർവ്വഹിക്കുകയും തങ്ങളുടെ പരിമിതമായ ഗ്രാമ്യഭാഷയിൽ മറ്റുള്ളവരെ ഗ്രഹിപ്പിക്കുകയും ചെയ്തിരുന്ന ആ പഴയ കാലം മുസ്ലീം ജനതയെ ഒററപ്പെടുത്തി നിർത്തിയിരുന്നു. വിശ്വാസികളുടെതും അവിശ്വാസികളുടെതുമായ രണ്ട് മണ്ഡലങ്ങളിൽനിന്ന് സാമൂഹ്യജീവിതത്തെ വിലയിരുത്തിയിരുന്ന ആ കാലഘട്ടത്തിന്റെ പ്രത്യേകതയായി പരിഗണിക്കപ്പെടേണ്ട ഒരു യാഥാർത്ഥ്യമാണിത്. പരദൈവങ്ങളും അനാചാരങ്ങളും നിറഞ്ഞുനിൽക്കുന്ന ഒരു മണ്ഡലത്തിലെ ജനതയുടെ ഭാഷയെപ്പററി ചില മുൻഉപാധികൾ പുലർത്തിപ്പോന്നിരുന്നതുകൊണ്ടാണ് പതിനേഴാം നൂററാണ്ടിന്റെ മദ്ധ്യഘട്ടം വരെയും മലയാളഭാഷാസാഹിത്യം സ്വതന്ത്രമായി കൈകാര്യം ചെയ്യാൻ കേരളീയരായ മുസ്ലീങ്ങൾക്ക് കഴിയാതെ വന്നത്. പതിനഞ്ചാം ശതകത്തിലെ കവിപ്രവരനായ ചെറുശ്ശേരിയുടെ കാലത്ത് ഒരു പരിധിവരെ അറബി മലയാള സാഹിത്യം വളർന്നു കഴിഞ്ഞിരുന്നു. തമിഴും അല്പം സംസ്കൃതവും തുടർന്നുള്ള കാലഘട്ടങ്ങളിൽ അറബി മലയാളത്തിൽ കടന്നുകൂടി. ഇസ്ലാമിക പ്രചരണം വ്യാപകമായിത്തീർന്ന എട്ടുമുതൽ പതിനാലാം നൂററാണ്ടുവരെയുള്ള കാലങ്ങളിൽ മതപ്രബോധകന്മാർ മലയാളം സ്വായത്തമാക്കിയിരുന്നെങ്കിൽ നല്ല സ്വാധീനം ചെലുത്തുവാൻ കഴിയുമായിരുന്നു. ലിപി രൂപത്തിലുള്ള മലയാള ഭാഷയിൽ അറബിഭാഷയുടെ

സ്വാധീനം കനത്തതായി മാറിയിരുന്നെങ്കിൽ തമിഴിന് കല്പിക്കുന്ന പ്രാധാന്യം പോലെ മലയാളം അറബിയിൽ നിന്നുവന്നതല്ലെയെന്നുപോലും സമർത്ഥിക്കുന്ന ഗവേഷണം വളരുമായിരുന്നു. മലയാള ഭാഷയിൽ ഒഴുകിച്ചേർന്നിട്ടുള്ള പതിനാല് ശതമാനത്തോളം നിത്യോപയോഗ പ്രയോഗങ്ങൾക്ക് അവലംബം നൽകാൻ കുറെക്കാലങ്ങൾക്ക് മുമ്പ് മതപണ്ഡിതന്മാർ മാതൃഭാഷയിൽ ശ്രദ്ധിച്ചിരുന്നെങ്കിൽ ഭാഷാസാഹിത്യചരിത്രത്തിലെ ഒരു മഹാസംഭവമാകുമായിരുന്നു. ഇന്ന് ഇസ്ലാമിക സംഭാവന എടുത്തുകാണിക്കാൻ അറബി പദങ്ങൾ പെറുക്കി ബോദ്ധ്യപ്പെടുത്തേണ്ടിവന്നിരിക്കുകയാണ്. എഴുത്തച്ഛന്റെ ഭക്തികാവ്യപ്രസ്ഥാനത്തിനു് ശേഷമാണ് തമിഴ്, സംസ്കൃത ബഹുലത അനുഭവപ്പെടുന്ന ഏതാനും മാപ്പിളപ്പാട്ടുകൾ വെളിച്ചം കാണുന്നത്. ആധുനിക മലയാള പദ്യസാഹിത്യത്തിന്റെ ആരംഭകാലത്തുതന്നെ മാപ്പിളസാഹിത്യം നാമ്പെടുത്തു കഴിഞ്ഞിട്ടുണ്ടായിരുന്നുവെങ്കിലും ഒരതിർത്തിവരെ മാത്രമേ അതിന്റെ സ്വാധീനത നിഴലിച്ചിരുന്നുള്ളു. നൂററാണ്ടുകൾക്ക് ശേഷമാണ് മാപ്പിള സാഹിത്യത്തെ സമ്പുഷ്ടമാക്കിയ മോയിൽകുട്ടി വൈദ്യരും ചേററുവായി പരീക്കുട്ടിയും രംഗത്തുവരുന്നത്. ഇവരുടെ കാലഘട്ടം ആസ്തിക്യബോധത്തിന് ആത്മപ്രതിഫലാത്മകമായ പ്രചോദനം നൽകിയതായിക്കാണാം.

നഷ്ടസൌഭാഗ്യത്തിന്റേതായ സുവർണ്ണകാലങ്ങളെപ്പററി സ്മരിച്ചിട്ടിനി കാര്യമില്ല. നാല്പതു വർഷത്തിനുമുമ്പേ തയ്യാറാക്കിയ കാനേഷ്മാരിക്കണക്കിൽ കേരള മുസ് ലീംകളുടെ സാക്ഷരത്വം എട്ടു ശതമാനമായിരുന്നു. ഇതിന്ന് മാററം വന്നിട്ടുണ്ട്. സാക്ഷരത്വത്തിൽ മാററം വന്നാൽ മലയാള ഭാഷ പരിചയത്തിൽ സമുദായത്തിന്റെ സ്ഥാനം ഉയരുകയില്ല. മലയാള ഭാഷ കേരളത്തിന്റെ ഔദ്യോഗിക ഭാഷയായി മാറിക്കൊണ്ടിരിക്കുകയാണ്. എല്ലാ ചലനങ്ങളും രേഖപ്പെടുത്തുന്ന ഭാഷയായി മാറുന്ന മലയാളത്തിൽ സമർഹമായ സ്ഥാനം നേടിയെടുക്കേണ്ടത് ആവശ്യമായിരിക്കുന്നു. സാഗരംപോലെ വിസ്തൃതമായ ഇസ്ലാമിന്റെ സാംസ്ക്കാരിക മണ്ഡലത്തെ മലയാള ഭാഷയിൽ പരിചയപ്പെടുത്തുന്നതോടൊപ്പം മലയാള ഭാഷയുടെ എല്ലാ ഘട്ടങ്ങളെപ്പററിയും ഗ്രഹിക്കുവാനുള്ള യത്നവും ആവശ്യമായിരിക്കുന്നു. അറബിഭാഷാപാണ്ഡിത്യമുള്ള മതപണ്ഡിതന്മാർ ഐച്ഛിക

മെന്നോണം മലയാള ഭാഷ പഠിക്കണം. ''നമ്മുടെ മാതൃഭാഷയല്ലെ അതെന്തു പഠിക്കാനിരിക്കുന്നു?'' എന്ന അലക്ഷ്യഭാവം ഉപേക്ഷിക്കണം. സംസാരഭാഷ മലയാളമായതുകൊണ്ട് ഭാഷയെയും സാഹിത്യത്തെയും അതുൾക്കൊള്ളുന്ന സംസ്ക്കാരത്തെയും സംബന്ധിച്ചറിഞ്ഞുകൊള്ളണമെന്നില്ല. പുരാണങ്ങൾ വായിക്കുമ്പോൾ കണ്ടുമുട്ടാനിടയുള്ള ബഹുദൈവങ്ങളെയും മന്വന്തരങ്ങളെയും, ഭൂതഗണങ്ങളെയും ഹൃദയത്തിൽ കുടിയിരുത്താതെ തന്നെ അതിലെ ഭാവഭംഗി ആസ്വദിക്കാൻ കഴിയും. തൌഹീദിനു ഒരിളക്കവും തട്ടാതെ ആസ്വദിക്കാൻ കഴിയും. മറിച്ചുള്ള പ്രചരണം തെററാണ്. സാഹിത്യരചന ചീട്ടുകളിപോലുള്ള നൈമിഷിക വിനോദമല്ല. പ്രത്യേത ആശയ പ്രചരണത്തിനു ജനകീയമായ ഒരു ഉപാധിയായിരിക്കുകയാണ് സാഹിത്യം. ബോധപൂർവ്വവും സോദ്ദേശപൂർവ്വവുമായ പ്രചരണത്തിന്നു സാഹിത്യത്തെക്കാൾ മറെറാന്നിനു പങ്കു നിർവ്വഹിക്കുവാൻ കഴിയുകയില്ല. മാതൃഭാഷയെ ഒന്നു നല്ലവണ്ണം പരിചയപ്പെടാൻ മലയാളഭാഷയുടെ പ്രാകൃതദശയിലെ സ്തോത്രങ്ങൾ, വീരഗാനങ്ങൾ, പഴഞ്ചൊല്ലുകൾ, പിന്നീട് കാണുന്ന ചെന്തമിഴ് സ്വാധീനം ആര്യസംസ്ക്കാരവ്യാപ്തി കാണിക്കുന്ന സംസ്കൃതബന്ധകാലം, തദനന്തരം രൂപം കൊണ്ട മിശ്രഭാഷാകാലഘട്ടം, മണിപ്രവാളകാലം, സന്ദേശകാവ്യപ്രചോദനം, കണ്ണശ്ശകൃതികളുടെ ആഗമനം, നാടൻപാട്ടുകളുടെ രചനാകാലം, ജനകീയ ഭക്തിഗാനമെന്ന് വിശേഷിക്കപ്പെടുന്ന കൃഷ്ണഗാഥയുടെ പ്രയോഗം, ചമ്പുക്കളുടെ നിർമ്മാണം എന്നിവ കോർത്തിണക്കി നില്ക്കുന്ന പ്രാരംഭഘട്ടം ഗ്രഹിക്കാതെയും ഹൃദിസ്തമാക്കാതെയും തരമില്ല. സാമൂഹ്യജീവിതത്തിലെ ഗതിവിഗതികൾ ഗ്രഹിക്കാനും കേരള സംസ്ക്കാരം രൂപം കൊള്ളുന്നതിന്റെ നിലവാരം അറിയുന്നതിനും പ്രസ്തുത കാലഘട്ടത്തെപ്പററി അറിയണം. മറെറാരു കാലഘട്ടം ആധുനിക മലയാളത്തിന്റെ വിധാതാവെന്നറിയപ്പെടുന്ന എഴുത്തച്ഛന്റേതാണ്. ഭക്തിസാഹിത്യപ്രസ്ഥാനം കവിതയിലൂടെ തന്മയത്വമായി പ്രചരിപ്പിച്ച എഴുത്തച്ഛനെപ്പററി പഠിക്കാതെ മലയാള ഭാഷയുടെ മനോഹാരിത മനസ്സിലാക്കാമെന്ന് പറയുന്നതിലർത്ഥമില്ല. പുരാണങ്ങളാണ് എഴുത്തച്ഛന്റെ കാവ്യമേഖലയിൽ കയറിപ്പററിയിട്ടുള്ളതെങ്കിലും ജനകീയമായ ലാളിത്യഭാവത്തിൽ എഴുത്തച്ഛൻ അതെല്ലാം പരിചയപ്പെടുത്തുന്നു,

ഭക്തിയും തത്വചിന്തയും കൈകോർത്തുനില്ക്കുന്ന കേരളീയ ജീവിതത്തിന്റെ ഒരു കാലഘട്ടം എഴുത്തച്ഛന്റെ കൃതികളിൽ കാണാം. പദ്യത്തിന്റെ സ്ഥാനം സാഹിത്യത്തിൽ ആധുനിക ഗദ്യമേറെറടുത്തതും മിഷ്യനറിമാരുടെ ആഗമനത്തോടെയാണ്. പോർത്തുഗീസ്, സുറിയാനി, ലാററിൻ എന്നീ ഭാഷകളിൽമാത്രം വേദം പഠിപ്പിച്ചാൽ പോരെന്ന് മനസ്സിലാക്കിയ പാതിരിമാർ 1580ൽ പുതിയ ഗ്രന്ഥങ്ങൾ തന്നെ കേരളത്തിൽ അച്ചടിച്ചിറക്കി. ഭാരതീയ സംസ്ക്കാരം ഗ്രഹിക്കാൻ ഭാരതീയ ഭാഷകൾ പഠിക്കാൻ അവർ തയ്യാറായി. കേരളത്തിലെ ജനങ്ങൾക്ക് ആദ്യമായി മലയാളവ്യാകരണം നിർമ്മിച്ചത് 1700 –ാംമാണ്ടിൽ വിദേശീയനായ അണ്ണോസ് പാതിരിയായിരുന്നു. അദ്ദേഹത്തെ പിൻതുടർന്ന് അനേകം പാതിരിമാർ ഭാഷാപോഷണപ്രവർത്തനത്തിൽ വ്യാപൃതരായി. കഥകളി സാഹിത്യവും, കുഞ്ചൻ നമ്പ്യാരുടെ ഫലിതലോകവും ഓരോ കാലഘട്ടത്തിന്റെ കണ്ണാടികളാണ്. കഴിഞ്ഞ നൂററാണ്ടിന്റെ ആദ്യഘട്ടത്തോടുകൂടി ഇംഗ്ലീഷ് സാഹിത്യത്തിന്റെ അപ്രതിരോധ്യമായ വേഴ്ച മലയാള ഭാഷയെ എത്രകണ്ടു വളർത്തിയെന്നറിയാൻ ആഖ്യായികകളും ശാസ്ത്രഗ്രന്ഥങ്ങളും നോക്കിയാലറിയാം. പുരാണങ്ങളുടെ തിരുമുററത്തുനിന്ന് ഒരു തെററിമാറലാണ് ഇംഗ്ലീഷ് സംബർക്കത്തോടെ സംഭവിച്ചത്. വീക്ഷണത്തിലും പ്രതിപാദത്തിലും ശൈലിയിലും പുതിയ മാതൃകകൾ വന്നു. ഇന്ദുലേഖ, ശാരദ, മാർത്താണ്ഡവർമ്മ, ധർമ്മരാജാ രാമരാജബഹദൂർ ഭൂതരായർ തുടങ്ങിയ നോവലുകളുടെ ഉടയാടകൾ പലതും കേരളേതരമാണ്. ഭാവദീപ്തമായ സ്വഭാവരചനാശില്പവും രസാനുജന്യമായ കൽപനാവൈഭവും ഈ കാലഘട്ടത്തിലെ നോവലുകളിൽ ഉടനീളം ദർശിക്കാം. ആസ്വാദ്യമായ ഈ സാഹിത്യസൃഷ്ടികളും അതിവേഗം വളർന്ന മണിപ്രവാള കാവ്യങ്ങളും സാമൂഹ്യവിമർശന പ്രധാനങ്ങളായ നാടകങ്ങളും മലയാള ഭാഷയുടെ വളർച്ചയെ കാണിക്കുന്നവയാണ്. ഖണ്ഡകാവ്യങ്ങൾ, ഭാഷാശാസ്ത്രപരമായ ലക്ഷണഗ്രന്ഥങ്ങൾ, റൊമാന്റിക് റിയലിസ്ററിക് വിഭാഗങ്ങളിൽപ്പെടുന്ന സാഹിത്യസൃഷ്ടികൾ, ഇവയെല്ലാം വായിച്ചാൽ ഭാഷയിൽ എങ്ങിനെ ആശയം പകരാൻ കഴിയുമെന്ന് മനസ്സിലാകും. മതപ്രചരണരംഗത്ത് പ്രവർത്തിച്ചവർ കഴിഞ്ഞകാലത്ത് നഷ്ടപ്പെടുത്തിയ സന്ദർഭങ്ങൾ, ചെറുതല്ലെന്ന് പുതിയ തലമുറയെ

ങ്കിലും ധരിക്കണം. വ്യാകരണവും സാഹിത്യവും ഒരിക്കലും നഷ്ടപ്പെടു ത്താതിരിക്കാൻ യുവമൌലവിമാർ ബദ്ധശ്രദ്ധരാകണം. അതുകൊണ്ട് വലിയ നേട്ടമുണ്ട്., കഴിഞ്ഞ മൂന്നു വ്യാഴവട്ടക്കാലത്തിനിടക്കും മലയാളഭാ ഷയിൽ വളർന്നുവന്നിട്ടുള്ള ഉപന്യാസം, നിരൂപണം, ശാസ്ത്രീയലേഖന ങ്ങൾ, ജീവചരിത്രം, ആത്മകഥ, ഗവേഷണപ്രബന്ധങ്ങൾ, ചരിത്രസാഹി ത്യം, ഭാഷാശാസ്ത്രം ഇവയെല്ലാം പരിചയപ്പെടേണ്ടത് ആവശ്യമാണ്. രച നാശിൽപം സംബന്ധമായ മേധാശക്തി കാണിക്കുന്ന സാഹിത്യകൃതിക ളോടൊപ്പം പരിചയപ്പെടേണ്ട മറ്റൊരു മേഖലയാണ് വ്യാകരണപ്രാധാന്യ മേറിയ ഭാഷാശാസ്ത്രവിഭാഗം. നല്ല പദ്യവും നല്ല ഗദ്യവും എഴുതുന്നതിന് ചില ലക്ഷണശാസ്ത്രഗ്രന്ഥങ്ങൾ വായിക്കുന്നത് ഉചിതമായിരിക്കും,. പദം, രസം, അലങ്കാരം, ആശയം, ഫലിതം, മനോധർമ്മം, വാക്യശുദ്ധി, സ്ഫുട ത, പ്രയോഗഭംഗി ഇവയെല്ലാം വശമാക്കിയാൽ ഹൃദ്യമായ രീതിയിൽ പറ യാനുള്ളതെല്ലാം പ്രസംഗരൂപത്തിൽ അവതരിപ്പിക്കാം. ആദിമദ്ധ്യാന്തങ്ങൾ പ്രൗഢവും, ഹൃദ്യവും, സരളവുമായ പ്രഭാഷണങ്ങൾക്കുതന്നെ ഭാഷ മുഖ്യഘടകമാണ്. നമ്മുടെ ഉൽപതിഷ്ണുക്കളായ മതപണ്ഡിതന്മാരിൽ ചിലർ ഭാഷയുടെ പ്രയോഗത്തിൽ ധ്വനിഗാംഭീര്യത്തിനു അനവസരത്തിൽ പ്രാധാന്യം നൽകിക്കാണുന്നുണ്ട്. അറബി വ്യാകരണശാസ്ത്രത്തിലെ സാങ്കേതികരീതി മലയാളത്തിൽ ചെലുത്തുന്നതുകൊണ്ടാകാം ഇങ്ങിനെ സംഭവിക്കുന്നത്. ധ, ഖ, ദ, ഛ, ബ, ർ തുടങ്ങിയ അക്ഷരങ്ങളുടെ സ്വരം പ്രയോഗരീതിയിൽ അപസ്വരമായിതീരുന്ന സന്ദർഭങ്ങളില്ലാതില്ല, എളുപ്പ ത്തിൽ പരിഹരിക്കാൻ കഴിയുന്ന വീഴ്ചകളാണിതെല്ലാം. അറബികോളേജു കളിൽ മലയാളം ഐഛികവിഷയമായെടുത്തോ, വെക്കേഷൻ ക്ലാസ്സുകൾ വഴി പരിശീലിപ്പിച്ചോ മലയാളത്തിന്റെ നിലവാരം ഉയർത്തണം. ചന്ദ്രിക, പ്രബോധനം, മററ് ആനുകാലിക പ്രസിദ്ധീകരണങ്ങൾ വഴി മാററങ്ങൾ ദൃശ്യമായിത്തുടങ്ങിയിട്ടുണ്ടെങ്കിലും വേണ്ടത്ര പുരോഗതി നേടാൻ കഴി ഞ്ഞെന്ന് പറയാൻ പ്രയാസമാണ്. മലയാളം സാഹിത്യവിശാരദ്, വിദ്വാൻ, ബി.എ, എം.എ തുടങ്ങിയ പരീക്ഷകൾക്കിരിക്കുവാൻ പ്രോത്സാഹനം നൽകുകയും വേണം. മലയാളഭാഷാ പരീക്ഷകൾക്ക് ചേരുന്നവരിൽ

മുസ്ലീംകൾ ഇന്നും ഒരു ശതമാനമായിട്ടില്ലെന്ന നഗ്നസത്യം വിസ്മരിക്കരുത്.

ലാളിത്യസുന്ദരമായ മലയാളഭാഷയിൽ സ്വാധീനത നേടുന്നതിന് ഗ്രന്ഥപാരായണം കൂടുതൽ പ്രയോജനപ്പെടും. ഇടക്കിടക്ക് സാഹിത്യസദസ്സുകൾ സംഘടിപ്പിച്ച് ഇസ്ലാമിക വിഷയങ്ങൾ നല്ല നിലയിൽ കൈകാര്യം ചെയ്യുന്നതും സഹായകരമായിരിക്കും. വളർന്നുവികസിച്ചുകൊണ്ടിരിക്കുന്ന മലയാളഭാഷയുടെ മഹത്തായ കഴിവുകൾ കണക്കിലെടുത്താൽ കൂടുതൽ കൂടുതൽ താല്പര്യം ജനിക്കാതിരിക്കയില്ല. മററു ഭാഷകളിലെ വിജ്ഞാനശാഖകൾ പലതും മലയാളത്തെ സമ്പന്നമാക്കിക്കൊണ്ടിരിക്കുകയാണ്. ശുഭാപ്തിവിശ്വാസം ഉളവാക്കുന്ന മാററങ്ങൾ സമുദായത്തിലുണ്ടായിക്കൊണ്ടിരിക്കുന്നുണ്ടെങ്കിലും ആ വഴിക്കുള്ള പ്രയാണത്തിനു ഇനിയും ഊക്കുകൂടാതെ തരമില്ല. 'ഖോജരാജാ'വിനെ വിളിച്ച് നല്ല മലയാളത്തെ ശപിച്ച പാതിരാപ്രചാരകരിൽനിന്ന് മുസ്ലീം സമുദായം കുറെയൊക്കെ വിമോചിക്കപ്പെട്ടിട്ടുണ്ട്. ഈ മാറിയ കാലഘട്ടത്തിൽ ''മനോഹരമായ നല്ല മലയാളഭാഷ കൈകാര്യം ചെയ്യാൻ അല്ലാഹു അനുഗ്രഹിക്കേണമേ'' എന്നായിരിക്കട്ടെ നമ്മുടെ പ്രാർത്ഥന.

# ദേശീയോത്ഗ്രഥനവും ന്യൂനപക്ഷങ്ങളും

സാമൂഹ്യജീവിതത്തിൽ നിർമ്മാണാത്മകമായ സമചിത്തത പടുത്തുയർത്തുവാൻ ദേശീയോത്ഗ്രഥനപരിപാടി നമ്മുടെ രാജ്യം സ്വീകരിക്കുകയാണല്ലോ. ദേശീയമായ കെട്ടുറപ്പിന് വികാരപരമായ ഐക്യം അനുപേക്ഷണീയമാണ്. രാജ്യപുരോഗതിക്ക് വൈജാത്യമുള്ള വർഗ്ഗങ്ങളുടെയും, ഘടകങ്ങളുടെയും ആന്തരികമായ ആശയസംയോജനം പലവിധത്തിലും സഹായകമാകും. വിഭിന്നങ്ങളായ സാമൂഹ്യപ്രവണതകൾ വെച്ചുപുലർത്തുന്ന ഭാരതത്തിൽ ദേശീയോത്ഗ്രഥനം വിജയപ്രദമായാൽ മനുഷ്യവർഗ്ഗത്തിനും ലോകസമുദായത്തിനും അതൊരു മാതൃകയായിത്തീരും. ജാതി, മതം, വർഗ്ഗം, ഭാഷ എന്നിവയെ സംബന്ധിച്ച ഭിന്നസ്വഭാവം വച്ചുപുലർത്തുന്ന ഒരു രാജ്യത്ത് ജനതയുടെ ഐക്യത്തിന്നുവേണ്ടിയുള്ള പ്രയത്നം എപ്പോഴും സ്വാഗതാർഹമാണ്. രാജ്യത്തിന്റെ ആഭ്യന്തരസമാധാനം നിലനില്ക്കുന്നതുതന്നെ അസംതൃപ്തജനവിഭാഗത്തോടുള്ള ഭരണകൂടത്തിന്റെ നീതിപൂർവ്വമായ സമീപനം കൊണ്ടാണ്. ഭൂരിപക്ഷ ന്യൂനപക്ഷ പ്രശ്നങ്ങൾ എപ്പോഴും ഏററവും വലിയ പ്രശ്നങ്ങളായി ഏതു രാജ്യത്തും അവശേഷിക്കുന്നു. രാഷ്ട്രീയവും, സാമ്പത്തികവുമായ ശക്തി കൈയിലുള്ള വിഭാഗം അവരുടെ ആധിപത്യം സ്ഥാപിക്കുവാൻ ഭരണയന്ത്രം തിരിക്കുമ്പോൾ അവിടെ അസംതൃപ്തവിഭാഗം പ്രശ്നമായി തലയുയർത്തുന്നു. ചരിത്രത്തിന്റെ കഴിഞ്ഞ കാലങ്ങളിൽ ഈ പ്രശ്നങ്ങളോട് ഏററുമുട്ടാതെ ഒരു രാജ്യത്തിനും ഭരണയന്ത്രം മുന്നോട്ടുനീക്കുവാൻ സാധിച്ചിട്ടില്ല. ഇന്ത്യയിൽ ഈ പ്രശ്നം വ്യാപകമായ നിലയിൽ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നു.

ദേശീയസംസ്ക്കാരത്തിന്റെ ഉറവിടങ്ങളായ പ്രാചീനരാഷ്ട്രങ്ങളിൽ മതപരമായ ന്യൂനപക്ഷങ്ങൾ അവരുടെ പ്രശ്നങ്ങളുമായി വർഗ്ഗസിദ്ധാന്തങ്ങളോട് ഏററുമുട്ടിയതായി കാണാം. വർഗ്ഗമേധാവിത്വം പുലർത്തിപ്പോന്ന ദേശീയരാഷ്ട്രങ്ങൾ നൂററാണ്ടുകളോളം നീറിപ്പിടിച്ച പല സംഭവങ്ങളും ഉൽഘാടനം ചെയ്തു. ഭൂരിപക്ഷത്തിന്റെ അധികാരങ്ങൾ തങ്ങൾക്കും അവ

കാശപ്പെട്ടതാണെന്നു വാദിക്കുകയും ന്യൂനപക്ഷസംരക്ഷണം മൌലികാവകാശമാണെന്നു സമർത്ഥിക്കുകയും ചെയ്യുമ്പോൾ പ്രശ്നങ്ങൾ അതിന്റെ വ്യക്തമായ രൂപത്തിൽ എത്തുന്നു. യൂറോപ്പിൽ 13–ാം നൂററാണ്ടുമുതൽ മതപരമായ ന്യൂനപക്ഷപ്രശ്നം പല കോളിളക്കങ്ങളും സൃഷ്ടിച്ചു. ദേശീയ ജീവിതത്തിൽ വ്യാവസായിക വിപ്ലവത്തിനു മുൻപുതന്നെ ഈ പ്രശ്നങ്ങൾ ജനതയിൽ സ്വാധീനം ചെലുത്തി. 1660–ൽ സ്വീഡനും പോളണ്ടുമായി നടന്ന 'ഒലിവ്' സന്ധിയിലും 1678–ൽ ഫ്രഞ്ച് ഉടമ്പടിയിലും മതപരമായ ന്യൂനപക്ഷത്തിന്റെ രാഷ്ട്രീയാവകാശങ്ങൾക്ക് നിബന്ധനകൾ ഉണ്ടാക്കിയിരുന്നു. പ്രഷ്യയിലും മററയൽ രാജ്യങ്ങളിലും ന്യൂനപക്ഷങ്ങളുടെ മതപരമായ വിശ്വാസങ്ങളേയും വികാരങ്ങളേയും മാനിച്ചിരുന്നു.

1798–ൽ ഫ്രഞ്ചുവിപ്ലവത്തെ തുടർന്നുണ്ടായ സംഭവവികാസങ്ങളിൽ രാഷ്ട്രീയ കാര്യങ്ങളിൽ മതന്യൂനപക്ഷങ്ങൾക്കു പങ്കുണ്ടായിരുന്നു. കത്തോലിക്കാമതം വിശുദ്ധറോമാസാമ്രാജ്യത്തിന്റെ രാഷ്ട്രീയസ്വഭാവത്തോടുകൂടിയ എല്ലാ ആജ്ഞകളും മദ്ധ്യകാലയൂറോപ്പിൽ സ്വീകരിച്ചിരുന്നു. പ്രജായത്തഭരണം സമൂഹത്തിന്റെ വികാരങ്ങളെ മാനിച്ചപ്പോൾ രാജ്യത്തിലെ ഭൂരിപക്ഷവിഭാഗത്തിനു അവരുടെ ശക്തി പ്രകടിപ്പിക്കുവാൻ ഒരവസരം ഉണ്ടാക്കിക്കൊടുത്തു. ഭൂരിപക്ഷത്തിന്റെ അഭിമതം അനുസരിച്ച് രാഷ്ട്രയന്ത്രം തിരിഞ്ഞുകൊണ്ടിരുന്നപ്പോൾ ന്യൂനപക്ഷം തങ്ങളുടെ വ്യക്തിത്വം വീണ്ടെടുക്കുവാൻ ശ്രമങ്ങൾ ആരംഭിച്ചു. ഇതിലൂടെ വളർന്ന അകൽച്ച വികാരപരമായ ഐക്യത്തിനു വിഘാതം ഉണ്ടാക്കിയിട്ടുണ്ട്. ഈ ഘട്ടങ്ങളിലെല്ലാം ദേശീയ ഐക്യത്തിനുവേണ്ടിയുള്ള അവിരാമമായ ശ്രമങ്ങൾ ഓരോ രാഷ്ട്രത്തിലും നടന്നിട്ടുണ്ട്. ഇന്ത്യയിൽ ഉൽഗ്രഥനപ്രധാനമായ തത്വവിചാരം പൂർവ്വകാലങ്ങളിലും ഉയർന്നിട്ടുണ്ട്. ഇപ്പോൾ മാറിയ പരിത:സ്ഥിതിയിൽ ദേശീയ ഐക്യം ഒരു രാഷ്ട്രപ്രമാണമായി അംഗീകരിക്കാൻ നിർബന്ധിതരായിരിക്കുകയാണ്. വിദ്യാഭ്യാസവും ഉണർവും ന്യൂനപക്ഷങ്ങളെ സ്വന്തം പാരമ്പര്യത്തിലും വിശ്വാസത്തിലും മതിപ്പുള്ളവരാക്കിത്തീർക്കുന്നതുകൊണ്ട് മററുള്ളവർ നിൽക്കുന്ന താവളങ്ങളിൽ നിൽപ്പുറപ്പിക്കുവാൻ അവരും വ്യഗ്രത കാണിക്കുകയാണ്. മതപരവും സാമ്പത്തികവുമായ പിന്നോക്കവിഭാഗങ്ങളുടെ യഥാർത്ഥ നില ഗ്രഹിക്കാതെയും, അവ

രുടെ വികാരങ്ങൾക്കു വിലയിരുത്താതെയും ദേശീയോൽഗ്രഥനം വിജയ പ്രദമാകുമോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു.

ഒന്നും രണ്ടും ലോകമഹായുദ്ധങ്ങളെ പിന്നിട്ട യൂറോപ്യൻരാജ്യങ്ങൾ ന്യൂനപക്ഷപ്രശ്നങ്ങളെ എതിരിടാൻ വളരെയേറെ ത്യാഗങ്ങൾ സഹിക്കേണ്ടിവന്നു. ഹംഗറിയിലെയും, ജർമ്മനിയിലെയും ന്യൂനപക്ഷങ്ങൾ കൊളുത്തിവിട്ട കലാപങ്ങൾ സ്വയംനിർണ്ണയാവകാശപ്രസ്ഥാനങ്ങൾക്ക് പരോക്ഷമായ പിൻതുണ നല്കി. രാജഭരണം ചില രാജ്യങ്ങളിൽ തലകീഴായി മറിഞ്ഞു. ഈ ഘട്ടങ്ങളിലൊന്നും ദേശീയസംയോജനം ഫലപ്രദമായില്ല. ആഫ്രിക്ക മുതലായ രാജ്യങ്ങളിൽ സാമ്രാജ്യപിൻതുണയുള്ള ന്യൂനപക്ഷങ്ങൾ ഭൂരിപക്ഷത്തെ അടക്കിഭരിച്ചു. ബുദ്ധിയിലും സമ്പത്തിലും മുൻനിലയിൽ നില്ക്കുന്ന ന്യൂനപക്ഷങ്ങൾ പല രാജ്യങ്ങളിലും അവരുടെ മേധാവിത്വം ഇന്നും പുലർത്തിപ്പോരുന്നുണ്ട്. അവിടെയെല്ലാം പിന്നോക്കമായ ഭൂരിപക്ഷങ്ങൾ ഉണർന്നുവരുന്നതോടെ പ്രശ്നങ്ങൾ അഗ്നിപർവ്വതത്തിന്റെ രൂപത്തിൽ അപകടസന്ധിയിലേക്ക് രാജ്യത്തെ തള്ളിനീക്കുകയും ചെയ്യുന്നു. അസംതൃപ്തയൂറോപ്പിന്റെയും ഏഷ്യയിലെ മദ്ധ്യപൗരസ്ത്യരാജ്യങ്ങളുടെയും യുദ്ധാനന്തരചരിത്രം പ്രസ്തുതപ്രശ്നങ്ങൾ ഉൾക്കൊള്ളുന്നതാണ്. ന്യൂനപക്ഷപ്രശ്നത്തെ സമചിത്തതയോടെ, സമീപിച്ച ആദ്യത്തെ സർവ്വരാഷ്ട്രസംഘം ഒരു ന്യൂനപക്ഷക്കമ്മററിയെത്തന്നെ ഏർപ്പെടുത്തി. പക്ഷേ, ലോകസംഘടനയിൽ സ്വാധീനനമുള്ള ബ്രിട്ടൺ, ഫ്രാൻസ്, ജർമ്മനി എന്നീ രാഷ്ട്രങ്ങൾ കരാറുകൾ മാനിക്കുവാൻ തയ്യാറായില്ല. സ്ലാവിയൻ രാജ്യങ്ങളിൽ സംഘടിത വിപ്ലവം തന്നെ പൊട്ടിപ്പുറപ്പെട്ടു. ടർക്കിയും ഗ്രീസും ജനസംഖ്യയെ കൈമാററം ചെയ്തുകൊണ്ട് ന്യൂനപക്ഷപ്രശ്നങ്ങൾക്ക് ആദ്യം പരിഹാരം കാണിച്ച രാജ്യങ്ങളാണ്. രണ്ടാം ലോകമഹായുദ്ധത്തോടുകൂടി ന്യൂനപക്ഷപ്രശ്നം ഒരു വൻശക്തിക്കും അഭിമുഖീകരിക്കുവാൻ സാധിക്കാത്ത നിലയിലേക്കു വളർന്നു. ലോകത്തിലെ വർഗ്ഗീയ ന്യൂനപക്ഷമായ യഹൂദർ അനുഭവിച്ച ദുരിതങ്ങൾ വിസ്മരിക്കപ്പെടാവുന്നതല്ല. ഈയിടെ ഇസ്രായേലിൽവച്ചു വധിക്കപ്പെട്ട ഐക്മാനും ജർമ്മൻകാരും യൂറോപ്പിൽ ഉണ്ടായിരുന്ന 95 ലക്ഷം യഹൂദരിൽ 50 ലക്ഷം പേരെ കൊന്നുകളഞ്ഞു. ഒന്നരക്കോടിയുള്ള യഹൂദർ

യുദ്ധം കഴിഞ്ഞപ്പോൾ ലോകത്തിൽ ഒരു കോടിയിൽ താഴെയായി. വർഗ്ഗീയന്യൂനപക്ഷമായ യഹൂദർക്ക് അവരുടെ ത്യാഗത്തിന്ന് പ്രതിഫലം എന്നവണ്ണം മുസ്ലീംരാജ്യങ്ങളുടെ മദ്ധ്യത്തിൽ 1948–ൽ ഇസ്രായേൽ രാഷ്ട്രം സ്ഥാപിക്കുവാൻ സാധിച്ചു. മദ്ധ്യപൗരസ്ത്യരാഷ്ട്രങ്ങളിൽ ഈ വർഗ്ഗീയന്യൂനപക്ഷം കലാപങ്ങളുടെ ചൂണ്ടുപലകയായി ഇന്നവശേഷിച്ചിരിക്കുന്നു. സർവ്വരാഷ്ട്രസംഘടനയുടെ കീഴിലുള്ള മനുഷ്യാവകാശക്കമ്മീഷൻ ന്യൂനപക്ഷങ്ങളുടെ സംരക്ഷണത്തിനും ലാഘവബുദ്ധിയോടെ പ്രശ്നങ്ങളെ സമീപിക്കാറുണ്ട്. പല ഘട്ടങ്ങളിലും ഈ കമ്മീഷൻ പാലസ്റ്റൈൻ, അൽബേനിയ, ബൾഗേറിയ, യുഗോസ്ലാവിയ, ആഫ്രിക്ക, മുതലായ രാജ്യങ്ങളിൽ എടുത്ത നയം അത്ര സുഖപ്രദമായിരുന്നില്ല. ആഫ്രിക്കയിലെ 3 ലക്ഷം ഇന്ത്യാക്കാരുടെ പ്രശ്നം ഇന്ത്യ ഉന്നയിച്ചപ്പോൾ മനുഷ്യാവകാശക്കമ്മീഷനു അതിൽ കാര്യമായി ഒന്നും തന്നെ ചെയ്യുവാൻ കഴിഞ്ഞില്ല.

അറബിരാജ്യങ്ങളിലെ ദേശീയന്യൂനപക്ഷങ്ങൾ ഈ പ്രശ്നത്തിനു തക്കതായ പ്രതിഫലം കാണാതെ ഇന്നും ഉഴറുകയാണ്. ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ വിഭജനം ഇന്നും അന്തർദേശീയ പ്രശ്നമായി അനാരോഗ്യകരമായ ചലനങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്, ന്യൂനപക്ഷപ്രശ്നത്തിന്റെ പ്രത്യയശാസ്ത്രപരമായ നിലപാടും, മാനസികഭാവങ്ങളും, ദേശീയസംയോജനത്തിന്റെ കെട്ടുറപ്പിനനുസൃതമായി അപഗ്രഥനം ചെയ്യാൻ ഇന്നും സാധിച്ചിട്ടില്ല. ഗ്രൂപ്പുകൾ തിരിഞ്ഞുള്ള വടംവലികളും, വർഗ്ഗം, മതം, സംസ്ക്കാരം എന്നിവയെ ചൊല്ലിയുള്ള വാദങ്ങളും, ഭരണഘടന ആശ്വാസമായും ഉറപ്പുകൾ നൽകിയിട്ടുണ്ടെങ്കിലും ഇന്നും വിഷമാവസ്ഥയിൽതന്നെ നിൽക്കുകയാണ്. ഇന്ത്യയിൽ ഭാഷാസംസ്ഥാനങ്ങളുടെ ഉത്ഭവത്തോടുകൂടി ഭാഷാന്യൂനപക്ഷങ്ങൾ ഇന്നും അവശേഷിച്ചിട്ടുണ്ട്. പ്രാദേശികഭാഷകളുടെ പുരോഗതിയിൽ വിരലൂന്നി നില്ക്കുന്നവർ ലോകഭാഷകളെ നിരുത്സാഹപ്പെടുത്തുവാൻ ശ്രമിക്കുന്നുണ്ട്. സാംസ്ക്കാരികരംഗത്തെ സംഘർഷം ദേശീയോൽഗ്രഥനത്തിന് പ്രതിബന്ധം ഉണ്ടാക്കുന്നുണ്ട്. ഭൂരിപക്ഷത്തിന്റെ ഭാഷയും, സംസ്ക്കാരവും ദേശീയ സംസ്ക്കാരമാണെന്ന് സമർത്ഥിക്കുവാൻ വെമ്പൽകൊള്ളുമ്പോൾ ന്യൂനപക്ഷങ്ങൾ അവ

രുടെ പ്രത്യേക സംസ്ക്കാരസവിശേഷതകൾ വേണ്ടത്ര മാനിക്കപ്പെടു ന്നില്ലാ എന്ന് സംശയിക്കുന്നു. സാംസ്ക്കാരിക പ്രശ്നങ്ങൾ ഭൂരി പക്ഷവീക്ഷണത്തിലൂടെ ഒരു നയവും; നിയമവുമായി നടപ്പാക്കിയ രാഷ്ട്ര ങ്ങളിലെല്ലാം സാമൂഹ്യ നിമ്നോന്നത വടുകെട്ടി നിൽക്കുന്നതായി കാണാം. എല്ലാ വിഭാഗങ്ങളുടെയും സംസ്ക്കാരമുദ്രകൾക്ക് പ്രാതിനിദ്ധ്യവും, പ്രാമു ഖ്യവും നൽകുന്നതിൽ വൈമുഖ്യം കാണിച്ചാൽ സമുന്നതമായ ദേശീ യോൽഗ്രഥനം സാധിതപ്രായമാകുവാൻ പ്രയാസമാകും. വൈവിദ്ധ്യമുള്ള ജനതയുടെ വികാരങ്ങളും, വിചാരങ്ങളുമാണ് ഇന്ത്യയുടെ ആത്മാവിനെ ത്രസിപ്പിക്കുന്നത്. ഭാഷാസംബന്ധിയായ അതിർത്തി അതിലംഘിച്ചു വളർത്തിക്കൊണ്ടുവരേണ്ടതാണ് ദേശീയ സംസ്ക്കാരം എന്നു പറയുന്നത്. ഇന്ത്യയിലെ ദക്ഷിണോത്തര വ്യത്യാസങ്ങൾ ഉൽഗ്രഥനത്തിലേക്കുള്ള പ്രയാണത്തിന് വിഘാതകൾ സൃഷ്ടിക്കുന്നുണ്ട്. ആര്യദ്രാവിഡസംവാദ ങ്ങൾ പ്രാചീനകാലങ്ങളിൽ നിർമ്മിച്ച മതിൽക്കെട്ടുകൾ ഇന്നും തകരാതെ നിൽക്കുന്നതായി കാണാം. മദ്ധ്യകാലഘട്ടത്തിനുശേഷം പ്രതാപത്തിലേ യ്ക്കുയർന്ന ദക്ഷിണേന്ത്യൻ ഭരണകൂടങ്ങൾ പ്രസ്തുത വ്യത്യാസങ്ങൾ പരോക്ഷമായി വളർത്തുകയാണ് ചെയ്തിട്ടുള്ളത്. ഇന്നുയർന്നുകേൾക്കുന്ന ദ്രാവിഡവാദങ്ങൾ അതിലൂടെ വളർന്നതാണ്. ദേശീയ സംയോജനം അനു പേക്ഷണീയമായി തോന്നിയിട്ടുള്ള ഈ കാലത്ത് അവഗണനമനോഭാവ ത്തിനുപകരം അർഹമായത് അംഗീകരിച്ച് സാസ്ക്കാരികരംഗത്ത് നല്ല വഴക്കം സൃഷ്ടിക്കുവാനാണ് ശ്രമിക്കേണ്ടത്.

കേരളം തന്നെ ദേശീയോൽഗ്രഥനപ്രമാണത്തിനു മാനസികമായി ഒരു തുറന്ന അംഗീകരണം നൽകേണ്ടതാണ്. ഒരുകോടി അറുപത്തെട്ടു ലക്ഷം വരുന്ന കേരളത്തിലെ ജനസംഖ്യയിൽ 80 ശതമാനത്തിന്റെയും വികാരവിചാരങ്ങൾ കണക്കിലെടുത്താൽ പല ഏററക്കുറച്ചിലുകളും കാണാവുന്നതാണ്. ജനസംഖ്യാനുപാതികമായി നോക്കിയാൽ കേരള ത്തിൽ പ്രബലന്യൂനപക്ഷമായി പരിഗണിക്കപ്പെടേണ്ടത് നാൽപത്തൊന്നു ലക്ഷം വരുന്ന ഈഴവരും 39 ലക്ഷമുള്ള ക്രൈസ്തവരും 35 ലക്ഷമുള്ള മുസ്ലീമുകളുമാണ്. ഒരു കോടിയിലധികമുള്ള 20 ലക്ഷത്തോളം വരുന്ന അധ:കൃത ഗിരിവർഗ്ഗവും മററു പലവിഭാഗങ്ങളും ഈ രാജ്യത്തെ നിർണ്ണാ

യക ദേശീയന്യൂനപക്ഷങ്ങളാണ് മതന്യൂനപക്ഷം എന്ന് പരിഗണിക്കപ്പെടുമ്പോൾ ക്രൈസ്തവരെയും മുസ്ലീമുകളെയും നീക്കിനിർത്തുവാൻ സാധിക്കാത്തവിധം സ്വാധീനശക്തിയുള്ളവരാണ്. ഇവരുടെ സവിശേഷമായ സാംസ്ക്കാരിക സംവിധാനക്രമങ്ങൾ ദേശീയതാൽപര്യങ്ങളുമായി ഇണങ്ങിചേർന്നു പോകുന്നുണ്ട്. പക്ഷേ, മതവിഭാഗങ്ങളുടെ മനോവികാരങ്ങളെ മാനിക്കുന്ന വിധത്തിൽ ദേശീയോൽഗ്രഥനപ്രസ്ഥാനം കേരളത്തിന്റെ പ്രത്യേക പരിത:സ്ഥിതിയിൽ പ്രാവർത്തികമാവണം. ന്യൂനപക്ഷപ്രശ്നങ്ങൾ മൂർച്ചയുള്ള മുനകളായി എന്നും പൊതുപ്രശ്നത്തിൽ ഉന്തിനിൽക്കുകയാണെങ്കിൽ ദേശീയഐക്യം എന്നതിനു പ്രതീക്ഷിക്കുന്നത്ര ഭദ്രത ഉണ്ടാകുമോ എന്നാലോചിക്കേണ്ടതാണ്. ന്യൂനപക്ഷങ്ങളുടെ സാമുദായിക അവശതകളും, സാമ്പത്തിക പിന്നോക്കനിലയും, ഭരണമണ്ഡലങ്ങളിലെ എണ്ണക്കുറവും, സാസ്ക്കാരിക രംഗത്തെ ചേരിമാറിനിറുത്തലും എന്നും തുടർന്നുപോകുകയാണെങ്കിൽ ശാശ്വതമായ ദേശീയോൽഗ്രഥനം എങ്ങനെ സാദ്ധ്യമാകും? എല്ലാവർക്കും വളരുവാനും വികസിക്കുവാനുമുള്ള സാമൂഹ്യനീതി പുലർന്നുവരുന്ന ഈ ഘട്ടത്തിൽ പിന്നണിവിഭാഗങ്ങളെ ആ രംഗത്തേക്കു കൈകൊടുത്തുനിറുത്തേണ്ടത് പരിരക്ഷ ലഭിച്ചിട്ടുള്ള ഉപരിതലസമുദായങ്ങളുടെ കർത്തവ്യമാണ്. കേരളം ദേശീയോൽഗ്രഥനത്തെ സംബന്ധിച്ചിടത്തോളം ശബ്ദസമരം സൃഷ്ടിക്കുന്ന ഒരു സ്റ്റേററ് അല്ല. ഉൽഗ്രഥനാദർശങ്ങൾ ഉൾക്കൊള്ളുവാൻ ഇവിടത്തെ ജനത ഉയർന്നുകഴിഞ്ഞിട്ടുണ്ട്, അതനുസരിച്ച് ദേശീയമായ സംയോജനപ്രവർത്തനങ്ങൾ നീങ്ങണമെന്നേയുള്ളു. വിശ്വാസമൂല്യങ്ങളിൽ വ്യത്യസ്തത പാലിക്കുന്നവരാണ് കേരളത്തിലെ മതവിഭാഗങ്ങൾ എങ്കിലും സാസ്ക്കാരികരംഗത്ത് സമ്മിശ്രമായ സംഭാവനകൾ നൽകുവാൻ അവർക്കു കഴിഞ്ഞിട്ടുണ്ട്. ആ സംഭാവനകൾ അംഗീകരിക്കപ്പെടേണ്ട യാഥാർത്ഥ്യകമാണെന്ന് ജനപ്രാതിനിധ്യമണ്ഡലങ്ങളിൽ വ്യക്തമാകുകയും അതനുസരിച്ച് സമ്പർക്കം ഉണ്ടായിത്തീരുകയും വേണം. ദേശീയോൽഗ്രഥനം സമ്പൂർണ്ണമായ വിജയമായിക്കാണാൻ ആഗ്രഹിച്ചു. ഏതൊരു പൗരനും ന്യൂനപക്ഷവികാരങ്ങളെയും അപഗ്രഥനാത്മകമായ സങ്കീർണ്ണപ്രശ്നങ്ങളെയും പററി അവധാനപൂർവ്വം പഠിക്കണം. ആ പഠന

ത്തിലൂടെ വളർന്നുവരുന്ന വിശാലവീക്ഷണത്തിനും, ഉയർന്ന ചിന്തയ്ക്കും മാത്രമേ എല്ലാ രംഗങ്ങളിലും ദേശീയ ഐക്യം അതർഹിക്കുന്ന അർത്ഥ ത്തിൽ വ്യാപിപ്പിക്കുവാൻ കഴിയുകയുള്ളു.

# ആസാദിന്റെ കത്ത്

യശശ്ശരീരനായ മൌലാന അബ്ദുൽ കലാം ആസാദിനെ സുപ്രസിദ്ധമായ 1942 ലെ സ്വാതന്ത്ര്യസമരത്തിൽ അറസ്റ്റു ചെയ്ത് ജയിലിലാക്കിയ ഘട്ടത്തിൽ തന്റെ കുടുംബജീവിതത്തിലേക്ക് വെളിച്ചം പകരുന്ന ഏതാനും കത്തുകൾ ഉത്തമസുഹൃത്തും പ്രശസ്ത ഉറുദു സാഹിത്യകാരനുമായ മൌലാന ഹബിബുർ റഹിമാൻ ഖാൻഷെർവാനിക്ക് അയയ്ക്കുകയുണ്ടായി. ജീവിതത്തിൽനിന്ന് വലിച്ചുചീന്തിയ ശോകപര്യവസാനിയായ ഒരു സംഭവത്തിന്റെ യഥാർത്ഥ ചരിത്രം ഈ കത്തിൽ കാണാം. ധർമ്മപത്നിയുടെ നിര്യാണം മഹാനായ മൌലാന ആസാദിന്റെ മനസ്സിനെ എങ്ങനെ ബാധിക്കുന്നുവെന്ന് ഈ കത്ത് വെളിപ്പെടുത്തുന്നു. ഉറുദുവിൽ 'ഗുബാരെഖാത്തിർ' എന്ന പേരിൽ ഈ കത്തുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രൊ: യൂസഫി മെഹറാലി ആസാദിന്റെ ജീവിതത്തിലെ വികാരം കൊള്ളിക്കുന്ന പ്രസ്തുത കത്ത് ഇംഗ്ലീഷിലേക്ക് തർജ്ജിമ ചെയ്തു. അതിൽ ഒരു ഭാഗമാണിത്.

(ലേഖകൻ)

അഹമ്മദ് നാഗർകോട്ട

11–4–1943

ബഹുമാന്യസുഹൃത്തെ,

ഇപ്പോൾ സമയം പ്രഭാതമായിട്ടില്ല. നിദ്രാദേവിയുടെ ക്ഷണം പ്രതീക്ഷിച്ചിരിക്കുകയാണ്. നിദ്രയുടെ ആഗമനം വരേയും താങ്കളുമായി സംസാരിച്ചു മനസ്സിന്റെ വിഷമതകൾ ലഘൂകരിക്കാൻ ശ്രമിക്കട്ടെ. ഇവിടുത്തെ എട്ടുമാസത്തെ താമസത്തിനിടയിൽ പലപ്പോഴും നിദ്ര എന്നെ പുണരാതെ കടന്നുപോയിട്ടുണ്ട്. ഇനിയെത്ര രാത്രികൾ കടന്നുപോകുമെന്നാർക്കറിയാം.

എന്റെ സഹധർമ്മിണിയുടെ ആരോഗ്യനില മോശമായിട്ട് നാളുകൾ കുറച്ചായി. 1941–ൽ നയിനിററാൾ ജയിലിൽ ഞാൻ കിടക്കുമ്പോൾ അവൾ

സ്വന്തം സ്വസ്ഥത എന്നെ അറിയിച്ചില്ല. ഞാൻ വിഷമിക്കാതിരിക്കാനാണ് അവൾ അങ്ങിനെ ചെയ്തത്. എന്റെ ജയിൽവാസകാലമത്രയും അവൾ രോഗശയ്യയിലായിരുന്നുവെന്ന് ഞാൻ പുറത്തുവന്നപ്പോഴാണ് അറിയുന്നത്. ജയിലിൽ വിശേഷവിവരങ്ങൾ എഴുതിയ എഴുത്തുകൾ വരാറുണ്ടെങ്കിലും അവളുടെ രോഗത്തെപ്പററി ഒന്നും സൂചിപ്പിച്ചിരുന്നില്ല.

ജയിൽ വിമുക്തനായശേഷം ഡോക്ടറെക്കൊണ്ട് ഞാനവളെ പരിശോധിപ്പിച്ചു. സ്ഥലം മാറിത്താമസിച്ചാൽ ഭേദമാകുമെന്നായിരുന്നു അഭിപ്രായം. അതനുസരിച്ച് റാഞ്ചിയിലേക്ക് താമസം മാററി. കുറച്ചു നാളത്തെ താമസത്തിന്നുശേഷം തിരിച്ചുവന്നപ്പോൾ ആരോഗ്യത്തിന്റെ ചിഹ്നമായ ഒരു പ്രസന്നത അവളുടെ മുഖത്ത് കളിയാടിയിരുന്നു. ആ ഘട്ടങ്ങളിൽ ഞാൻ സഞ്ചാരത്തിൽ വ്യാപൃതനായിരുന്നു. തിരക്കിട്ട പരിപാടികൾ വിശ്രമിക്കാനവസരം നൽകിയിരുന്നില്ല. ഒരു പ്രവർത്തനം സമാപ്തീകരിക്കുമ്പോൾ മറെറാന്നിലേക്ക് പ്രവേശിക്കേണ്ടിയിരിക്കുന്നു. ‘ആയിരക്കണക്കിനു മണൽക്കാടുകൾ താണ്ടി പിന്നിടുമ്പോൾ മററു ചിലതുകൂടി മുമ്പിൽ പ്രത്യക്ഷപ്പെടുകയായി’ എന്ന പേഴ്സ്യൻ മഹത് വചനം പോലെ യാത്ര തുടർന്നുകൊണ്ടിരുന്നു. മൂന്നാഴ്ചക്കാലത്തെ യാത്ര തീർത്ത് ഞാൻ കൽക്കത്തയിലെത്തി. നാലുദിവസം കൽക്കത്തയിൽ വിശ്രമിച്ചശേഷം കോൺഗ്രസ്സുകമ്മററിയിൽ ഭാഗഭാക്കാവാൻ ബോമ്പെക്കു പോയി. ആ ഘട്ടത്തിൽ എന്നെ പിടിച്ചു കുലുക്കുന്ന കൊടുങ്കാററുയർന്നിരുന്നില്ല. എങ്കിലും അതിന്റെ ഭീകരഭാവം ദൃശ്യമായിത്തുടങ്ങി. ഗവർമ്മേണ്ടിന്റെ പുതിയ നയത്തെപ്പററി ചില കിംവദന്തികളും പ്രചരിച്ചിരുന്നു. കോൺഗ്രസ്സിന്റെ പ്രവർത്തകകമ്മററി കഴിഞ്ഞയുടൻ എല്ലാ കമ്മററിയംഗങ്ങളേയും അറസ്ററു ചെയ്തു അജ്ഞാത സ്ഥലത്തേക്കു നാടുകടത്തുമെന്നുകൂടി വാർത്ത പ്രചരിച്ചു. അറസ്റ്റിനു ശേഷം പത്രവാർത്തകൾ അത് സ്ഥിതീകരിക്കുകയും ചെയ്തല്ലോ. അറസ്റ്റു ചെയ്തവരെ കിഴക്കേ ആഫ്രിക്കയിലേക്ക് നാടുകടത്തണമെന്നായിരുന്നു വൈസ്രോയിയുടെയും സ്റ്റെയിററു സെക്രട്ടറിയുടെയും ആഗ്രഹം. ഈ ആഗ്രഹം അഹ്മ്മദുനഗർ കോട്ടയിലേക്കു മാററി ഞങ്ങളിൽ കൂടുതൽ സമ്മർദ്ദം ചെലുത്തിയ കാര്യം ശരിയാക്കേണമെന്ന നിലയിലെത്തിച്ചു.

യുദ്ധത്തിന്റേതായ ചില പ്രത്യേകാധികാരങ്ങൾ ശരിക്കുപയോഗിപ്പാൻ ഇന്ത്യാഗവർമ്മേണ്ടിന് അനുമതി ലഭിച്ചിട്ടുണ്ടെന്നും അതു നടപ്പാക്കാൻ ദൃഢനിശ്ചയം ചെയ്തുകഴിഞ്ഞെന്നും പ്രസ്താവിച്ചിരുന്നു. ഈ പ്രശ്നങ്ങൾ കേൾക്കുമ്പോഴെല്ലാം എന്നെക്കാൾ കൂടുതൽ സുലേഖ (പത്നി) ഈ കാര്യത്തിൽ ശ്രദ്ധ പതിച്ചിരുന്നു. ഗൌരവാവസ്ഥയെപ്പററി ബോധമുണ്ടായിട്ടും കൽക്കത്താ താമസത്തിനിടയ്ക്ക് ഞങ്ങൾക്കന്യോന്യം സാവകാശം സംസാരിക്കാൻതന്നെ സമയം കിട്ടിയില്ല. എന്റെ പ്രവർത്തനക്ഷമതയ്ക്ക് കോട്ടം വരുന്നതൊന്നും ചെയ്യാൻ പാടില്ലെന്നവൾക്കറിയാമായിരുന്നു. നേരിട്ട് സംഭാഷണം നടത്താൻ സമയം ലഭിച്ചില്ലെങ്കിലും ഞങ്ങളുടെ മൌനഭാവം സംഭാഷണത്തിന്റേതുപോലെയായിരുന്നു. ഞങ്ങൾ ഹൃദയങ്ങൾ തമ്മിൽ ആശയപ്രകടനം നടത്തിയത് മൗനത്തിലൂടെയാണ്. ആഗസ്റ്റ് 3–ാം നു ഞാൻ ബോമ്പക്കു യാത്രയായപ്പോൾ പതിവുപോലെ എന്നെ യാത്രയയ്ക്കാൻ അവൾ പടിക്കൽവരെ വന്നു. പുതിയ സംഭവവികാസങ്ങളുണ്ടായില്ലെങ്കിൽ 13–ാം നു– ഞാൻ തിരിച്ചെത്തുമെന്ന് അവളോട് പറഞ്ഞു. 'ഖുദാഹാഫീസ്' (ദൈവം നിങ്ങളെ രക്ഷിക്കട്ടെ) എന്നു പറഞ്ഞവൾ എന്നെ യാത്രയാക്കി. മറെറാന്നും പറയാൻ അവൾ അശക്തയായിരുന്നു. ആ ഘട്ടത്തിൽ അസ്വസ്തത അവളുടെ മുഖത്ത് നിഴലിച്ചിരുന്നു.

കാൽനൂററാണ്ടായി എപ്പോഴും സഞ്ചരിച്ചുകൊണ്ടിരിക്കുന്ന എനിക്ക് സർക്കാരിന്റെ ആതിഥ്യം പലപ്പോഴും സ്വീകരിക്കേണ്ടിവന്നിട്ടുണ്ട്. അപ്പോഴൊന്നും അവളെ ദു:ഖാകുലയായി കണ്ടിട്ടില്ല. അനാരോഗ്യം കൊണ്ടുള്ള വികാരവിഷമതകളായിരിക്കാം അവളെ ചിന്താകുലയാക്കിയതെന്ന് ഞാൻ വിചാരിച്ചു. എന്നാൽ അക്കാര്യം ഈ ഘട്ടത്തിൽ പുന:പരിശോധന ചെയ്യുമ്പോൾ സംഭവങ്ങളെപ്പററിയുള്ള ആന്തരികമായ ബോധം അവൾക്കുണ്ടായിരുന്നെന്നും തന്റെ ജീവിതത്തിലെ അവസാനത്തെ സന്ദർശനമാണെന്ന് അവൾ ധരിച്ചിരുന്നുവെന്നും എനിക്ക് തോന്നുന്നു. യാത്ര പോകുന്ന എന്നോടു വിട ചോദിക്കാൻ വന്നതായിരുന്നു പടിവാതിൽക്കലെന്ന് എനിക്കിപ്പോൾ മനസ്സിലായി. എന്റെ പ്രവർത്തനങ്ങളുടെ വിഷമതകളും എന്റെ ദൌർബല്യങ്ങളും മനസ്സിലാക്കിയ സുലേഖ എന്നെ അസ്വസ്ഥനാക്കിയിരുന്നില്ല. അങ്ങനെ വല്ലതും സംഭവിപ്പാൻ കുറെനാളത്തേക്ക് ഞങ്ങളുടെ

ജീവിതത്തിൽ കടുത്ത അനുഭവങ്ങൾ നാമ്പെടുത്ത് നിൽക്കുമെന്ന് അവൾക്കറിയാമായിരുന്നു. 1916–ൽ എന്നെ ആദ്യം ബന്ധനസ്ഥനാക്കിയപ്പോൾ അവൾക്ക് സ്വന്തം മനസ്സിനെ നിയന്ത്രിക്കാൻ സാധിച്ചിരുന്നില്ല. ആത്മബലമില്ലാത്തവളെന്ന് പറഞ്ഞു ഞാനവളോട് കുറെനാൾ അസുഖമായി പെരുമാറി. എന്റെ നിലപാട് ഗ്രഹിച്ചതോടെ കുറെക്കഴിഞ്ഞപ്പോൾ അവൾക്ക് പാകത വന്നു. എന്റെ മുള്ളുകൾ നിറഞ്ഞ ജീവിതത്തിലവൾ ക്രമേണ ഇണങ്ങിച്ചേർന്നു. എന്തു ത്യാഗവും ആത്മധൈര്യത്തോടെ സഹിക്കാൻ അവൾ തയ്യാറാവുകയും ചെയ്തു. എന്റെ ആദർശങ്ങളിൽ അവൾ ഒട്ടിപ്പിടിക്കുകയും എന്റെ ചിന്തകൾക്കും പ്രവർത്തനങ്ങൾക്കും ഒരാത്മസുഹൃത്തിന്റെ നിലയിൽ അവൾ സഹായം നൽകുകയും ചെയ്തു. ഇങ്ങനെ ഞങ്ങളൊന്നായതുകൊണ്ടാണ് അവസാനകാലത്ത് ദു:ഖം നിയന്ത്രിക്കാൻ അവൾക്ക് സാധിച്ചത്.

ജയിലിലായ ഞങ്ങൾക്ക് ബാഹ്യലോകവുമായുള്ള എഴുത്തുബന്ധങ്ങൾ നിരോധിക്കപ്പെട്ടു. ഈ നിരോധനം നീക്കിയപ്പോൾ സുലേഖയുടെ ആദ്യത്തെ കത്ത് എനിക്കു സെപ്തംബർ 17–ാംനു– കിട്ടി. തുടർന്നുള്ള കത്തുകളിലൊന്നും ദേഹസ്ഥിതിയെപ്പററി ഒരു വിവരവുമില്ല. ഞാൻ ബന്ധുക്കൾക്ക് എഴുതി ചോദിച്ചു. പുറത്തുനിന്ന് കത്തുകൾ ജയിലിലെത്താൻ രണ്ടാഴ്ചകൾ പിടിക്കാറുണ്ട്. ഫെബ്രുവരി ആദ്യത്തിലയച്ച ഒരെഴുത്തിൽ ‘ദേഹത്തിന് നല്ല സുഖമില്ലെ’ന്ന് മാത്രം ഒരു വാക്കുണ്ടായിരുന്നു. അസ്വസ്ഥനായ ഞാൻ കമ്പിയടിച്ചു. ഒരാഴ്ച കഴിഞ്ഞപ്പോൾ ഉൽക്കണ്ഠയ്ക്കവകാശമില്ലെന്ന് ഒരു മറുപടിയും വന്നു.

സുലേഖയുടെ ദേഹസ്ഥിതിയെപ്പററി മാർച്ച് 23–ാംനു–യാണ് ആദ്യമായി വിവരം ലഭിച്ചത്. ഈ സംഭവത്തെപ്പററി ഒരു കമ്പി കൽക്കത്തയിൽ വന്നിട്ടുണ്ടെന്ന് ബോമ്പെ ഗവർമ്മെണ്ട് ജയിൽ സൂപ്രണ്ടിനു വിവരം നൽകി. എപ്പോൾ വന്നെന്ന വിവരമൊന്നും അവർ എന്നെ അറിയിച്ചില്ല. ഞങ്ങളെ താമസിപ്പിച്ചിരിക്കുന്നത് ബഹുജനങ്ങൾക്ക് അജ്ഞാതമാണെന്ന് സർക്കാർ വിശ്വസിച്ചിരുന്നു. അതുകൊണ്ട് കമ്പി ഗതാഗതം തടയപ്പെട്ടിരുന്നു. കമ്പി വഴി വിവരം അറിയിക്കാൻ വിഷമവുമായി. കമ്പി വഴി അയ

യ്ക്കാനുള്ള വിവരം കത്തു രൂപത്തിലെഴുതി ജയിൽ സൂപ്രണ്ടിനെയേൽപ്പിക്കുക–അദ്ദേഹമത് ബോമ്പെയ്ക്കയയ്ക്കും. സൂക്ഷ്മമായ പരിശോധന കഴിഞ്ഞു നിർദ്ദിഷ്ടകേന്ദ്രത്തിലേക്ക് വിടും. എഴുത്തുകളാണെങ്കിൽ ചിലതു ബോമ്പെയിൽ മാത്രം പരിശോധിച്ചാൽ മതിയാകും. പക്ഷെ എന്റെയും ഏതാനും സഹപ്രവർത്തകരുടേയും എഴുത്തുകൾ ബോംബെയിൽനിന്നും, ഡൽഹിയിൽ പോകണം.കമ്പികൾ ഒരാഴ്ച കറങ്ങിയാണു എത്താറ്. മാർച്ച് 23–ാംനു– എനിക്കു കിട്ടിയ ഒരു കമ്പി മിലിട്ടറികോഡിൽ എഴുതപ്പെട്ടതായിരുന്നു. സൂപ്രണ്ടിന്ന് അതു മനസ്സിലാകാഞ്ഞതുകൊണ്ട് അത് പട്ടാളഹെഡ് ക്വാർട്ടേഴ്സിലേക്ക് അയച്ചു. അവിടെ അതു വായിച്ചർത്ഥം പറയാൻ അപ്പോൾ ഓഫീസർ ഉണ്ടായിരുന്നില്ല. താമസിച്ചശേഷം അർത്ഥം എഴുതി കോപ്പി എത്തിച്ചുതന്നു. പിററെ ദിവസത്തെ പത്രങ്ങളിലും ആ കമ്പി വാർത്ത പ്രസിദ്ധപ്പെടുത്തി കണ്ടു. രോഗത്തിന്റെ ഗൌരവാവസ്ഥ ഡോക്ടർമാർ ഗവർമ്മേണ്ടിനെ അറിയിച്ചിട്ടുണ്ടെന്നും തീരുമാനമറിയാൻ കാത്തിരിക്കുകയാണെന്നും റിപ്പോർട്ടു ചെയ്തുകണ്ടു. പത്രങ്ങളിൽ രോഗവിവരം വന്നുകൊണ്ടിരുന്നു. റേഡിയോയിൽ ആ വിവരം അറിഞ്ഞാലുടൻ സൂപ്രണ്ട് ആ വാർത്ത എന്റെ സ്നേഹിതന്മാരെ അറിയിച്ചുകൊണ്ടിരുന്നു. അവർ ചില വാർത്തകൾ എന്നെ അറിയിക്കാൻ മടിച്ചിരുന്നു.

ജയിൽ സൂപ്രണ്ട് എന്റെ അരികിൽ വന്ന കമ്പി വാർത്തയെപ്പററി സംസാരിച്ചു. ഈ കാര്യത്തെപ്പററി ഗവർമ്മേണ്ടുമായി സംസാരിക്കാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ താങ്കളെ ഉടൻ ബോമ്പെയിലേക്കെത്തിക്കാൻ ഞാൻ തയ്യാറാണ്. രോഗനിലയെപ്പററി ശരിക്കു ഗ്രഹിച്ച അദ്ദേഹം എന്റെ നിസ്സഹായതാഭാവവും അനുഭാവവും പ്രകടിപ്പിക്കുകയും ചെയ്തു. എനിക്കൊന്നേ പറയാനുണ്ടായിരുന്നുള്ളു. ഇക്കാര്യത്തിൽ ഒരപേക്ഷയ്ക്കും ഗവർമ്മേണ്ടിനെ കാണണ്ടയെന്നാണ് പറഞ്ഞത്. നിസ്സഹായനായ സൂപ്രണ്ട് ജവഹറിനെ കാര്യത്തിന്റെ ഗൌരവാവസ്ഥ ധരിപ്പിച്ചു. ജവഹർ എന്റെ അടുക്കലെത്തി ദീർഘനേരം സംസാരിച്ചു. ജവഹറിനോടും ഇക്കാര്യത്തിൽ സൂപ്രണ്ടിനോടു പറഞ്ഞ വാക്കേ പറയാനുണ്ടായിരുന്നുള്ളു. ബോമ്പെ ഗവർമ്മേണ്ടിന്റെ സമ്മർദ്ദം കൊണ്ടാണ് സൂപ്രണ്ട് ഇക്കാര്യത്തിൽ

പ്രവർത്തിച്ചിരുന്നത്. സംഭവത്തിന്റെ അപകടസൂചന ലഭിച്ചപ്പോൾ ഞാൻ സ്വയം ഒരു ഹൃദയപരിശോധനയ്ക്ക് തയ്യാറായി. ശരീരത്തിന്റെയും മനസ്സി ന്റെയും ഒരു ഘടനാവിശേഷം ഒരു പുതിയ രീതിയിലുള്ളതാണ്. ചില പ്പോൾ ഒരെത്തും പിടിയുമില്ലാതെ കുഴഞ്ഞുമറിഞ്ഞായിരിക്കും മനസ്സിന്റെ ഗതി. മനസ്സിനെ നിയന്ത്രിക്കാനും വിഷമാവസ്ഥകളിൽ പതറാതിരിക്കാനും ഞാൻ ആദ്യകാലം മുതൽ ശ്രമിച്ചിരുന്നു. ഇക്കാര്യത്തിൽ സകല കഴിവും ഉപയോഗിക്കാൻ ഞാൻ ശ്രദ്ധാലുവായിരുന്നു. എന്നാലും ഹൃദയസ്വസ്ഥ തയെ എന്തോ കാർന്നുതിന്നുന്നുണ്ടെന്നു തോന്നിയപ്പോൾ അതിനെ ഉറ പ്പിച്ചു നിർത്തേണ്ടതാവശ്യമാണെന്നു എനിക്കു വിശ്വസിക്കേണ്ടി വന്നു. ഈ പ്രശ്നം എന്റെ ശരീരപ്രകൃതിക്ക് ഉലച്ചിൽ തട്ടിച്ചെങ്കിലും മനസ്സിന്നു ദൃഢത വരുത്തുവാൻ ഏറെക്കുറെ കഴിഞ്ഞു.

ദു:ഖകരങ്ങളായ അനുഭവങ്ങളുടെ സൂചിമുനകൾ ഉയർന്നുകൊണ്ടി രുന്ന കാലഘട്ടത്തിൽ എന്റെ ഹൃദയത്തിനുണ്ടായ ഭാവഭേദങ്ങൾ മറച്ചുവെ ക്കാൻ ഞാനാശിക്കുന്നില്ല എന്തുതന്നെ വന്നാലും സഹനശക്തിയോടെ ആത്മനിയന്ത്രണം തന്നെ കരണീയമെന്നുറച്ചു. സുഹൃത്തെ ആ ശ്രമത്തിൽ ഞാൻ ബാഹ്യമായി വിജയിച്ചെങ്കിലും ആന്തരികമായി പാടെ പരാജയപ്പെ ട്ടെന്നു, സമ്മതിക്കാതെ തരമില്ല.

ഈ ജയിലിന്നകത്ത് ചില ചിട്ടപ്പെടുത്തിയ ദിനചര്യകളുണ്ട്. അതി നൊന്നിനും വ്യതിയാനം വരുത്തരുതെന്ന് ഞാൻ നിശ്ചയിച്ചു. ഭക്ഷണത്തി ന്നായി നാലു സമയങ്ങൾ നിശ്ചയിച്ചിരുന്നു. ഭക്ഷണസമയത്ത് എന്റെ മുറി യിൽനിന്നിറങ്ങി ജയിൽ ലൈയിനിന്റെ അവസാനത്തെ മുറിയിലെത്തേണ്ടി യിരുന്നു. ജീവിതത്തിൽ കൃത്യനിഷ്ഠയ്ക്ക് മറ്റെന്തിനേക്കാളും പ്രാധാന്യം നൽകിയിട്ടുള്ള എനിക്ക് പുതിയ പരിതസ്ഥിതിയിൽ അതനുഷ്ടിക്കാതിരി ക്കാൻ നിവൃത്തിയില്ല. എന്റെ കൂടെ കൃത്യനിഷ്ഠ പാലിക്കാൻ സുഹൃത്തു ക്കൾ തയ്യാറായി, ഒരു മാററവും വരുത്താതെ ദിനചര്യകളിൽ വ്യാപൃതനാ യി. ഭക്ഷണത്തിന്നായി മേശക്കഭിമുഖം ഇരിക്കാറുണ്ടെങ്കിലും വിശപ്പ് തീരെ നിന്നുപോയിരുന്നു. എന്നാലും എന്തെങ്കിലും കഴിക്കാൻ ശ്രമിച്ചിരുന്നു.

രാത്രി പുറത്തിരുന്ന് നേരമ്പോക്ക് പറയുന്ന പതിവിലും മുടക്കം വരുത്തിയില്ല.

ഉച്ചക്കാണ് പത്രങ്ങൾ ജയിലിലെത്തുക. ജയിൽ സൂപ്രണ്ടിന്റെ മുറിയിൽനിന്ന് ജയിലർ എല്ലാ ദിവസവും പത്രവും കൊണ്ടുവരും. അദ്ദേഹത്തിന്റെ ആഗമനാവസരത്തിലെ ചെരിപ്പിന്റെ ശബ്ദം കേൾക്കുമ്പോൾ എന്തു ദു:ഖവാർത്തയും വഹിച്ചായിരിക്കും പത്രം വരുന്നതെന്നു, ഉദ്ദേശിച്ച് ഹൃദയമിടിച്ചു തുടങ്ങും. ഉടൻ ഞെട്ടി പൂർവ്വാവസ്ഥയെ പ്രാപിക്കും. എന്റെ മുഖഭാവം കാണാതിരിക്കത്തക്ക വിധത്തിലാണ് ഞാൻ തിരിഞ്ഞിരിക്കുക. എഴുത്തിൽ നിമഗ്നനായി പത്രം മേശമേൽ വെക്കാൻ ഞാൻ ആംഗ്യം കാണിക്കും. പത്രം നോക്കാൻ വലിയ തിടുക്കമില്ലാത്തതുപോലെ. ഈ ബാഹ്യപ്രകടനങ്ങളെല്ലാം ആന്തരികവിഷമങ്ങൾ മറച്ചുവെക്കാനുള്ള അടവുകളായിരുന്നെന്ന് ഞാൻ സമ്മതിക്കുന്നു. അങ്ങനെ ഞാൻ ഭയത്തോടെ കാത്തിരുന്ന ആ സംഭവം അതുപോലെ കലാശിക്കുകയും ചെയ്തു. 1943 ഏപ്രിൽ ഒമ്പതാം തീയതി ശോകഭാരത്തിന്റെ വിഷം നിറഞ്ഞ പാത്രം നിറഞ്ഞുവഴുതി......

ഈ ദു:ഖവാർത്തയറിയിക്കുന്ന ഒരു കമ്പി ബോമ്പെ ഗവർമ്മെണ്ട് അയച്ചത് ജയിൽ സൂപ്രണ്ട് വിറക്കുന്ന കൈകളോടെ എനിക്കു തന്നു. രാവിലെ തന്നെ റേഡിയോവിലൂടെ ജയിൽ സൂപ്രണ്ട് ഈ ദാരുണവാർത്തയറിഞ്ഞിരുന്നു. അദ്ദേഹം എന്റെ സുഹൃത്തുക്കളെ വിവരം അറിയിച്ചിരുന്നു. അവരാരും എന്നെ ഈ വാർത്ത അറിയിക്കാതെ കഴിച്ചുകൂട്ടുകയാണുണ്ടായത്. എന്റെ സന്തപ്താവസ്ഥയിൽ ജയിലിലെ സുഹൃത്തുക്കൾ പ്രദർശിപ്പിച്ച സഹതാപത്തിന്നു ഞാൻ അവരോടെന്നും കൃതജ്ഞനാണ്. രോഗവിവരം പത്രത്തിൽ വന്നു തുടങ്ങിയപ്പോൾ തന്നെ അവർ അസ്വസ്ഥരായിത്തുടങ്ങി. അവർ ഇക്കാര്യത്തിൽ കഴിയുന്നതെല്ലാം ചെയ്യാൻ ശ്രമിച്ചു. പക്ഷെ, എന്റെ ജീവിതത്തിന്ന് വ്യക്തമായ ദൃഢതയും നിശ്ചിതമായ പരിപാടിയും ഉണ്ടെന്നും അതിൽനിന്നു വ്യതിചലിക്കാൻ ഇഷ്ടമില്ലെന്നും മനസ്സിലായപ്പോൾ അവർ ഗവർമ്മേണ്ടുമായുള്ള ആലോചനാ കാര്യത്തിൽനിന്ന്

പിന്തിരിഞ്ഞു. മൌനം പുണർന്ന് അവരെല്ലാം എന്റെ ദൃഢനിശ്ചയത്തിന്നു വിഘ്നം വരുത്താതെ ഒഴിഞ്ഞു.

ദീർഘമായ ഇരുപത്തിയാറു വർഷത്തെ ഞങ്ങളുടെ ദാമ്പത്യ ജീവിതം അവസാനിച്ചു. മരണം ഒരതിർത്തി വരമ്പുണ്ടാക്കി ഞങ്ങളെ തിരിച്ചു. എന്നാലും ഞങ്ങളന്യോന്യം കാണുന്നുണ്ട്. പക്ഷെ ഈ മറവിൽ നിൽക്കുന്ന എനിക്ക് ദിവസങ്ങൾ വർഷങ്ങളെപ്പോലെ ദൈർഘ്യമുളള തായി അനുഭവപ്പെടുന്നു. എനിക്കുകൂടി അജ്ഞാതമായ ഹൃദയശക്തി യാണ് എന്നെ നിലനിർത്തുന്നതെങ്കിലും എന്റെ കാലുകൾ ചലനമററതായി തോന്നുന്നുണ്ട്.

ഈ ജയിൽ വളപ്പിൽ അജ്ഞാതനായ ഒരാളുടെ ഒരു ശവക്കല്ലറ കാണുന്നുണ്ട്. ഓരോ ദിവസം പിന്നിടുംതോറും ആ ശവക്കല്ലറയോട് എനിക്ക് അതിയായ സ്നേഹവും ബഹുമാനവും തോന്നുന്നു. ഇന്നലെ സായാഹ്നത്തിൽ ആ ശവക്കല്ലറയുടെ അരികിൽ നിർന്നിമേഷനായി നിന്നു. അപ്പോൾ തത്വചിന്തകനും കവിയുമായ മൂത്തമം ഇബ്നു നവീറ തന്റെ സഹോദരൻ മാലിക്കിന്റെ മരണത്തെ ഓർമ്മിച്ചുകൊണ്ട് വിലപിച്ച ഒരു ഗാനം എന്റെ സ്മൃതിപഥത്തിൽ ഉയർന്നു.

'ശവകുടീരം കാണുമ്പോൾ എന്റെ നയനങ്ങൾ അശ്രുപൂർണ്ണങ്ങളാകുന്നത് എന്തിനാണെന്ന് ചോദിച്ചദ്ദേഹം എന്നെ അപലപിച്ചു.'

....... ....... ....... ....... ....... ....... ....... ....... ....... ....... ....... .......

ഞാൻ ഉണർത്തിച്ചു. ഒരു ദു:ഖാനുഭവകാഴ്ച മററൊന്നിനെ ഓർമ്മിപ്പിക്കുന്നു. നിങ്ങൾ എന്നെ കരയാൻ വിട്ടേയ്ക്കണം. എന്റെ മുമ്പിൽ എല്ലാ ശവകുടീരങ്ങളും സഹോദരൻ മാലിക്കിന്റേതുപോലെയാണ്.

സ്നേഹിതാ ഞാനെഴുത്ത് നിറുത്തുകയാണ്. ഈ പാഴ് വിലാപം തുടരുകയാണെങ്കിൽ പൌരസ്ത്യ സാഹിത്യത്തിൽ പ്രസിദ്ധകഥാപാത്രമായ സൌദിയുടെ പഴയ കാവ്യശകലം താങ്കൾ ചൊല്ലിയേക്കും.

സൌദാ ദൈവത്തെ ഓർത്തെങ്കിലും ഈ പഴം പുരാണം പറച്ചിൽ നിറുത്തുക. ഈ പാഴ്കഥകൾ എന്റെ നിദ്രയെ തടയുന്നു.

# മുസ്ലിം ദേശിയോത്സവങ്ങൾ

ഏതൊരു ജനവിഭാഗത്തിന്റെയും സാംസ്ക്കാരികമായ നിമ്നോന്നത തിട്ടപ്പെടുത്തുന്നത് സാമൂഹ്യജിവിതത്തിലെ വൈവിധ്യമുള്ള ചലനങ്ങളിലൂടെയാണ്. ദേശീയവും മതപരവും ആചാരപ്രധാനവുമായ പ്രവണതകൾ ജനതയെ സ്വാധീനിച്ചിട്ടുള്ളതുകൊണ്ട് സാമൂഹ്യജിവിതത്തിൽ അതിന്റെതായ അനിഷേധ്യമുദ്രകൾ പതിഞ്ഞു കാണാം. ഓരോ ജനവിഭാഗത്തിന്റെതായിരുന്ന ഉത്സവങ്ങൾ ഇന്ന് ദേശീയോത്സവങ്ങളായി മാറിയിട്ടുണ്ട്. മതമൂല്യങ്ങളെയും ജാതീയവികാരങ്ങളെയും സമചിത്തതയോടെ വിലയിരുത്തുന്ന ഭൗതികരാജ്യങ്ങളിൽപോലും പ്രത്യേക വിഭാഗങ്ങളുടെ ആഘോഷങ്ങൾ ദേശവൽക്കരിക്കപ്പെടുന്നുണ്ട്. യുക്തിചിന്തയുടെ ഔന്നത്യത്തിൽ സ്ഥിരതാമസക്കാർക്കായ പലർക്കും മതാവലംബികൾ നടത്തുന്ന ഉത്സവങ്ങൾ കാണുമ്പോൾ അന്ധവിശ്വാസമായി തോന്നുന്നു, പാഴ് ചിലവിന്റെയും അനാചാരങ്ങളുടെയും ഒരു രംഗമെന്ന നിലയിലാണ് യുക്തിചിന്തകന്മാർ ഉൽസവങ്ങൾക്ക് വിലയിരുത്തുന്നത്. താത്വികമായി ഉത്സവങ്ങളുടെ സാമൂഹ്യ പശ്ചാത്തലത്തെപ്പററി ആലോചിക്കുമ്പോൾ പല വിശ്വാസപ്രമാണങ്ങളോടും അതിനു കടപ്പാടുണ്ടെന്നു കാണാം. അന്തർദേശീയപ്രാധാന്യമുള്ള ദേശീയോൽസവങ്ങളൊന്നും വിശ്വാസങ്ങളിൽനിന്നും ആചാരങ്ങളിൽനിന്നും വിമുക്തമല്ല.

ഭാരതത്തിൽ സാമൂഹ്യരംഗത്ത് ചിന്താപരമായ പുതിയ ദർശനങ്ങൾ നാമ്പെടുക്കുന്നുണ്ടെങ്കിലും പാരമ്പര്യാനുസൃതമായി കൊണ്ടാടുന്ന ഉൽസവങ്ങളും ചടങ്ങുകളും അഭിവൃദ്ധിപ്പെടുകയാണ് ചെയ്യുന്നത്. ചില ഉൽസവങ്ങൾ പിന്നണിയിലേക്ക് തള്ളപ്പെടുന്നത് അതു കൈകാര്യം ചെയ്യുന്ന വിഭാഗത്തിന്റെ സാമ്പത്തികാധ:പതനം കൊണ്ടും പരിഷ്കൃതപ്രേമംകൊണ്ടുമാണ്. കേരളത്തിൽ വിവിധ മതവിഭാഗങ്ങൾ പലതരത്തിലുള്ള ഉൽസവങ്ങൾ നടത്തുന്നുണ്ട്. മുസ്ലിം സമുദായം വിശ്വാസപ്രമാണങ്ങളോട് ബന്ധപ്പെട്ടും അല്ലാതെയും കൊണ്ടാടുന്ന ചടങ്ങുകൾക്ക് ഇന്ന് ഏറെക്കുറെ മാന്ദ്യം സംഭവിച്ചിട്ടുണ്ട്. കേരളത്തിലെ സാംസ്ക്കാരികജീവിതത്തിലെ ഒര

വിഭാജ്യഘടകമായി തീർന്നിട്ടുള്ള മുസ്ലീം സമുദായത്തിന്റെ സാമൂഹ്യാചാരങ്ങളെ പ്രതിഫലിപ്പിക്കുന്ന ആഘോഷങ്ങൾ ഇന്നും ചില ഭാഗങ്ങളിൽ നടക്കുന്നുണ്ട്.

ഏകദൈവവിശ്വാസത്തിലധിഷ്ഠിതമായ തത്വദർശനത്തിന്റെ ആരാധകനായ ഇബ്രാഹിം നബിയുടെ ആത്മത്യാഗത്തെ അനുസ്മരിപ്പിക്കുന്ന ''ബക്രീദ്'' ലോകമുസ്ലീം ജനതയുടെ വലിയ ആഘോഷമാണ്. ആഘോഷമെന്നതിൽ കവിഞ്ഞ് അതുൾക്കൊള്ളുന്നത് ദൈവത്തിന്റെ മഹത്വത്തെ വിളംബരം ചെയ്യുന്ന കർമ്മമാർഗ്ഗങ്ങളാണ്. ബി. സി. രണ്ടായിരമാണ്ടിൽ സംഭവിച്ച ത്യാഗത്തിന്റെ ഹൃദയസ്പർശിയായ അനുഭൂതികൾ 'ബക്രീദിന് ആത്മീയ പരിവേഷമണിയിക്കുന്നു. ഓരോ ദേശത്തും അവരുടെ വിനോദത്തിന്റെ സുദിനമായും ബക്രീദ് പരിഗണിക്കപ്പെടുന്നു. കേരളത്തിൽ മുസ്ലീം ജനത അവരുടെ ഏററവും വലിയ മതാഘോഷം എന്ന നിലയിൽ ബക്രീദ് കൊണ്ടാടുന്നു. മറെറാന്ന് ഒരുമാസത്തെ വ്രതാനുഷ്ഠാനത്തിനുശേഷം കൊണ്ടാടുന്ന 'ഈദ്' എന്നറിയപ്പെടുന്ന ചെറിയ പെരുന്നാളാണ്. ഭക്തിധന്യമായ പ്രസ്തുത ആഘോഷങ്ങൾക്കു നിറപ്പകിട്ടു നൽകുന്ന പല ആചാരങ്ങളും ദേശീയജീവിതത്തിൽ വന്നു കടന്നുകൂടിയിട്ടുണ്ട്. കേരളത്തിന്റെ സാമൂഹ്യജീവിതത്തിലെ പ്രത്യേകതകൾ പലതും മുസ്ലീമിങ്ങൾ പരത്തിയിട്ടുണ്ട്.വിവാഹത്തിലെ താലികെട്ടും ചന്ദനക്കുടത്തിലെ ആന എഴുന്നള്ളിപ്പും മററും അങ്ങനെ പകർത്തപ്പെട്ടവയാണ്. ഇസ്ലാമികമായ മൗലിക പ്രമാണങ്ങൾക്കനുസൃതമല്ലാത്ത ആചാരങ്ങളും ചടങ്ങുകളും ഓരോ ദേശത്തും നടക്കുന്നുണ്ട്. ചില പ്രത്യേക പാരമ്പര്യ സംസ്ക്കാരത്തിന്റെ സ്വാധീനംകൊണ്ടാണ് ചില ആഘോഷങ്ങൾ ദേശീയമോ വിദേശീയമോ എന്നു തിരിച്ചറിയാൻ നിവൃത്തിയില്ലാതായിരിക്കുന്നത്.

കർബലയിൽവച്ചു ഖലീഫയാൽ വധിക്കപ്പെട്ട പ്രവാചകന്റെ പൗത്രനായ ഇമാം ഹുസ്സയിന്റേയും കുടുംബാംഗങ്ങളുടെയും സ്മരണയ്ക്കായി ഷിയാക്കൾ മുഹറം ആഘോഷിക്കുന്നുണ്ട്. മുഹറാഘോഷത്തിനു മതപരമായ പല പ്രാധാന്യങ്ങളും ചില ഭാഗങ്ങളിൽ കല്പിച്ചിട്ടുണ്ട്. ഇമാംഹുസ്സയിന്റെ കൈപ്പടം ലോഹങ്ങളാൽ നിർമ്മിച്ച് പ്രദർശിപ്പിക്കുകയും വേഷവി

ധാനങ്ങളോടെ ഒരാചാരമായി അത് വളർത്തിക്കൊണ്ടുവരികയും ചെയ്തു. മുഹററാഘോഷം ഇന്ത്യയുടെ ചില ഭാഗങ്ങളിൽ ദേശീയോൽസവത്തോളം പ്രാധാന്യം കരസ്ഥമാക്കിയിരിക്കുകയാണ്. ആത്മത്യാഗം ചെയ്ത വീരുപുരുഷന്മാരുടെ അപദാനങ്ങൾ അനുസ്മരിക്കപ്പെടുന്ന മുഹററാഘോഷം കേരളത്തിലും ചില സ്ഥലങ്ങളിൽ കൊണ്ടാടുന്നുണ്ട്. വികാരോദ്ദീപകവും സ്തോഭജനകവുമായ പ്രസ്തുത ഭക്തിപ്രധാനങ്ങളായ ആഘോഷങ്ങൾക്കു വിശ്വാസമൂല്യങ്ങളുമായി തകരാത്ത ബന്ധമുണ്ട്. പെരുന്നാളുകളും മുഹറവും ഒഴിച്ചുനിർത്തിയാൽ പ്രാദേശിക പ്രാധാന്യമുള്ള നേർച്ചകളും ചന്ദനക്കുടവും ദേശീയപ്രധാനങ്ങളായി പരിഗണിക്കപ്പെടുന്നു.

കേരളത്തിൽ ധീരോജ്ജ്വലമായ ജീവിതത്തിന്റെ അഗ്നിപരീക്ഷണങ്ങളിലൂടെ കടന്നുപോന്ന വീരചരിതത്തെപ്പററി ഇതിഹാസങ്ങളും പടപ്പാട്ടുകളും ദർശനകലകളും വളരെയേറെയുണ്ട്. ഭക്തിപ്രധാനമായ ആകർഷോജ്ജ്വലജീവിതത്തിന്റെ മേഖലയിൽ സഞ്ചരിച്ച സിദ്ധന്മാരെ ആരാധനാപാത്രങ്ങളായി കരുതി ആഘോഷങ്ങൾ നടത്തുന്നതും ദുർല്ലഭമല്ല. സ്മര്യപുരുഷന്മാരുടെ വീരസ്മരണകളിൽ പുളകംകൊള്ളുന്നവർ തലമുറകളായി നടത്തുന്ന ആഘോഷങ്ങൾ മുസ്ലീം സമുദായത്തിലും കാണാം.

കേരളത്തിൽ മുസ്ലീമിങ്ങൾ ഇടതിങ്ങി താമസിക്കുന്ന മലബാറിൽ ജനശ്രദ്ധയെ ആകർഷിക്കുന്ന വലിയ നേർച്ചകൾ നടത്തുന്ന പ്രധാന സ്ഥലങ്ങൾ മമ്പുറം, മലപ്പുറം, കണ്ടോട്ടി, മണത്തല, കൊയിലാണ്ടി, പൊന്നാനി, പുറത്തി, കാസർഗോഡ് തുടങ്ങിയവയാണ്. മദ്ധ്യമലബാറിലെ ഗ്രാമാന്തരങ്ങളിൽ നേർച്ചകൾ ഐതിഹാസികസംഭവങ്ങൾപോലെ ജനതയുടെ വികാരത്തെ നിയന്ത്രിക്കുന്നവയായിത്തീർന്നിട്ടുണ്ട്. ജീവിതത്തിൽ സത്യസന്ധത കർമ്മപ്രമാണമായി അംഗീകരിച്ച കഴിഞ്ഞ കാലധർമ്മപ്രചാരകരുടെ പേരിലാണ് ഏറനാട്ടിലെ മമ്പുറം നേർച്ച നടത്തുന്നത്. അറേബ്യയുമായി ബന്ധം പുലർത്തിയിരുന്ന അലവി തങ്ങന്മാരുടെ ബഹുമാനാർത്ഥം നടത്തപ്പെടുന്ന മമ്പുറം നേർച്ചയ്ക്കു ഭക്തരായ സാധാരണക്കാർ വലിയ പ്രാധാന്യം നൽകുന്നുണ്ട്. 1752 – ൽ പരലോകപ്രാപ്തനായ അലവി തങ്ങൾ മഹൽസിദ്ധികളുള്ള മഹാനായിരുന്നെന്ന് ഏറനാട്ടിലെ ജനവിഭാഗം വിശ്വസിക്കു

ന്നു. ജാതിമതവ്യത്യാസം കൂടാതെ ബഹുമാനം സമ്പാദിച്ച പ്രസ്തുത തങ്ങളുടെ പിൻഗാമികൾക്കും ഈ ആദരവു കുറെയൊക്കെ നേടാൻ കഴിഞ്ഞു. അവരുടെ ഖബുർ സ്ഥാനങ്ങൾ കാലാന്തരത്തിൽ തീർത്ഥാടകകേന്ദ്രങ്ങളായി മാറി, ഭക്തസമൂഹത്തെ ആകർഷിക്കുന്നതിനു ഒരു ദേശീയാഘോഷമെന്ന നിലയിൽ അവിടെ കഴിഞ്ഞ നൂററാണ്ടിൽതന്നെ നേർച്ച വർണ്ണശബളിമയുള്ള ചടങ്ങായി മാററി. മമ്പുറത്തേക്കാൾ വികാരപ്രധാനമായി നേർച്ച നടത്തുന്ന മറെറാരു കേന്ദ്രം മലപ്പുറമാണ്. ഒരു  നൂററാണ്ടിനുമുമ്പ് വിശ്വാസത്തിനുവേണ്ടി രക്തസാക്ഷിത്വം വരിച്ച ധീരാത്മാക്കളുടെ സ്മരണയ്ക്കായി നടത്തപ്പെടുന്ന മലപ്പുറ് നേർച്ച മദ്ധ്യമലബാറിനെ സംബന്ധിച്ചിടത്തോളം പ്രാധാന്യമേറിയതാണ്. ഷ്ഹദാക്കളുടെ പേരിൽ ധർമ്മമായി നല്ലൊരു പിരിവും ഈ നേർച്ചകൊണ്ടുണ്ടാകുന്നു. നേർച്ച വാദ്യാഘോഷങ്ങളോടെ നടത്തപ്പെടുന്നതുകൊണ്ടു മാപ്പിളക്കലകളുടെ ഒരു പ്രദർശനരംഗവുമായി അതു രൂപാന്തരപ്പെടുന്നു. സാമ്പത്തികമായും വിദ്യാഭ്യാസപരമായും കേരളത്തിലെ ഏററവും പിന്നണിപ്രദേശമായ ഈ ഭാഗങ്ങളിൽ മതത്തിനും രാജ്യത്തിനുംവേണ്ടി ആത്മത്യാഗം ചെയ്ത ആയിരമായിരം വീരപുരുഷന്മാരുടെ വേരുകൾ ചരിത്രത്തിൽ പതിഞ്ഞുകഴിഞ്ഞിട്ടുണ്ട്. മരണത്തെ ഒരി വിനോദമായി അഭിമുഖീകരിപ്പിച്ചിട്ടുള്ള പ്രശസ്തരായ കർഷകനേതാക്കന്മാരുടെ ജന്മനാട് കൂടിയാണ് ഏറനാടൻ ഭാഗങ്ങൾ. മലപ്പുറത്തിന്നടുത്ത കണ്ടോട്ടിയിൽ നടക്കുന്ന നേർച്ച പേർഷ്യയിൽ നിന്നു വന്നു അവിടെ ആധിവാസമുറപ്പിച്ച മുഹമ്മദ് ഷാ തങ്ങളുടെ പേരിലാണ്. പതിനെട്ടാം നൂററാണ്ടിന്റെ അന്ത്യഘട്ടത്തിൽ ജനപ്രീതി സമ്പാദിച്ചു രാജ്യഭരണത്തിൽപ്പോലും പ്രധാന പങ്കാളിത്തമുണ്ടായിരുന്ന കണ്ടോട്ടി തങ്ങൾ കാലാന്തരത്തിൽ ആരാധ്യനായിത്തീർന്നു. അദ്ദേഹത്തിന്റെ നേതൃത്വമംഗീകരിച്ച കണ്ടോട്ടിവാസികളും അയൽഗ്രാമങ്ങളിലെ നേതാക്കന്മാരും തങ്ങളുടെ കുടുംബത്തെ ബഹുമാനിച്ചു. തങ്ങളുടെ കബർസ്ഥാൻ ഒരു തീർത്ഥാടനകേന്ദ്രമായി മാറുകയും ചെയ്തു. വിദേശവാഴ്ചക്കാലത്തു നടന്ന സ്വാതന്ത്ര്യസമരങ്ങളിൽ പങ്കെടുത്ത് രാജ്യത്തിന്റെ മാനം കാത്ത പലർക്കും ആവേശം നൽകിയത് തങ്ങളുടെ അനുഗ്രഹാശിസ്സുകളാണ്. അതിരററ വീരാരാധനയിലൂടെ വളർന്നു കയറിയ ഭക്തി കണ്ടോട്ടി നേർച്ചയ്ക്കു

വ്യക്തമായ അവലംബം നല്കി. വിദേശികളുമായി നടന്ന സമരത്തിൽ നിന്നത്ഭുതമായ മാറാത്ത സ്വാതന്ത്ര്യപ്രേമം അവിടുത്തെ ജനങ്ങളെ നല്ല പോരാളികളാക്കി മാററി. അവരുടെ സാമൂഹ്യവിചാരത്തിൽ വിശ്വാസത്തില ധിഷ്ഠിതമായ സമരത്തിന്റെ ഉജ്ജ്വലഭാവവും കാണാം. സമരം കഴിഞ്ഞു നിശബ്ദതയെ പുണരുന്ന ഏറനാടൻ ജനങ്ങൾക്ക് ഉണർവ് നൽകുന്നത് അവിടുത്തെ നേർച്ചകളാണ്. പ്രശസ്ത നേർച്ചകളുടെ പശ്ചാത്തലം വർണ്ണിക്കുന്ന നിരവധി കഥകളും (പാട്ടുകൾ) തന്നെയുണ്ട്. മാപ്പിള ഗാനസംഗീതത്തിലെ ഉൾവികാരം ഊറുന്ന കാവ്യങ്ങൾ പലതും നേർച്ചകളുമായി ബന്ധപ്പെട്ടു രചിച്ചതാണ്. നേർച്ചകൾക്ക് ആത്മവീര്യം നൽകുന്ന സിദ്ധന്മാരുടെ ഖറാമത്തുക (അത്ഭുതകരമായ കഴിവുകൾ)ളെപ്പററി വർണ്ണിക്കുന്ന നേർച്ചപ്പാട്ടുകൾ വീരോതിഹാസ, സാഹിത്യശാഖയലുൾപ്പെടുന്നു. കേരളസംസ്ക്കാരത്തിന്റെ വീരാപദാനങ്ങളായി പരിഗണിക്കപ്പെടുന്ന വടക്കൻ പാട്ടുകളുമായി താരതമ്യപ്പെടുത്തുമ്പോൾ മാററുകുറയാത്ത സാഹിത്യവിഭാഗമാണ് നേർച്ചപ്പാട്ടുകളെന്ന് വ്യക്തമാകും. കൊയിലാണ്ടിക്കടുത്ത ചന്ദലായിനി കൊല്ലത്തും കാസർകോട്ടും മണത്തലയിലും പൊന്നാനിയിലും നടത്തുന്ന നേർച്ചകൾക്കു വീരപുരുഷന്മാരുടെ ധന്യജീവിതവുമായി ബന്ധമുണ്ട്. ഒരു സാംസ്ക്കാരികോൽസവമെന്ന നിലയിൽ ആചാരങ്ങളും അതിലൂടെ വളർന്ന അനാചാരങ്ങളും നേർച്ചകൾക്ക് ഉൽസവപ്പകിട്ട് നൽകിയിട്ടുണ്ടെങ്കിലും മാനസികോല്ലാസത്തിന് നേർച്ചകൾ നൽകുന്ന സംഭാവനയെ മാററിനിറുത്താൻ സാദ്ധ്യമല്ല. ലോകത്തെവിടെയും ജനവർഗ്ഗങ്ങൾ നർമ്മഭാവങ്ങളിലൂടെയാണ് മുന്നോട്ട് നീങ്ങിയിട്ടുള്ളത്. ഉത്സവാഘോഷങ്ങളെ പുണരാതെ ജീവിതം നയിക്കുന്ന വർഗ്ഗങ്ങൾ കാണുമോ എന്ന് സംശയമാണ്. കേരളത്തിലെ സഹോദരസമുദായങ്ങൾ ഉത്സവപ്രിയരാണ്. അവരുമായി സാമൂഹ്യബന്ധമുള്ള മുസ്ലീമീങ്ങൾ ഉത്സവപ്രിയരല്ലെന്ന് പറഞ്ഞുകൂടാ.

ദക്ഷിണകേരളത്തിൽ തക്കല, കാക്കാഴം, കാഞ്ഞിരപ്പള്ളി, ചങ്ങനാശ്ശേരി, ഇടക്കുന്നം, ഈരാററുപേട്ട, കാഞ്ഞിരമിററം, വാഞ്ഞാലി, തത്തംപളളി, എടത്തല തുടങ്ങിയ സ്ഥലങ്ങളിൽ ചന്ദനക്കുടം നടക്കുന്നുണ്ട്. കലാസുന്ദരമായ ഉത്സവജീവിതത്തിൽനിന്ന് മുക്തി നേടുന്ന സ്ഥലങ്ങളും കുറവ

ല്ല. ആരാധനയും ആഡംബരവും വെറുക്കുന്ന മുസ് ലീം ജനത ചന്ദന ക്കുടം നിരുത്സാഹപ്പെടുത്തുന്നുണ്ട്. ചന്ദനക്കുടം, നേർച്ച എന്നിവയ്ക്കു പ്രകടിപ്പിക്കുന്ന മാപ്പിളക്കലാവിനോദങ്ങളായ മുട്ടു് (പ്രത്യേകതരം ചെണ്ട കൊട്ട്) ദഫ്ഫ് (ഒരു തരം വാദ്യം) പരിശമുട്ട്, കോൽക്കളി, ഒപ്പനപ്പാട്ടുകൾ തുടങ്ങിയവ കൂമ്പടഞ്ഞുതുടങ്ങിയിരിക്കുന്നു. കലാപരമായ അനുഭൂതികൾ, മുസ്ലീം ആഘോഷങ്ങൾ നിറം മങ്ങിയതോടെ വിരിഞ്ഞു വളരാൻ ഇടമി ല്ലാതെ വീർപ്പുമുട്ടുന്നുണ്ട്. പ്രത്യേകത തോന്നിപ്പിക്കുന്ന നാടൻ കലകൾ പലതും നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്.

ചില ഗ്രാമങ്ങളിൽ ഔലിയാ (സിദ്ധന്മാർ)ക്കളുടെ കബർ സ്ഥാനങ്ങൾ നിത്യദർശനകേന്ദ്രങ്ങളായി മാറിയിട്ടുണ്ട്. മരുന്നുകൊണ്ട് മാറാത്ത മഹാ വ്യാധികൾ മന്ത്രംകൊണ്ടു മാറുമെന്നു പറയുന്നതു പോലെ പ്രസ്തുത സ്ഥലങ്ങൾ സന്ദർശിക്കുമ്പോൾ അതുമായി മാനസിക ബന്ധമുള്ളവർക്ക് ആശ്വാസം ലഭിക്കുന്നു. പൂന്തുറയിലെ ഭീമപള്ളിയും മലബാറിലെ ചില പ്രധാന കേന്ദ്രങ്ങളും അങ്ങനെ ഭക്തരെ ആകർഷിക്കുന്ന സ്ഥലങ്ങളാണ്. സമൂഹത്തിന്റെ സാംസ്ക്കാരിക പുരോഗതിക്കനുസരിച്ച് ദേശീയോത്സവ ങ്ങളിൽ മാററം വരുത്താവുന്നതാണ്.  വിശ്വാസികളെ കൂടുതൽ ആകർഷി ക്കാനുതകുന്നവിധം ടൂറിസ്റ്റ് കേന്ദ്രങ്ങളായി രൂപാന്തരപ്പെടുത്തുകയും ആഘോഷങ്ങൾ സാമ്പത്തികനേട്ടങ്ങളുണ്ടാകത്തക്കവിധം സംവിധാനം ചെയ്യുകയും വേണം. കേരളത്തിന്റെ സാമുദായിക ഐക്യം ഭദ്രമാക്കാനും ജനതയുടെ വിനോദധാരണ വളർത്തിയെടുക്കാനും മതപരമായ ഉത്സവ ങ്ങൾക്ക് കഴിയും. ഉലയാത്ത സൗഹാർദം പടുത്തുയർത്തുന്നതോടൊപ്പം സാമ്പത്തിക സ്വയം പര്യാപ്തതയും ഉണ്ടാക്കാൻ സാധിക്കും. മുസ്ലീം ദേശീയോൽസവങ്ങൾ ആകർഷണങ്ങളായി മാററുന്നതിനു അതു കൈകാര്യ ചെയ്യുന്നവർ തന്നെയാണ് ആദ്യമായി മുൻകൈയെടുക്കേണ്ട ത്. *അന്ധവിശ്വാസത്തിലേക്കാഴ്ന്നു പോകാതെതന്നെ ദേശീയോൽസവങ്ങ ളുടെ സാമൂഹ്യപശ്ചാത്തലം അഭംഗുരം നിലനിർത്താൻ.

# ടിപ്പുവും തിരുവിതാംകൂർ യുദ്ധവും

കേരളത്തിന്റെ സമരചരിത്രങ്ങളിൽ കടന്നകൂടിയിട്ടുള്ള, ഒരു പഴ ഞ്ചൊല്ലാണ്, ''ടിപ്പുവിന്റെ ആക്രമണമെന്ന്'' മാററിയെഴുതിക്കൊണ്ടിരി ക്കുന്ന ആധുനിക ചരിത്രം വ്യക്തമാക്കുന്നു. ഈ ആക്രമണത്തിന്റെ ഭയാന കങ്ങളായ ചിത്രീകരണങ്ങൾ ചരിത്രത്തിലും സാഹിത്യത്തിലും കനത്ത സ്വാധീനം ചെലുത്തിക്കഴിഞ്ഞു. മൈസൂർ പുലിയെ പൂച്ചയെപ്പോലെ ആട്ടി യോടിച്ച കേരളരാജാക്കന്മാരുടെ വീരാപദാനങ്ങൾകൊണ്ടു നിറഞ്ഞതാ ണല്ലോ കേരളചരിത്രത്തിലെ ഒരു പ്രത്യേക കാലഘട്ടം തന്നെ. ഹൈദരി ന്റെയും ടിപ്പുവിന്റെയും സംഭവബഹുലമായ ചരിത്രത്തിലെ ഒരു ഭാഗ ത്താണ് തെററായ ധാരണകൾ പരത്തിവിട്ട ഈ വർണ്ണനകൾ നിറം പിടിച്ചു നിൽക്കുന്നത്. തിരുവിതാംകൂർ രാജ്യവുമായി ഹൈദരാലിയും ടിപ്പു സുൽത്താനുമുണ്ടായ ബന്ധത്തേയും ആ കാലഘട്ടത്തിലെ രണശൂരന്മാ രുടെ സവിശേഷതകളെയും സംബന്ധിച്ചു ഗ്രഹിക്കുമ്പോൾ നമ്മുടെ ചരി ത്രകാരന്മാരിൽ ചിലരുടെ 'കടലാസു കപ്പലുകൾ' കൊടിമരം താഴ്ത്തി തിരോഭവിക്കുന്നതു കാണാം.

ഹൈദരാലിയും ടിപ്പുസുൽത്താനും തിരുവിതാംകൂർ ആക്രമിച്ചിരു ന്നുവോ? ഏതു പരിത:സ്ഥിതിയിലാണ് ഈ ആക്രമണം നടന്നത്? ആക്രമ ണത്തിന്റെ അനന്തരഫലമെന്ത്? ഈ ചോദ്യങ്ങൾക്ക് വസ്തുനിഷ്ഠമായി ലഭിക്കുന്ന ഉത്തരങ്ങളിലൊതുങ്ങുന്നതാണ് മതവിദ്വേഷിയും ലഹളക്കാരനു മായ ടിപ്പുവിന്റെ പരാക്രമപ്രശ്നം. അന്ധമായ ദേശീയാവേശവും അമിത മായ വീരാരാധനയും യഥാർത്ഥ പ്രശ്നങ്ങളിൽനിന്നു ജനതയുടെ ബോധ മണ്ഡലത്തെത്തന്നെ മാററിനിർത്തിയിട്ടുണ്ട്. ഒരുകൂട്ടം ആക്രമികളുടെ നേതാവായി ടിപ്പുവിനെ ചിത്രീകരിക്കാനും ആക്രമണകഥ പ്രചരിപ്പി ക്കാനും ആവേശംകൊണ്ട രാജ്യപരിത്രകാരന്മാർ മാറിയ പരിത:സ്ഥിതി യിൽ തെററുകൾ തിരുത്തുകയാണിന്നാവശ്യം. പുതിയ ചരിത്രരേഖകൾ അവർക്കതിനു അവലംബം നൽകും. അങ്ങനെ വന്നുപോയ പാകപ്പിഴകൾ

തിരുത്തിയാലേ കേരളത്തിലെ സമുദായങ്ങൾ തമ്മിലുണ്ടായിരിക്കേണ്ട തായ സൌഹൃദവും ദേശീയ ഐക്യവും സുദൃഢമാകൂ.

ഹൈദരാലിയും മാർത്താണ്ഡവർമ്മയും

തിരുവിതാംകൂറിന്റെ ശില്പിയും പരാക്രമിയുമായിരുന്ന മാർത്താ ണ്ഡവർമ്മ മഹാരാജാവ് കൊച്ചിയുമായുള്ള യുദ്ധം കഴിഞ്ഞുതളർന്നിരി ക്കുമ്പോഴാണ് രാജ്യത്തിനകത്തെ മാടമ്പിമാരും ചെറുകിടരാജാക്കന്മാരും വീണ്ടും കുഴപ്പങ്ങൾ കുത്തിപ്പൊക്കിയത്. തന്റെ വിശ്വസ്ത സേനയായ മറ വപ്പടയുടെ മുന്നേററത്തിനൊന്നും തകർക്കാനാകാത്ത ആഭ്യന്തരശത്രു ക്കളെ എന്നെന്നേയ്ക്കുമായി ഒതുക്കാൻ മാർത്താണ്ഡവർമ്മ ഒരുപായം കണ്ടെത്തി. കോയമ്പത്തൂർ അതിർത്തിയിൽ താവളമടിച്ചിരിക്കുന്ന ഹൈദ രാലിഖാനെ സമീപിച്ചു സഹായമാവശ്യപ്പെടാൻ തീർച്ചപ്പെടുത്തി. സ്വന്തം അതിർത്തി സംരക്ഷിക്കുന്നതിൽ വ്യാപൃതനായിരുന്ന ഹൈദരാലിഖാന് കേരളത്തിലേയ്ക്കു കടക്കണമെന്നാഗ്രഹമുണ്ടായിരുന്നില്ല. ഈ ഘട്ടത്തിൽ ആകർഷകങ്ങളായ വാഗ്ദാനങ്ങളുമായി ഓടിയെത്തിയ മാർത്താണ്ഡ വർമ്മയുടെ ക്ഷണനം ഹൈദർ സ്വീകരിച്ചു. ‘‘ആഭ്യന്തരശത്രുക്കളിൽനിന്നു രാജ്യത്തെ രക്ഷിച്ചു സമാധാനം സ്ഥാപിച്ചു തരണമെന്നു തിരുവിതാംകൂർ രാജാവിന്റെ അപേക്ഷ ഹൈദർ സ്വീകരിച്ചു. പട്ടാള സഹായം വാഗ്ദത്തം ചെയ്തു.’’ ഹൈദർ തന്റെ സ്യാലനായ മഖ്റൂഖാന്റെ നേതൃത്വത്തിൽ തിരു വിതാംകൂറിനെ സഹായിക്കാൻ സൈന്യസജ്ജീകരണം ചെയ്തുകഴിഞ്ഞ പ്പോൾ മാർത്താണ്ഡവർമ്മയുടെ രണ്ടാമത്തെ സന്ദേശം ലഭിച്ചു. ‘‘ഇവി ടുത്തെ കലാപം ഒതുക്കി. അതുകൊണ്ടു സഹായം ആവശ്യമില്ല........’’ സൈനികസന്നാഹത്തിനുള്ള നഷ്ടം നൽകണമെന്നു ഹൈദർ തിരുവി താംകൂർ രാജാവിനോടാവശ്യപ്പെട്ടു. നഷ്ടം നൽകാതെ ഒഴിഞ്ഞുമാറാനു ള്ള തന്ത്രങ്ങൾ തിരുവിതാംകൂർ പ്രയോഗിച്ചുതുടങ്ങി. തന്നോടു ഒരു രാജാവും ചെയ്തിട്ടില്ലാത്ത മാന്യതയില്ലാത്ത പ്രവൃത്തിയാണ് തിരുവിതാം കൂർ രാജാവ് ചെയ്തതെന്ന് ഹൈദരിനു മനസ്സിലായി. ഈ സൈനികനഷ്ട പ്രശ്നമാണ് തിരുവിതാംകൂറിനെ ഹൈദരാലിയുമായി അകററിയത്. തിരു വിതാംകൂർ തദനന്തരമുള്ള കാലങ്ങളിൽ മൈസൂർ ആക്രമണത്തെ പേടി

സ്വപ്നമായിക്കരുതി ഹൈദരിന്റെ ശത്രുപക്ഷത്തേക്കു മാറി. 1753–ൽ സംഭ വിച്ച പ്രസ്തുത നഷ്ടപരിഹാരകാര്യം ടിപ്പുസുൽത്താന്റെ കാലത്ത് ഒരു വലിയ പ്രശ്നമായി രൂപം പ്രാപിച്ചു. ഹൈദരും ടിപ്പുവും പ്രസ്തുത നഷ്ട പരിഹാരത്തുക നൽകാൻ പല പ്രാവശ്യവും ആവശ്യപ്പെട്ടിട്ടുണ്ട്. ആ ഘട്ട ങ്ങളിൽ തങ്ങൾ കണ്ണാടിക്ക് നവാബിന്റെ സാമന്തരാണെന്നുപോലും തിരു വിതാംകൂർ മറുപടി കൊടുക്കാറുണ്ട്. ഈ പ്രശ്നം ബഹുമുഖമായ ഭാരത സ്വാതന്ത്ര്യസമരത്തെ ഏറെക്കുറെ സ്പർശിച്ചിട്ടില്ലെന്നില്ല. ''തിരുവിതാംകൂർ ഹൈദരാലിഖാനുമായി മാനമായി ഉടമ്പടിയിലേർപ്പെട്ടിരുന്നുവെങ്കിൽ ഈസ്റ്റിന്ത്യാകമ്പനിക്കും ബ്രിട്ടീഷ് ശക്തിക്കും പടിഞ്ഞാറൻ തീരത്ത് ശക്തി നേടാൻ കഴിയുമായിരുന്നില്ല. തിരുവിതാംകൂറിന്റെ നയതന്ത്രമല്ലാത്ത നില പാട് അന്ത്യഘട്ടത്തിൽ ബ്രിട്ടീഷുകാർക്ക് സ്വാധീനം നേടിക്കൊടുത്തു.'' തിരുവിതാംകൂർ വെട്ടിപ്പിടിച്ച അതിർത്തികൾ സംരക്ഷിക്കാനായി, കൊച്ചി ഭാഗത്തു ഡച്ചുകാരുമായി സ്നേഹബന്ധത്തിലിടപെട്ടിരിക്കുന്ന ഘട്ടത്തി ലാണ് ഹൈദരുടെയരികിൽ ഡച്ചുദൂതൻ തിരുവിതാംകൂറിനോടുള്ള പക ഉപേക്ഷിക്കണമെന്ന അപേക്ഷയുമായെത്തുന്നത്. 1766–ലെ മലബാർ പര്യ ടനം കഴിഞ്ഞ് ഹൈദർ മടങ്ങുന്ന ഘട്ടത്തിൽ തിരുവിതാംകൂറിലും കൊച്ചി യിലും തനിക്കെതിരായി ഗൂഢാലോചന നടക്കുന്നുണ്ടെന്നു അദ്ദേഹം മന സ്സിലാക്കി. '' തിരുവിതാംകൂർ പതിനഞ്ചുലക്ഷം ഉറുപ്പികയും എട്ട് ആനയും നൽകുകയാണെങ്കിൽ അനാക്രമണസന്ധിയുണ്ടാക്കാമെന്ന് ഹൈദരുടെ സർവ്വസൈന്യാധിപൻ ഡച്ചുകാരെ അറിയിച്ചു.'' ഹൈദരാലിഖാന്റെ അസാ ന്നിദ്ധ്യത്തിൽ മൈസൂർപടക്കെതിരായി തിരുവിതാംകൂർ സഹായം നൽകി മലബാറിൽ യുദ്ധമുണ്ടാക്കി. ഹൈദർ ഉടൻ മടങ്ങിയെത്തി മലബാറിൽ തല പൊക്കിയിരിക്കുന്ന ഇംഗ്ലീഷുകാരെ തുരത്തി. 'ബ്രിട്ടീഷ് പട്ടാളത്തിനു ഏറ റവും അപമാനകരമായ ഒരവസ്ഥയായിരുന്നു ഈ പരാജയം. നാണംകെട്ട തരത്തിൽ മുറിവേററ പട്ടാളക്കാരെയും സാധനസാമഗ്രികളെയും

ബ്രിട്ടീഷുകാർ ഉപേക്ഷിച്ചു..............വെള്ളക്കാരുടെ ദയനീയമായ പിൻമാററം

പരാക്രമശാലിയായ ഹൈദരിന്റെ വിജയമായി മാറി. ഈ മുന്നേററം കണ്ട് ഭയന്ന തിരുവിതാംകൂർ അകന്നുനില്ക്കുന്ന രാജാക്കന്മാരെ ഒരുമിപ്പിച്ചു നിറുത്തി. പാരസംഘങ്ങളെയും ദൂതന്മാരയും അയച്ചു മലബാറിലെ നില

ഗ്രഹിച്ചു. മൈസൂർപടയുടെ ഇനിയത്തെ മുന്നേററം തങ്ങളുടെ നേരെയാ യിരിക്കുമെന്നു ഭയന്ന തിരുവിതാംകൂർ കുറെയെല്ലാം വികാരാവേശത്തോ ടെതന്നെ കാര്യങ്ങൾ കണക്കിലെടുത്തു.

ടിപ്പുസുൽത്താനും രാജാകേശവദാസും

‘‘ തിരുവിതാംകൂർ ചരിത്രത്തിലെ വലിയ പടത്തലവനായ രാജാകേശവദാസൻ ചതുരുപായങ്ങളോടെ അണിയറയിൽ ബ്രിട്ടീഷുകാരു മായി മൈസൂരിനെ ഭയന്ന് സഖ്യത്തിലേർപ്പെട്ടിരുന്നു. ഹൈദരുമായി ഏററുമുട്ടാൻ ധൈര്യമില്ലാതെ പിന്തിരിഞ്ഞ വെള്ളക്കാർക്ക് ആശ നൽകിയത് രാജാകേശവദാസാണ്. വ്യക്തമായി പറയുകയാണെങ്കിൽ മററെല്ലാ സ്ഥല ങ്ങളിലും സ്വാധീനം ന.ഷ്ടപ്പെട്ട ബ്രിട്ടീഷുകാരുടെ ആധിപത്യം പടിഞ്ഞാ റൻതീരത്ത് ഉറപ്പിച്ചുനിറുത്തിയത് ‘വീരദേശാഭിമാനി’യായ രാജാകേശവദാ സനാണ്. ഇംഗ്ലീഷ് പട്ടാളം വീണ്ടും യുദ്ധരംഗത്തിറങ്ങി. 1775, 78, 79–കാല ങ്ങളിൽ നടന്ന മലബാർ യുദ്ധങ്ങളിൽ ഇംഗ്ലീഷ് സൈന്യം വീണ്ടും പരാജ യപ്പെട്ടു. സൈന്യനായകനായ സർദാർ ഖാൻ ഇംഗ്ലീഷുകാർക്കെതിരായി യോജിച്ചുനിന്നു സമരംചെയ്യണമെന്ന് തിരുവിതാംകൂർ രാജാവിനോടപേ ക്ഷിച്ചു. പക്ഷേ, ബ്രിട്ടീഷടിമത്വത്തിന്റെ സ്വഭാവം മനസ്സിലാകാത്ത തിരുവി താംകൂർ അതു നിരസിച്ചു. ഇംഗ്ലീഷുപടയും തിരുവിതാംകൂറും കൈകോർത്തുനിന്നു നടത്തുന്ന യുദ്ധത്തിൽ ഹൈദർ പുത്രനായ ടിപ്പു വിനെ നായകനാക്കി മൈസൂരിലേക്ക് മടങ്ങി. 1779 നവമ്പറിൽ ബ്രിട്ടീഷ് സേനാനായകനായ കർണ്ണൽ മക്കിയോടിന്റെ സേനയെ ടിപ്പു വിജയകര മായി എതിരിട്ടു. പിന്നത്തെ യുദ്ധത്തിൽ വിജയത്തിലേക്ക് കയറിക്കൊണ്ടി രിക്കുന്ന ഘട്ടത്തിലാണ് ഹൈദരാലിയുടെ മരണവാർത്തയറിഞ്ഞ ടിപ്പു മൈസൂരിലേക്ക് തിരിച്ചത്. ധീരമാനസനായ ടിപ്പു താമസിയാതെ മലബാറി ലെത്തി. പിതാവിന്റെ ഉഗ്രപ്രതിജ്ഞ നിറവേററി രാജ്യത്തെ മോചിപ്പിക്കാ നായി ശക്തി സംഭരിച്ചു. മഹാനായ പിതാവ് പുലർത്തിപ്പോന്ന സൗഹൃദം പൂർവ്വാധികം ശക്തമാക്കി സമാധാനപരമായ അന്തരീക്ഷം സൃഷ്ടിക്കാൻ ടിപ്പു പുതിയ സമീപനം കൈക്കൊണ്ടു. മലബാറിലെപ്പോലെ തിരുവിതാം കൂറിലും ടിപ്പു ഈ നയം ഉപയോഗിച്ചുനോക്കി. രാമരാജാവെന്നറിയപ്പെ

ടുന്ന രാമവർമ്മയുമായി ടിപ്പുസുൽത്താൻ കത്തിടപാടുകൾ നടത്തി. രാജാവ് ടിപ്പുവിന്റെ കത്തുകൾക്കു വ്യക്തമായ മറുപടി നൽകാതെ ഇംഗ്ലീഷ് സഹായമാവശ്യപ്പെട്ടു. ഇംഗ്ലീഷുകാർ രണ്ടു കുപ്പിണി സൈന്യത്തെ അയച്ചുകൊടുത്തു രാമവർമ്മയെ പ്രോത്സാഹിപ്പിച്ചു. ടിപ്പുവിന്റെ സാമന്തനായിക്കഴിഞ്ഞിരുന്ന കൊച്ചിരാജാവിന്റെ രാജ്യാതിർത്തിയിലൂടെ രാമവർമ്മ ഒരു കോട്ട കെട്ടി. ഈ നീക്കം ശ്രദ്ധാപൂർവ്വം മനസ്സിലാക്കിയ ടിപ്പു കാര്യങ്ങൾ സൂക്ഷ്മമായി നോക്കിക്കൊണ്ടിരുന്നു. ടിപ്പുവിനെ എതിർക്കുന്ന മലബാർ നാടുവാഴികളെ വിളിച്ചുവരുത്തി അഭയം നൽകി. കൊടുങ്ങല്ലൂർ, കോട്ടയം ആയിക്കോട്ടയും ലന്തക്കാരിൽനിന്നു വിലയ്ക്കു വാങ്ങി, കലാപകാരികൾക്ക് ആയുധസഹായം നൽകി പലവിധത്തിലും തിരുവിതാംകൂർ രാജാവ് യുദ്ധത്തിലേക്കു നാടിനെ വലിച്ചിഴയ്ക്കുകയായിരുന്നു. സമാധാനപ്രിയനും ക്ഷമാശീലനുമായ ടിപ്പു വീണ്ടും സൗഹാർദ്ദഹസ്തം നീട്ടി. ഈ പ്രതിസന്ധിഘട്ടത്തെപ്പററി പ്രശസ്ത ചരിത്രകാരനായ ഒരു മലയാളി ഇങ്ങനെയാണ് പറയുന്നത്. 'ഈ പ്രശ്നം സൗഹാർദ്ദപരമായി പരിഹരിക്കുന്നതിന് ടിപ്പു എല്ലാ മാർഗ്ഗങ്ങളും നോക്കി. ഇക്കാര്യത്തിൽ മദ്ധ്യസ്തത വഹിക്കാൻ അദ്ദേഹം കൊച്ചിരാജാവിനോടാവശ്യപ്പെട്ടു. പക്ഷേ തിരുവിതാംകൂർ രാജാവ് വിട്ടുവീഴ്ചയ്ക്ക് ഒരുക്കമല്ലായിരുന്നു. അതിനെ തുടർന്നു തന്റെ സ്വന്തം പ്രതിനിധികളായ അബ്ദുൾ ഖാദർ, അത്തോ അമീർ എന്നിവരെ രാജാവിന്റരികിലേക്കയച്ചു. അതുകൊണ്ടും പ്രയോജനമില്ലെന്നു കണ്ടപ്പോൾ ടിപ്പു മദ്രാസ് ഗവർമ്മേണ്ടിനെ സമീപിച്ചു. മിത്രമായ തിരുവിതാംകൂറിന്റെ നിയമനവിരുദ്ധപ്രവൃത്തി കമ്പനിയുടെ ശ്രദ്ധയിൽപ്പെടുത്തി. അന്നത്തെ ഗവർണ്ണരായ ഹോളണ്ടിനു ടിപ്പുവിന്റെ നില ന്യായമാണെന്നു തോന്നിയപ്പോൾ കോട്ടകൾ വിട്ടുകൊടുക്കാൻ ആവശ്യപ്പെട്ടു....''തിരുവിതാംകൂർ രാജാവിന്റെ പരസ്യമായ നിയമവിരുദ്ധപ്രവർത്തനങ്ങളിൽ തങ്ങൾക്കു പങ്കില്ലെന്നു കോൺവാലിസ് പ്രഭു ടിപ്പുവിനെ അറിയിച്ചു. തിരുവിതാംകൂർ രാജാവ്, ഇംഗ്ലീഷുകാരുടെ രക്ഷയ്ക്കു കൂടിയാണ് കോട്ട കെട്ടിയതെന്ന് ഗവർണ്ണർക്കെഴുതി. നയതന്ത്രപ്രധാനമായ ഈ കോട്ട മടക്കിക്കൊടുത്താൽ 6 ലക്ഷം രൂപ കൊടുക്കാമെന്ന് ടിപ്പു പറഞ്ഞു. പക്ഷേ തിരുവിതാംകൂറും ഇംഗ്ലീഷുകാരുമായുള്ള ബന്ധം മറ്റൊരു

രൂപത്തിൽ വളർന്നു കഴിഞ്ഞിരുന്നു. വിദേശശക്തിക്കു പിടിച്ചുനിൽക്കാവുന്ന സങ്കേതമായി കോട്ട ഉപയുക്തമാകരുതെന്ന ധാരണയോടെ ടിപ്പു സൗഹാർദ്ദപരമായി വീണ്ടും തിരുവിതാംകൂർ രാജാവിന് കത്തെഴുതി. ''കോഴിക്കോട്ട് ഹോർഗിരി, കീഴ്നാട്ടു നായർ, ചിറയ്ക്കൽ തുടങ്ങിയ രാജാക്കന്മാർക്കും കലാപകാരികൾക്കും നിങ്ങൾ അഭയം നൽകിവരുന്നതായറിയുന്നു. വളരെ വൻതുകകൾ തരാനുള്ള അവർക്ക് അഭയം നൽകിയും നമുക്കവകാശപ്പെട്ട സ്ഥലങ്ങൾ കയ്യടക്കിയും നിങ്ങൾ സൗഹാർദ്ദബന്ധം നഷ്ടപ്പെടുത്തുന്നത് ശരിയല്ല. വളരെ ലോകപരിചയവും കാര്യവിവരവുമുള്ള നിങ്ങൾ അത് ചെയ്യുമെന്ന് നാം കരുതിയില്ല. കൂടുതൽ വിശദീകരണം ആവശ്യമാണെങ്കിൽ നമ്മുടെ പ്രതിനിധി അബ്ദുൾ ഖാദർ പറയും......' ഈ കത്തിന് താനൊന്നും അറിഞ്ഞില്ലെന്ന ഭാവത്തിൽ തിരുവിതാംകൂർ രാജാവ് അയച്ച മറുപടിയാണിത്. ''കാരുണ്യത്തിന്റെ ഇരിപ്പിടമായ അങ്ങ് കൊടുത്തയച്ച കത്തും, പ്രത്യേക പ്രീതിയോടെ സമ്മാനിച്ച ഉടുപ്പും കിട്ടി. നിർല്ലോഭമായ ഈ കാരുണ്യംമൂലം എന്നെ അങ്ങ് ബഹുമാനിച്ചിരിക്കുന്നു. അങ്ങയ്ക്ക് പണം നൽകാനുള്ളവരാണ് ഇവിടെ അഭയാർത്ഥികളായി വന്നവരെന്നറിഞ്ഞപ്പോൾ ഞാൻ അത്ഭുതപ്പെട്ടു. രാജ്യം വിടാൻ ഞാൻ അവർക്ക് കല്പന കൊടുത്തു. ഈശ്വരൻ സാക്ഷിയായി അവർക്ക് തെററായ ഉപദേശം നൽകാൻ തുനിഞ്ഞിട്ടില്ല. മററു കാര്യങ്ങൾ ഇംഗ്ലീഷുകാരെ അറിയിക്കാതെ എനിക്ക് ഒന്നും ചെയ്യാൻ നിവർത്തിയില്ലാത്തതിനാൽ ഞാനവർക്ക് എഴുതിയിരിക്കുകയാണ്.'' ഇങ്ങനെ ടിപ്പു ആവശ്യപ്പെട്ട കാര്യങ്ങളിൽനിന്ന് ഒഴിഞ്ഞുമാറി അവസാനവിധി ഇംഗ്ലീഷുകാരാണ് എടുക്കേണ്ടതെന്ന് സമർത്ഥിച്ചു. മുഖസ്തുതികൊണ്ട് കത്ത് സമാഹരിക്കുകയാണ് രാമവർമ്മ ചെയ്യുന്നത്. സമാധാനസന്ധിക്കുള്ള എല്ലാ കവാടങ്ങളും അടച്ചുകഴിഞ്ഞപ്പോൾ ടിപ്പു തന്റെ വിശ്വസ്തരായ ഏതാനും ഭടന്മാരെ കോട്ടയുടെ അതിർത്തിയിൽ കാവൽ നിർത്തി. ചോർന്നുകിടക്കുന്ന ചാരന്മാരെ പിടിക്കുന്നതിനായി കാത്തുനിന്ന ഭടന്മാരോട് രാജാകേശവദാസിന്റെ ഒരു വലിയ സൈന്യം ഏററുമുട്ടി. വമ്പിച്ച രീതിയിലുള്ള ആവേശപ്രകടനങ്ങളും സന്നാഹങ്ങളുമാണ് ഏതാനും ഭടന്മാരോടെതിരിടാൻ രാജാകേശവദാസൻ ഒരുക്കിയത്. ഈ കാര്യത്തെ യുദ്ധമായി ടിപ്പു പരിഗണിച്ചില്ല. ഭടന്മാരെ മടക്കി

വിളിച്ചു. ഈ യുദ്ധത്തിലാണ് ടിപ്പു പങ്കെടുത്തിരുന്നുവെന്നും ടിപ്പുവിന്റെ കാലൊടിഞ്ഞെന്നും മററും തിരുവിതാംകൂർ ചരിത്രകാരന്മാർ എഴുതിപ്പിടിപ്പിച്ചിട്ടുള്ളത്. യഥാർത്ഥത്തിൽ ടിപ്പു തിരുവിതാംകൂറിലെ ഈ യുദ്ധത്തിൽ ഭാഗഭാക്കായിരുന്നില്ലെന്ന് ആത്മകഥയിൽ ടിപ്പു പറയുന്നു. കാവൽഭടന്മാർ തന്റെ അനുമതി കൂടാതെ അതിർത്തി കടന്നതാണെന്നും ടിപ്പുവിന്റെ കത്തുകളിൽ വ്യക്തമാകുന്നു. പ്രസ്തുത സംഘട്ടനം പൊക്കിക്കാട്ടി ഇംഗ്ലീഷുകാരെ രാജാകേശവദാസൻ വിളിച്ചുവരുത്തി. ഈ ഘട്ടത്തിൽ അവസാനത്തെ ഒരപേക്ഷ ടിപ്പു സമർപ്പിച്ചു. ''വിദേശികൾക്കെതിരായി യോജിക്കുക. രാജ്യം നമ്മുടെയെല്ലാം. സ്വാതന്ത്ര്യം നമ്മുടെയെല്ലാം. യോജിച്ചുനില്ക്കുക........''ടിപ്പുവിന്റെ സമാധാനപേക്ഷ തട്ടിമാററി രാജാകേശവദാസ് ബ്രിട്ടീഷ് പട്ടാളത്തെ സ്വാഗതം ചെയ്തു. ഗത്യന്തരമില്ലാതെ ടിപ്പു യുദ്ധത്തിനു തയ്യാറാകേണ്ടിവന്നു. രണ്ടുമാസക്കാലത്തെ സജ്ജീകരണങ്ങൾക്കുശേഷം തിരുവിതാംകൂർസൈന്യം 1890 മാർച്ച് 1-ാം തീയതി 1000 ഭടന്മാരോടുകൂടി ടിപ്പുവിന്റെ അതിർത്തി ലംഘിച്ചു. 400 വാര മുന്നോട്ടു നീങ്ങിയപ്പോൾ മൈസൂർ സൈന്യം തടഞ്ഞു. നയതന്ത്രജ്ഞരായ മൈസൂർ സേനാനികൾ പീരങ്കിയുണ്ട ഉതിർത്തുകൊണ്ട് തങ്ങളുടെ സങ്കേതങ്ങൾ കാത്തുരക്ഷിച്ചു. തിരുവിതാംകൂർസേനയുടെ സംഖ്യാപെരുപ്പം മൈസൂർ യുദ്ധനിപുണരുടെ മുമ്പിൽ വലിയ പ്രശ്നമല്ലാതായി. ഏപ്രിൽ 9-ാം തീയതി മദ്ധ്യാഹ്നത്തോടുകൂടി ആത്മവീര്യം നഷ്ടപ്പെട്ട തിരുവിതാംകൂർസൈന്യം പിന്മാറി. ഭീമമായ നഷ്ടത്തോടൊപ്പം ഭിരുത്വവും രാജാകേശവദാസിന്റെ സൈന്യത്തിൽ കളിയാടി. ആ മഹായുദ്ധത്തെപ്പററി സർദാർ പണിക്കരുടെ നിഷ്പക്ഷമായ അഭിപ്രായം ഉദ്ധരിക്കട്ടെ: ''......അധികസമയം കഴിയുന്നതിനുമുമ്പേ മൈസൂരിന്റെ മൂന്നു സൈനികനിരകൾ അക്രമസന്നദ്ധമായി മുന്നോട്ട് നീങ്ങി. തകർന്ന കോട്ടയുടെ സ്ഥാനത്ത് കാര്യമായ എതിർപ്പൊന്നും നേരിടേണ്ടിവന്നില്ല. തിരുവിതാംകൂർ സേന അടുത്ത അവസരങ്ങളിൽ കാണിച്ചിരുന്ന ധീരതയുടെ സ്ഥാനത്ത് ഭീരുത്വം പ്രത്യക്ഷപ്പെട്ടു. പ്രതിരോധസേനകൾക്ക് അമ്പരപ്പും ഭയവും പടർന്നുപിടിച്ചതുപോലെ തോന്നി. മൈസൂർ സേനയുടെ മുന്നേററത്തെ എതിരിട്ടുനില്ക്കാതെ പാലായനം ചെയ്തു. മൈസൂർ സേന കോട്ടയുടെ മുകളിൽ കയറാൻ തുടങ്ങി.

തിരുവിതാംകൂർ രാജാവിന്റെ ശിക്ഷണം ലഭിച്ച രണ്ടു കുപ്പിണികൾ വളരെ നിർബന്ധിച്ചശേഷം തിരിഞ്ഞുനിന്ന് വെടിവെച്ചു. മററുള്ളവർ തങ്ങളെ ഉപേക്ഷിച്ചതു കണ്ടപ്പോൾ അവർ വെടി തുടരാൻ കൂട്ടാക്കിയില്ല. യുദ്ധത്തി ലുള്ള പരിചയക്കുറവും, പരസ്പരവിശ്വാസമില്ലായ്മ, ഇതിനെല്ലാം ഉപരി യായ അച്ചടക്കരാഹിത്യം മൂലം പട്ടാളത്തെ വീണ്ടും അണിനിരത്താനുള്ള ശ്രമം പാഴായി, സംസ്ഥാനത്തെ മുഴുവൻ സൈന്യത്തെയും കേന്ദ്രീകരിച്ചി രുന്ന ഈ രക്ഷാനിര സംരക്ഷിക്കാൻ പുറപ്പെട്ടിരുന്ന തിരുവിതാംകൂർ മന്ത്രി (രാജാകേശവദാസ്) ഇത്ര വേഗത്തിൽ ഉപേക്ഷിച്ചത് ധീരവും ബുദ്ധിപൂർവ്വ വുമായിരുന്നില്ല. നമ്മുടെ ദേശീയ ചരിത്രത്തിലെ വലിയ പടത്തലവനായ രാജാകേശവദാസൻ വിദൂരവീക്ഷണഗതിയുള്ള ഒരു രാജതന്ത്രജ്ഞനായി രുന്നു എന്ന് അന്ധമായ വീരാരാധന മാററിവെച്ച് ചിന്തിച്ചാൽ മനസ്സിലാ കും. തിരുവിതാംകൂറിന്റെ ചെറിയതരം മാടമ്പിമാരെ മിരട്ടി കാര്യം നടത്തി യിരുന്ന രാജാകേശവദാസ് നയതന്ത്രജ്ഞതയുള്ള ഭരണകർത്താവും പട ത്തലവനുമായിരുന്നുവെങ്കിൽ നെടുങ്കോട്ട യുദ്ധത്തിൽ ഇത്രയധികം പേരെ കുരുതികൊടുക്കുകയില്ലായിരുന്നു. അദ്ദേഹത്തിന്റെ കാഴ്ചപ്പാടുകളിൽ ബ്രിട്ടീഷ് അടിമത്വമാണ് ടിപ്പുവിന്റെ സ്വാതന്ത്ര്യസമരത്തേക്കാൾ മാന്യതയു ള്ളതായി തോന്നിയത്. നെടുങ്കോട്ട യുദ്ധത്തിനുശേഷം ഇംഗ്ലീഷുകാർക്ക് കേരളത്തിൽ പരസ്യമായി ഇറങ്ങി പിന്നീട് നടന്ന യുദ്ധസന്നാഹങ്ങളിൽ തിരുവിതാംകൂറിലെ വലിയ പടത്തലവനായ ദിവാൻജിക്ക് കർണ്ണൽ ഹാറ്റ്‌ലി, ജനറൽ മൊഡോസ്, ഗവർണ്ണർ ഹോളണ്ട്, കോൺവാലിസ്, വെല്ലസ്ലി തുടങ്ങിയവരുടെ സഹായം ലഭിച്ചു. സ്വന്തം കാലിൽനിന്ന് ദിവാൻജിക്ക് മൈസൂർപ്പടയോട് യുദ്ധംചെയ്യേണ്ടിവന്നില്ല. ഇംഗ്ലീഷുകാ രുടെ സഹായം കൂടാതെ ഒരിഞ്ച് നീങ്ങാൻ നിവൃത്തിയില്ലാത്ത അവ സ്ഥയെ സ്വയം പുണരുകയാണ് രാമവർമ്മയും രാജാകേശവദാസും ചെയ്തത്. തെററായ സമുദായദ്വേഷത്തിൽ നിന്നുടലെടുത്ത ഭയവും അതിന് ഇംഗ്ലീഷുകാർ നൽകിയ പിന്തുണയുമാണ് ഈ ഗതികേടിൽ ദിവാൻജിയെ എത്തിച്ചത്. നേരെമറിച്ച് ആത്മധൈര്യത്തോടെ ടിപ്പുവിന്റെ സൗഹൃദത്തെ തിരുവിതാംകൂർ മാനിച്ചിരുന്നുവെങ്കിൽ ഇംഗ്ലീഷുവാഴ്ച

ഇന്ത്യയിൽ കാണുമായിരുന്നില്ല. ഇൻഡ്യയുടെ ചരിത്രം തന്നെ മാററി എഴു തപ്പെടുമായിരുന്നു.

സമയം കാത്തിരുന്ന ഇംഗ്ലീഷുകാർ ഒരു ദ്വിമുഖ സമരപദ്ധതി തയ്യാ റാക്കി മൈസൂരിലും മലബാറിലും ഒപ്പം നീങ്ങി. അതുകൊണ്ടും യുദ്ധ ത്തിന്റെ നാശത്തിൽ ചെന്നുചാടാൻ തിരുവിതാംകൂറിനും കൊച്ചിക്കും നിർഭാഗ്യമുണ്ടായില്ല. ടിപ്പു മൈസൂരിലേക്ക് തിരിച്ചുപോയതോടെ ഇംഗ്ലീ ഷുസേനയുടെ പിന്നിൽ അഭയം തേടിയ വലിയ പടത്തലവന്മാർ ജയാരവം മുഴക്കി മുന്നിൽ വന്നു. ഇതാണ് നമ്മുടെ ദേശാഭിമാനോജ്വലമായ ദേശീയ ചരിത്രത്തിലെ വർണ്ണപ്പകിട്ടേറിയ ചിത്രം.

ടിപ്പു മതവിദ്വേഷിയോ കലഹപ്രിയനോ ആയിരുന്നില്ലെന്നു റിക്കാർഡുകൾ തെളിയിക്കുന്നു. മലബാറിലും കൊച്ചിയിലും ഏററവും വലിയ സമുദായ സൗഹൃദമാതൃകകൾ ടിപ്പു പ്രായോഗികമാക്കി. ഹിന്ദു വിനും മുസ്ലീമിനും ആരാധിക്കാനുള്ള തുല്യാവകാശം വളർത്തി പരി രക്ഷ നൽകി. ടിപ്പുവിന്റെ ആക്രമണം പൊക്കിക്കാട്ടി സമുദായവിദ്വേഷം ഇളക്കിവിട്ടവർക്കിതെല്ലാം നല്ല മറുപടികളാണ്. ''മുസ്ലീം പട്ടാളം തൃശൂർ ക്ഷേത്രപരിസരങ്ങളിൽ താവളമടിച്ചിരുന്നെങ്കിലും ക്ഷേത്രത്തിന്റെ ഒരൊറ്റ വാതിലിന് കേടുസംഭവിച്ചില്ലെന്ന് പ്രത്യേകം സ്മരണീയമാണ്.'' മതഭ്രാന്ത നായിരുന്നെന്ന് മുദ്രയടിക്കപ്പെട്ട ടിപ്പുവിന്റെ പ്രധാനമന്ത്രി പൂർണ്ണ ഹൈന്ദ വനായിരുന്നു. മൈസൂരിൽ ശ്രീരംഗപട്ടണത്ത്, മുസ്ലീം പള്ളിയും ഹൈന്ദവ ദേവാലയവും തോളുരുമ്മി നിൽക്കുന്നതായി കാണാം. മലബാറിലെ രാമ നാട്ടുകര, തിരൂർ, ഗുരുവായൂർ ക്ഷേത്രങ്ങൾക്ക് കരമൊഴിവായും മററു പരി രക്ഷകൾ നൽകിയും ടിപ്പു തന്റെ വിശാലമായ മനുഷ്യസ്നേഹം വളർത്തി. ഇംഗ്ലീഷുകാരുടെ തെററിദ്ധരിപ്പിക്കലിലൂടെ പടർന്നുകയറിയ ടിപ്പു വിദ്വേഷം ഒരു ദേശീയരോഗമായി മാറി. ഇന്നത് ശസ്ത്രക്രിയ ചെയ്ത് മാറ റാനുള്ള റിക്കാർഡുകൾ പുറത്തുവന്നു തുടങ്ങിയിട്ടുണ്ട്

# സ്വാതന്ത്ര്യസമരവും കേരള മുസ്‌ലീംമീങ്ങളും

ഇന്ത്യ സുദീർഘങ്ങളായ സംഭവപരമ്പരകളെ പിന്നിട്ട് സ്വാതന്ത്ര്യത്തി ലെത്തിയിരിക്കുകയാണ്. ഭാരതത്തിലങ്ങോളമിങ്ങോളം സ്വാതന്ത്ര്യസമര ത്തിന്റെ നൂറാം വാർഷികം കൊണ്ടാടുകയാണ്. വിദേശശക്തി ഇന്ത്യയുടെ മണ്ണിൽ കാലൂന്നിയ കാലഘട്ടം മുതൽ ഇന്ത്യാക്കാരുടെ സന്ധിയില്ലാസമരം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 1857 ലെ സമ്പൂർണ്ണമായ സമരത്തിനു മൂന്നു നൂററാണ്ടുകൾക്കു മുമ്പു കേരളതീരത്തു വിദേശവാഴ്ചക്കെതിരായി ദേശാഭിമാനികളുടെ പ്രതിരോധനം രൂപം പൂണ്ടു. 1498 ൽ 'വാസ്ക്കോഡി ഗാമ' മലബാർ തീരത്തു കാലുകുത്തിയപ്പോൾ നവാതിഥികളെ പകച്ചുനോ ക്കിയ നാടൻ കൃഷീവലന്മാരുടെ നയനങ്ങളിൽ സംശയത്തിന്റെ കാളിമ കണ്ടുതുടങ്ങിയിരുന്നു. ഗാമയും അനുചരസംഘവും വ്യാപാരത്താല്പര്യ ത്തോടുകൂടിയാണ് കാപ്പാട് കപ്പലിറങ്ങിയതെങ്കിലും കാലക്രമത്തിൽ അതു മതപ്രചാരണത്തിലേക്കും ഭരണതാല്പര്യത്തിലേക്കും ഒരു വഴികാട്ടിയായി ത്തീർന്നു. ഗാമയ്ക്കു മുമ്പുതന്നെ പോർച്ചുഗലിലെ സാഹസികരായ സഞ്ചാരികൾ ഇന്ത്യയിലേക്കു പുറപ്പെട്ടിരുന്നു. പക്ഷെ വാസ്ക്കോഡിഗാമ ക്കാണ് ആദ്യമായി രാജോചിതമായ സ്വീകരണം ലഭിച്ചത്. വാസ്ക്കോഡി ഗാമയുടെ ആഗമനവേളയിലെ വേഷം ചരിത്രകാരനായ 'കൊറിയ 'ഇങ്ങ നെയാണ് രേഖപ്പെടുത്തുന്നത്.

''കാലുവരെ നീണ്ടുകടക്കുന്ന തവിട്ടുനിറത്തിലുള്ള സൂര്യപടമേല ങ്കിയും അതിനടിയിൽ നീലസൂര്യപടത്തിലുള്ള കുപ്പായവും മുട്ടുവരെ എത്തുന്ന വെളുത്ത ചെരിപ്പുകളും അദ്ദേഹം ധരിച്ചിരുന്നു നീല വില്ലീസു കൊണ്ടുള്ള തൊപ്പിയിൽ മനോഹരമായ മെഡൽകൊണ്ടു പിടിപ്പിച്ച ഒരു വെളുത്ത തൂവൽ പരിലസിച്ചിരുന്നു. വിലയേറിയ കഴുത്തുപട്ടയും അരക്ക ച്ചയും സുന്ദരമായ കഠാരവും അദ്ദേഹത്തിന്റെ വേഷം പൂർത്തിയാക്കി.'' ഗാമയുടെ ഈ വേഷവിധാനം നാട്ടുകാരിൽ ചിലരുടെ കണ്ണഞ്ചിച്ചു, ആഭര ണവിഭൂഷിതനായ ഗാമയുടെ പരിവേഷത്തിൽ കേരളഭരണാധികാരികൾ കണ്ണുമിഴിച്ചുനിന്നുപോയി. പക്ഷെ ഗാമ തന്റെ അരപ്പട്ടയിൽ തിരുകിയിരുന്ന

കഠാരി ഇന്ത്യയുടെ മാറിടത്തിൽ കാലക്രമത്തിൽ കുത്തിയിറക്കിയപ്പോഴാണ് ഇന്ത്യൻ രാജാക്കന്മാർ കാര്യം ഗ്രഹിച്ചത്. എന്നാൽ വിദൂരവീക്ഷണവും രാജ്യതാല്പര്യതൃഷ്ണയും ഉണ്ടായിരുന്ന മലബാറിലെ മുസ്ലീം വ്യാപാരികൾ ഗാമയുടെ ആഗമനം ആപത്തിന്റെ സൂചനയായി കണ്ടിരുന്നു. കോഴിക്കോട്ടെ സാമൂതിരി ആദ്യഘട്ടത്തിൽ ഈ നവാതിഥിയുടെ പൊൻപൂശിയ ചിരിയിൽ മതിമയങ്ങിയെങ്കിലും പിന്നീടത് രാജ്യത്തിന് ശാപമായി തീർന്നപ്പോഴാണ് തന്റെ നയോപായമില്ലായ്മയിൽ സ്വയം ലജ്ജിതനായത്.

യഥാർത്ഥത്തിൽ ഇന്ത്യയിലെ സ്വാതന്ത്ര്യസമരം ആരംഭിച്ചത് കേരളക്കരയിൽ നിന്നാണ്. വാസ്ക്കോഡിഗാമ, കബ്രാൾ, ലൂയിസ് കൊടിഞ്ഞോ, ഫ്രാൻസിസ് കോഡാകുഞ്ഞാ, ലോപ്പൽ പെറസ്ററിലോ ഡാ അഗുയാർ, റയിഡാകസ്റ്റിനാഡാ ഫർണാണ്ടസ് അൽമേലോ, അൽബുക്കർക്ക്, ലോപ്പസ്, സോമഫോൺ, സോഡിമല്ലോ തുടങ്ങിയ പോർത്തുഗീസ് പടനായകന്മാർക്കെതിരായി 90 വർഷക്കാലം പാച്ചാച്ചിമരക്കാർ, കുട്ടിയാലി മരക്കാർ, കുട്ടി അബൂബക്കർ മരക്കാർ, അലിഇബ്രാഹിം മരക്കാർ, മൂസ്സാമരക്കാർ തുടങ്ങിയ മലയാളി ധീരന്മാർ നടത്തിയ ആദ്യകാലവിമോചനസമരമാണ് ഇന്ത്യൻ സ്വതന്ത്ര്യവിപ്ലവത്തിന് ആശയും ആവേശവും നല്കിയത്. സമാധാനപ്രിയരും സത്യന്ധരുമായ കേരളീയരെ ഭീഷണിപ്പെടുത്തുവാനാണ് ഗാമ ആദ്യമായി ശ്രമിച്ചത്. കോഴിക്കോട്ടു തുറമുഖത്ത് ചരക്കുകൾ കയററി അറേബ്യയിലേക്കു യാത്ര പുറപ്പെടാൻ തയ്യാറായ ഏതാനും കപ്പലുകൾ പോർച്ചുഗീസുകാർ മുന്നറിയിപ്പുകൂടാതെ ആക്രമിച്ചു. ഈ ആക്രമണവാർത്ത കാട്ടുതീപോലെ നഗരത്തിൽ പടർന്നുപിടിച്ചു. ആദ്യത്തെ ആക്രമണം കൊണ്ട് സാമൂതിരി പോർച്ചുഗീസുകാരുടെ നയോപായം ഗ്രഹിച്ചു. അറബിക്കടലിൽ സ്വാധീനം സ്ഥാപിച്ചാൽ മാത്രമേ തങ്ങളുടെ സാമ്രാജ്യത്വതാല്പര്യം സുരക്ഷിതമാകുകയുള്ളു എന്ന് ഗാമ പോർച്ചുഗൽ രാജാവിന് റിപ്പോർട്ടു ചെയ്തു. ഗാമയുടെ കേരളത്തിൽനിന്നുള്ള ആഗമനം പോർച്ചിഗൽ രാജാവിന്റെയും അദ്ദേഹത്തിന്റെ പ്രജകളെയും സന്തോഷിപ്പിച്ചു. തീരപ്രദേശത്തുള്ള അറബികളെ തുരത്തുവാനും സാമൂതിരിയെ പാട്ടിലാക്കുവാനുമായി പരാക്രമശാലിയായ കബ്രാളിന്റെ നേതൃത്വത്തിൽ 1500 പടയാളിക

ളടങ്ങിയ 33 പടക്കപ്പലുകൾ കേരളത്തിലേക്ക് നിയോഗിക്കപ്പെട്ടു. കേരളത്തിൽ തീണ്ടലും അയിത്തവും വാഴ്ച നടത്തിയിരുന്ന ഒരു കാലഘട്ടത്തിലായിരുന്നു ഈ സംഭവം നടന്നത്. ഒരധ:കൃതമുക്കുവനെ പറങ്കിയൂണിഫോറം ധരിപ്പിച്ചു സാമൂതിരിയെ കാണാനായി കബ്രാൾ പറഞ്ഞയച്ചു. മാനഹാനി സംഭവിച്ച സാമൂതിരി വിഷണ്ണനായി. യുദ്ധത്തിന്റെ തീപ്പൊരി ഇതോടുകൂടി കേരളതീരത്ത് ആപത്തിന്റെ സ്ഫുലിംഗങ്ങൾ പടർത്തിവിട്ടു. ഭിന്നിച്ചുനിന്നിരുന്ന കേരളത്തിലെ രാജാക്കന്മാരെ പലരെയും പോർച്ചുഗൽ പടനായകന്മാർ സമീപിച്ചു. കലഹപ്രിയരായ പോർച്ചുഗീസ്സുകാർക്ക് കേരളത്തിൽ തഴച്ചുവളരാൻ ഇവിടുത്തെ രാജാക്കന്മാർതന്നെ സന്ദർഭമുണ്ടാക്കിക്കൊടുത്തു. കേരളരാജാക്കന്മാരും മുസ്‌ലീംകളും നൂറ്റാണ്ടുകളായി പടുത്തുയർത്തിക്കൊണ്ടിരുന്ന സൗഹൃദബന്ധത്തിന്റെ എല്ലാ ചരടുകളും അറുത്തുമുറിക്കാൻ പറങ്കികൾ അവർക്കു ലഭിച്ച സന്ദർഭം പാഴാക്കിയില്ല. കണ്ണൂർ, പന്തലായിനി, ചാലിയം, കോഴിക്കോട്, താന്നൂർ, പൊന്നാനി, ചാവക്കാട്, ചേററുവായ്, കൊടുങ്ങല്ലൂർ, കൊച്ചി, തെക്കൻകൊല്ലം, എന്നിവിടങ്ങളിൽ മുസ്‌ലീമുകൾ ഇടതിങ്ങി താമസിച്ചിരുന്നു. അവിടെനിന്നാണ് സംഘട്ടനങ്ങൾ രൂപം പൂണ്ടത്. വെട്ടിയും കൊന്നും രാജ്യം പിടിച്ചടക്കാൻ വെറിപൂണ്ട് കാപാലികരെപ്പോലെ പാഞ്ഞുകയറിയ പറങ്കികളുടെ മുമ്പിൽ പതിനായിരക്കണക്കിനു മുസ്ലീംകൾ യുദ്ധംചെയ്തു മരിച്ചുവീണു. പോർച്ചുഗീസ് ചരിത്രകാരന്മാരുടെ ഏകപക്ഷീയമായ അഭിപ്രായങ്ങൾ നിഷ്പക്ഷതയോടെ പരിശോധിച്ചാൽതന്നെ അക്കാലത്തു കേരളത്തിൽ നടന്നതു ഒരു വിമോചനസമരമായിരുന്നുവെന്നു നിഷ്പ്രയാസം ഗ്രഹിക്കാം. സംഘടിതമായി കേരളീയരും വിദേശസേനകളുമായി പതിനാറാം നൂററാണ്ടിൽ അറബിക്കടലിൽ നടന്ന ഒരു വമ്പിച്ച നാവികസമരത്തെപ്പററി അഡ്മിറൽ ബല്ലാഡ് എന്ന ചരിത്രസഞ്ചാരി ഇങ്ങിനെയാണ് വെളിപ്പെടുത്തുന്നത്. ‘‘ചരിത്രത്തിൽ വളരെ പ്രാധാന്യമുള്ള ഒരു മഹാസമരമായിരുന്നു അത്. ഈ സംഭവത്തിന്റെ യാഥാർത്ഥ്യം ഗ്രഹിക്കുവാനും ഇരുകക്ഷികളുടെ ബലം മനസ്സിലാക്കാനും പോർച്ചുഗീസ് ചരിത്രകാരന്മാരുടെ രേഖ മാത്രമാണ് ശേഷിച്ചിട്ടുള്ളത്. അവരുടെ രേഖകൾ നിഷ്പക്ഷത തീണ്ടിയിട്ടുള്ളതല്ല. എഴുപതു പത്തേമാരികളും നൂറോളം ചെറിയ കപ്പലുകളുമുണ്ടായിരുന്നുവെന്നു

കൊറിയ പറയുന്നുണ്ട്. വലിയ കപ്പലുകളിൽ ചെറുപീരങ്കികളും ഘടിപ്പിച്ചിരുന്നു. പൗരസ്ത്യദേശത്തു സുപ്രസിദ്ധനായിതീർന്ന അറബി സേനാനി ഖോജാംബരന്റെ ചെങ്കടൽപ്പടയും ഖോജാകോസ്മിന്റെ മലബാർപടയും സംയോജിപ്പിച്ചുകൊണ്ടു മുന്നോട്ടുനീങ്ങിയപ്പോൾ യുദ്ധത്തിന്റെ സ്വഭാവം തന്നെ മാറി. ഈ മഹായുദ്ധം ഏഷ്യയിലൊരു പ്രധാന സംഭവമായി പരിഗണിക്കാം.''

സാമൂതിരി നേതൃത്വം നൽകിയാരംഭിച്ച പ്രസ്തുത സ്വാതന്ത്ര്യസമരത്തിന്നു മദ്ധ്യപൗരസ്ത്യദേശത്തെ മുസ്ലീം രാജ്യങ്ങളിൽനിന്നു നിർല്ലോഭം സഹായം ലഭിച്ചിരുന്നു. കുപ്രസിദ്ധകൊള്ളത്തലവനായ ആൽബൂക്കർക്കിന്റെ കാലത്തു മലബാർ തീരത്തുനടന്ന സായുധലഹള മൃദുലചിത്തരെ ഞെട്ടിപ്പിക്കുന്നതാണ്. കൊച്ചുകുട്ടികളെ കുന്തത്തിൽക്കുത്തി കോഴിക്കോട്ടേയും കൊച്ചിയിലെയും തെരുവുകളിലൂടെ നട്ടുച്ചക്കു പൈശാചികമായ രീതിയിൽ അട്ടഹസിച്ചാർത്തുല്ലസിച്ചു ഭീകരഘോഷയാത്ര നടത്തിയതു ആൽബുക്കർക്കിന്റെ കാലത്താണ്. വഞ്ചകനായ ആൽബുക്കർക്കു സാമൂതിരിക്കു വിഷം കൊടുക്കാൻ നമ്പ്യാതിരിയെ ഉപദേശിച്ചിരുന്നുവെന്നു പോർച്ചുഗൽ രാജാവിനെഴുതിയ കത്തിൽ അഭിമാനപുരസ്സരം അവകാശപ്പെട്ടിട്ടുണ്ട്. ഭിന്നിപ്പിച്ചു ഭരിക്കുകയെന്ന നയം ഇംഗ്ലീഷ്കാർക്കുമുമ്പെ ഇവിടെ പാകിമുളപ്പിച്ചത് പോർത്തുഗീസുകാരാണ്. 1524 –ൽ വാസ്ക്കോഡിഗാമ കൊച്ചിയിൽ വെച്ചന്തരിക്കുമ്പോൾ പോർച്ചുഗീസ് ശക്തി കേരളത്തിന്റെ തീരപ്രദേശങ്ങളിൽ കാലുറച്ചു കഴിഞ്ഞിരുന്നു. അറേബ്യയും കേരളവുമായി നിലനിന്ന സൗഹൃദം പറങ്കികൾക്ക് ഒരു തീരാത്തലവേദനയായിത്തീർന്നിരുന്നു. പോർച്ചുഗൽ രാജാവിന് ആൽബുക്കർക്കെഴുതിയ ഒരു കത്തിൽ അതിങ്ങനെയാണ് സൂചിപ്പിക്കുന്നത്. അങ്ങക്ക് ഐശ്വര്യപൂർണ്ണമായ കോഴിക്കോട് തുറമുഖം കീഴ്പ്പെടുത്തണമെന്നാഗ്രഹമുണ്ടെങ്കിൽ മക്കയും കോഴിക്കോട്ടും തമ്മിലുള്ള കച്ചവടബന്ധം ഇല്ലാതാക്കണം. ദൃഢപ്രതിജ്ഞയെടുത്ത് ഈ ബന്ധവിഛേദനത്തിനായി പറങ്കിപ്പട 1595–വരെയും നിരന്തരം കൊള്ളയും കൊള്ളിവെയ്പും നടത്തി. ധീരന്മാരും സേനാനികളുമായ മരക്കാർമാർ വിശാലമായ അറബിക്കടലിന്റെ വിരിമാറിൽ തങ്ങളുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനായി ധീരസമരം ചെയ്തു.

രക്തസാക്ഷികളായി ചരിത്രപ്രസിദ്ധനായ കുഞ്ഞാലി രണ്ടാമൻ ഒരു നാവി കയുദ്ധത്തിലിടപെട്ട് 17 ദിവസം ഇടതടവില്ലാതെ സമരം ചെയ്ത് അവ സാനം പരാജയപ്പെട്ടെങ്കിലും പറങ്കിൾക്ക് പിടികൊടുക്കാതെ തൊണ്ണൂറു നാഴിക കമിഴ്ന്നും മലർന്നും നീന്തികരക്കണഞ്ഞ സംഭവം പോർച്ചുഗീസ് ചരിത്രകാരന്മാർ തന്നെ സാത്ഭുതം സമർത്ഥിച്ചിട്ടുണ്ട്. അവസാനത്തെ സാമൂതിരിമാരിൽ കാലക്രമത്തിൽ കണ്ടുതുടങ്ങിയ ബലഹീനതയും ദൗർബ്ബല്യവും രാജ്യത്ത് അരക്ഷിതാവസ്ഥ സൃഷ്ടിച്ചു. കുഞ്ഞാലി 2–ാംമന്റെ കാലത്താണ് സ്വാതന്ത്ര്യസമരത്തിന്റെ പ്രഥമഘട്ടം സമാപിച്ചത്. കുഞ്ഞാലിയുടെ അനുയായികളായ മരയ്ക്കാർ പ്രഭൃതികളെ ചെമ്മലോട്, വളപട്ടണം, കാസർകോട്ട, പരപ്പനങ്ങാടി എന്നീ സ്ഥലങ്ങളിൽനിന്നു പോർത്തുഗീസ്സുകാർ സാമൂതിരിയുടെ അനുമതി കൂടാതെ തടവിലാക്കി നിഷ്ക്കരുണം വധിക്കയാണുണ്ടായത്. നിസ്സഹായനായ സാമൂതിരി ഈ ദാരുണ വാർത്തയറിഞ്ഞപ്പോൾ പൊട്ടിക്കരഞ്ഞുപോയെന്ന് എഫ്. എസ്. ഡേവിസ് എന്ന പോർത്തുഗീസ് ചരിത്രകാരൻപോലും രേഖപ്പെടുത്തിയിരിക്കുന്നു. ധീരന്മാരുടെ ആ തലമുറ നാമാവശേഷമായപ്പോൾ കേരളത്തിൽ പറങ്കിവാഴ്ച നിർബാധം നിലവിൽവന്നു.

മദ്ധ്യകേരളത്തിലെ രാജാക്കന്മാരും മാടമ്പികളും ഇടപ്രഭുക്കന്മാരും തമ്മിൽ കലഹിച്ചുകൊണ്ടിരുന്നപ്പോൾ പറങ്കികളുടെ പിന്നാലെ ലന്തക്കാരും ഡച്ചുകാരും ഇംഗ്ലീഷുകാരും കേരളത്തിലെത്തി. ഈ ഘട്ടത്തിൽ പ്രാബല്യം നശിച്ചു മുസ്ലീംകൾ സാമ്പത്തികരംഗത്തേററുമുട്ടാൻ കഴിവില്ലാതെ പിന്നണിയിലേക്കു തള്ളപ്പെട്ടു. അവരിൽപലരും ഇന്ത്യയുടെ നാനാ ഭാഗങ്ങളിലും ജീവസംരക്ഷണാർത്ഥം ചെന്നെത്തി.

പറങ്കിപ്പടയുടെ കാലത്ത് കേരളത്തിലെ മുസ്ലീമീങ്ങളനുഭവിച്ച തീവ്രമായ വേദന പിൻതലമുറകളിൽ വിദേശശക്തിയോട് സമരം ചെയ്യാനുള്ള ആസക്തിയാണ് വളർത്തിവിട്ടത്. അതുകൊണ്ടാണ് ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി നടന്നിട്ടുള്ള ബഹുമുഖങ്ങളായ സമരങ്ങളിൽ മുസ്ലീംകൾ അതിപ്രധാനമായ പങ്കുവഹിച്ചത്. ലന്തക്കാരുടെ കാലത്ത് മൂന്നോ നാലോ രംഗങ്ങളിൽ മാത്രമേ കേരളമുസ്ലീംകൾക്ക് ഏററുമുട്ടേണ്ടതായി വന്നിട്ടു

ള്ളു. ഒരു നൂററാണ്ടുകാലത്തെ യുദ്ധത്തിൽനിന്നു വിമോചിതരായ മുസ്ലീം കൾ തങ്ങളുടെ സാമൂഹ്യജീവിതം ഭദ്രമാക്കാൻ ഗ്രാമപ്രദേശങ്ങളിൽ അട ങ്ങിയൊതുങ്ങി കഴിയാനാഗ്രഹിച്ചു. മററൊരു ശക്തിക്കും സ്വാധീനം ചെലു ത്താൻ സാധിക്കാത്ത വ്യാപാരരംഗത്തു വിദേശികൾ കടന്നുകൂടിക്കഴി ഞ്ഞു. അന്താരാഷ്ട്രീയവ്യാപാരമാർഗ്ഗങ്ങളിൽ നിരവധി വിഘ്നങ്ങൾ പറ ങ്കികൾ വലിച്ചിട്ടു. എല്ലാത്തുറകളിലും തകർച്ച സംഭവിച്ചുകൊണ്ടിരുന്ന ഒരു കാലഘട്ടമായിരുന്നു 18–ാം നൂററാണ്ടിൽ മുസ്ലീംകളുടേത്. കേരളക്കര യിൽ സ്വൈര്യജീവിതം അസാദ്ധ്യമായിത്തീർന്ന ഘട്ടത്തിലാണ് അയൽരാ ജ്യമായ മൈസൂരിൽ നിന്നു ഹൈദരാലിഖാന്റെ സഹായം മുസ്ലീംകൾക്ക് ലഭിച്ചത്. കേരളത്തിന്റെ പുറത്തുനിന്നു ഒരാളുടെ സഹായം നിർബന്ധ പൂർവ്വം വാങ്ങണമെന്നു അന്നത്തെ മുസ്ലീംകൾക്കാഗ്രഹമുണ്ടായിരുന്നില്ല. ഹൈദരാലിഖാനും ടിപ്പുസുൽത്താനും അകാരണമായി കേരളത്തെ ആക്ര മിച്ചുവെന്നു അകാരണമായി എഴുതിത്തള്ളുന്ന ചരിത്രകാരന്മാർ ചരിത്രരേ ഖകൾ നിഷ്പക്ഷതയോടെ പരിശോധിച്ചിട്ടില്ല. കോയമ്പത്തൂർ അതിർത്തി യിൽ ഹൈദരാലിഖാൻ തന്റെ സൈനികനില സുരക്ഷിതമാക്കിക്കൊണ്ടിരു ന്നപ്പോഴാണ് പ്രതാപശാലിയായ മാർത്താണ്ഡവർമ്മ മഹാരാജാ വിൽനിന്നു 1753ൽ സഹായം അപേക്ഷിച്ചുകൊണ്ടു ഒരു കത്തു ലഭിച്ചത്. മാർത്താണ്ഡവർമ്മയുടെ അധികാരതാണ്ഡവം പൊറുത്തുകൊടുപ്പാൻ തയ്യാറില്ലാത്ത മാടമ്പിമാരെയും പ്രഭുക്കളെയും ഒതുക്കിനിറുത്തുവാനാണ് രാജാവ് സഹായം ആവശ്യപ്പെട്ടത്. സൈനികസജ്ജീകരണങ്ങളോടെ കേര ളത്തിലേക്കു യാത്രയായ സമയത്ത് മാർത്താണ്ഡവർമ്മയിൽനിന്നു ഒരു കത്തുകൂടി ഹൈദരാലിഖാന്നു ലഭിച്ചു. ആ കത്തിലെ ഉള്ളടക്കം സഹായം ആവശ്യമില്ലെന്നു സൂചിപ്പിക്കുന്നതായിരുന്നു. ആകസ്മികമായ ഈ നിര സനം ഹൈദരിന്റെ അഭിമാനബോധത്തെ വേദനപ്പെടുത്തിയിരുന്നു.

അപമാനിതനായ ഹൈദരാലിഖാൻ മററൊരു ഘട്ടത്തിൽ പാലക്കാട്ടു രാജാവിന്റെ ക്ഷണനമനുസരിച്ചു കേരളത്തിൽ കടക്കുകയാണുണ്ടായത്. ഹൈദർ അനാവശ്യമായി കടന്നാക്രമിക്കുകയല്ല. നേരെ മറിച്ച് കേരള ത്തിലെ അശക്തരായ രാജാക്കന്മാർ ആ പ്രതാപശാലിയെ ഇവിടേക്കു ക്ഷണിച്ചുവരുത്തുകയാണ് ചെയ്തത്. ഈ ഘട്ടത്തിൽ മലബാർ മുസ്ലീം

കൾ തങ്ങളനുഭവിക്കുന്ന ദുരിതങ്ങളുൾപ്പെടുത്തിക്കൊണ്ട് അറക്കൽ രാജാവിന്റെ നേതൃത്വത്തിൽ ഒരു നിവേദനം ഹൈദരിനു സമർപ്പിച്ചത് സ്മരണീയമാണ്. ഹൈദരാലിഖാൻ മൂന്നു ഘട്ടങ്ങളിലായി മലബാറിൽ നടത്തിയ യുദ്ധങ്ങളിൽ വ്യക്തവും സുനിശ്ചിതവുമായ ഒരു നയം ആവിഷ്ക്കരിച്ചിരുന്നു. വിദേശശക്തിക്കനുകൂലമായി നില്ക്കുന്ന രാജാക്കന്മാരെയാണ് അദ്ദേഹം വെറുത്തിരുന്നത്. ഹൈദരിനുശേഷം ടിപ്പുസുൽത്താനും ഈ നയം പൂർവ്വാധികം അന്തസ്സോടെ പിൻതുടർന്നു. കേരളത്തിലെ രാജാക്കന്മാർ പിന്നണിയിലേക്കു തള്ളപ്പെടുകയും ബ്രിട്ടീഷുകാർ മുന്നണിയിൽ വരുകയും ചെയ്തു. ഹൈദരും ടിപ്പുവുമായി ഇംഗ്ലീഷുകാർ നടത്തിയ യുദ്ധങ്ങളിൽ മലബാറിലെയും തിരുവിതാംകൂറിലെയും രാജാക്കന്മാർ അനുവർത്തിച്ച നയവും അഭിനയിച്ച ഭാവവും ചരിത്രത്തിൽ വ്യക്തമായിക്കാണാം. 1784–ൽ കാലണ്ടർ, റേവൻ ക്രാഫ്ററ് എന്നീ കമ്മീഷണർമാർക്ക് നൽകിയ നിർദ്ദേശങ്ങളിൽ തിരുവിതാംകൂറിനെപ്പററി ഇങ്ങിനെ ഒരു രേഖയുണ്ട്. 'തിരുവിതാംകൂർ രാജാവ് കമ്പനിയുടെ വിശ്വസ്തനായ ഒരു പുരാധന ബന്ധുവാണ്. ഹൈദരലിക്കെതിരായ കഴിഞ്ഞ യുദ്ധത്തിൽ അദ്ദേഹം വളരെ സജീവമായ സഹായങ്ങൾ നൽകി ആ ബന്ധത്തിന്റെ ആത്മാർത്ഥത പ്രകടിപ്പിച്ചിട്ടുണ്ട്. തിരുവിതാംകൂർ ചരിത്രത്തിലെ വീരദേശാഭിമാനിയായ വേലുത്തമ്പി ദളവാ ടിപ്പുസുൽത്താനുമായി അന്നു യോജിച്ചിരുന്നെങ്കിൽ വിദേശവാഴ്ചയുടെ എല്ലാ ബന്ധങ്ങളും ഇവിടുന്ന് എന്നെന്നേക്കും തുടച്ചു മാററാമായിരുന്നു. വിദൂരവീക്ഷണഗതിയുള്ള നയതന്ത്രജ്ഞന്മാരുടെ അഭാവം അന്നു കേരളത്തിൽ വൈദേശികശക്തിക്കു പടർന്നുകയറാൻ സഹായകമായി. ഹൈദരലിയും ടിപ്പുവും കേരളത്തിന്റെ മണ്ണിൽവെച്ചു ഫ്രഞ്ചുകാരോടും ഇംഗ്ലീഷുകാരോടും നടത്തിയ യുദ്ധത്തിൽ കേരളമുസ്ലീകൾ ആത്മാർത്ഥമായി സഹകരിച്ചിരുന്നു. സാമുദായിക കലാപത്തിന്റെ ഉള്ളറകളിൽ ഒതുക്കി നിറുത്താൻ സാധിക്കാത്ത ദേശീയ സമരങ്ങളായിരുന്നു അവ. ടിപ്പുവിന്റെ പടയോട്ടക്കാലത്തു രോമാഞ്ചം കൊള്ളിക്കുന്ന മഹാസംഭവങ്ങൾ വിദേശശക്തിക്കെതിരായുള്ള മുന്നേററത്തിന്റെ പ്രതിഫലനങ്ങളായി തുറന്ന മനസ്സോടെ കാണാൻ സാധിച്ചിരുന്നെ

ങ്കിൽ വിദേശീയരുടെ വിനാശവാഴ്ച നമ്മുടെ രാജ്യത്തനുഭവപ്പെടുമായിരുന്നില്ല.

ഇന്ത്യയുടെ പല ഭാഗങ്ങളിലും ഈസ്റ്റിന്ത്യാകമ്പനി അസംസ്കൃതവസ്തുക്കൾ സംഭരിക്കാനെന്ന ഭാവത്തിൽ പററിപ്പിടിച്ചിരുന്നു.ഇന്ത്യാക്കാരുടെ സാമ്പത്തികപുരോഗതിയെ താറുമാറാക്കുന്ന പ്രവർത്തനങ്ങളിൽ അവർ വ്യാപൃതരായിരുന്നു. കമ്പനിഭരണത്തിന്റെ ചാർട്ടർ പരിഷ്ക്കാരങ്ങൾ നവീകരിക്കപ്പെടുന്ന ഘട്ടങ്ങളിലെല്ലാം ഇന്ത്യയുടെ അന്തസ്സ് തങ്ങളുടെ സംരക്ഷണയിലാണ് ഉയരുന്നതെന്ന് അവർ പ്രഖ്യാപിച്ചിരുന്നു. തഞ്ചാവൂർ വരെ വ്യാപിച്ച മുകിലാധിപത്യത്തെ ശിഥിലമാക്കാൻ ഈസ്റ്റിന്ത്യാകമ്പനി പ്രവർത്തനമാരംഭിച്ച ഘട്ടം മുതൽ പണിയെടുത്തുകൊണ്ടിരുന്നു. സൂറത്ത്, കാൺപൂർ, മൂർഷിദാബാദ്, ബംഗാൾ തുടങ്ങിയ കേന്ദ്രങ്ങളിലാണ് അപമാനഭാരം താങ്ങാൻ നിവൃത്തിയില്ലാതെ ജനങ്ങൾ കമ്പനിപ്പട്ടാളത്തിനെതിരായി ഏകോപിച്ചു നിന്നത്. നാദിർഷാ പേർഷ്യയിലേക്കു തിരിച്ചുപോയതോടെ മുസ്ലീംപ്രാബല്യം മദ്ധ്യേന്ത്യയിൽ ശിഥിലീകരിച്ചുതുടങ്ങി. കർണ്ണാട്ടിക്കിലും ബീജപൂരിലും അഫ്ഗാനിസ്ഥാനിലും ഭരണാധികാരികളായിരുന്ന പലരും കിരീടാവകാശത്തിനുവേണ്ടി ആഭ്യന്തരകുഴപ്പങ്ങളിലേർപ്പെട്ടിരുന്നു. 1742–ൽ ഡ്യൂപ്ലേ ഗവർണ്ണരായി സ്ഥാനമേററപ്പോൾ ഇംഗ്ലീഷുകാർക്കെതിരായി ഇന്ത്യാക്കാർ യോജിച്ചുവരുന്നുണ്ടെന്ന് അദ്ദേഹം ഗ്രഹിച്ചു. പടിഞ്ഞാറൻതീരത്ത് ശക്തിയാർജ്ജിച്ച മുസ്ലീം നാവികസേന പുനർജീവിച്ചു വരുമോ എന്നുപോലും അദ്ദേഹം ഭയപ്പെട്ടിരുന്നു. തെക്കേ ഇന്ത്യയിൽ ഇടക്കിടക്ക് പൊട്ടിപ്പുറപ്പെട്ടിരുന്ന സംഘട്ടനങ്ങൾക്കുപിന്നിൽ ദേശാഭിമാനികളായ മുസ്ലീം പ്രജകളുടെ ശക്തമായ കരങ്ങൾ പ്രവർത്തിച്ചിരുന്നു. ക്ലൈവിന്റെ കാലഘട്ടത്തിൽ ഇംഗ്ലീഷുകാർ മുസ്ലീംസൈനികശക്തി മണത്തറിഞ്ഞ് നിശ്ശേഷം അതു തുടച്ചുമാററാൻ ശ്രമിച്ചിരുന്നു. തുണിനെയ്ത്തിലും നീലകൃഷിയിലും കപ്പൽപ്പണിയിലും മററു കുടിൽവ്യവസായങ്ങളിലും മുൻപന്തിയിൽ നിന്നിരുന്ന മുസ്ലീംകളേയും മററു ഗ്രാമീണജനങ്ങളേയും ആ രംഗത്തുനിന്നു പരാജയപ്പെടുത്തി അവരെ പട്ടിണിയിട്ട് നരകിപ്പിക്കാനുള്ള എല്ലാ പ്രവർത്തനങ്ങളും ക്ലൈവും വാറൻഗേസ്റ്റിംഗ്സും നിർബാധം തുടർന്നുപോന്നു. പഞ്ചാബ് ഒഴിച്ച് മററെല്ലാ ഭാഗങ്ങളും തങ്ങളുടെ കീഴിലാ

ണെന്ന് കൊട്ടിഘോഷിച്ചു ഇംഗ്ലീഷുകാർക്ക് ആഭ്യന്തരസമാധാനമുണ്ടാക്കാൻ ഒരു കാലത്തും സാധിച്ചിരുന്നില്ല. നാട്ടുരാജാക്കന്മാരുടെ അധികാരങ്ങൾ വെട്ടിച്ചുരുക്കുകയും ജനപ്രഭുക്കളെ വെടിവെച്ചുകൊന്നും രാജ്യം ഭരിക്കാമെന്ന് വ്യാമോഹിച്ച ഇംഗ്ലീഷുകാർക്ക് ബംഗാളിൽനിന്നും കർണ്ണാടകത്തിൽനിന്നും കേരളത്തിൽനിന്നും ശക്തിയായ എതിർപ്പാണ് അഭിമുഖീകരിക്കേണ്ടിവന്നത്. കേരളത്തിന്റെ തീരപ്രദേശങ്ങളിൽനിന്ന് കടൽമാർഗ്ഗം ബംഗാളിലും മററു തുറമുഖപ്രദേശങ്ങളിലും ചെന്നിറങ്ങിയ ദേശാഭിമാനികൾ ഇംഗ്ലീഷുകാരോടുള്ള സമരത്തിൽ ജനങ്ങൾക്കു നേതൃത്വം നൽകിയിരുന്നു. ബ്രിട്ടീഷുകാരിൽ ജനകീയ വിപ്ലവം ജനിപ്പിച്ച ഭീതി പില്ക്കാലങ്ങളിലേക്ക് ഒരു പുതിയ നിയമം ആവിഷ്ക്കരിക്കാൻ അവർക്കു പ്രേരണ നല്കി. 1857ലെ 'ശിപായിലഹള' എന്ന പേരിൽ ഇന്ത്യാപരിത്രത്തിൽ അറിയപ്പെടുന്ന സ്വാതന്ത്ര്യസമരത്തിൽ താന്തിയാതോപ്പി, ത്ഡാൻസിറാണി, നാനാസാഹിബ് തുടങ്ങിയവരോടൊപ്പം അസാമുള്ളാഖാൻ, ബഹദൂർഖാൻ ബഹദൂർഷാ, ഇമാം ഹസ്സൻഖാൻ ഷംസുദ്ദീൻ തുടങ്ങിയ മുസ്ലീം പ്രമുഖന്മാരും തോളോടു തോളുരുമ്മി യുദ്ധം ചെയ്തു. പ്രശസ്തിയാർജിച്ച മുകിലസാമ്രാജ്യത്തിന്റെ അധഃപതനം നാടൊട്ടുക്കും ഇംഗ്ലീഷുകാർ അഴിച്ചുവിട്ട മർദ്ദനം, ജീവിക്കാൻ നിവൃത്തിയില്ലാതെ അശരണരാവസ്ഥയിലെത്തിച്ച, സാമ്പത്തികാധഃപതനം ഇവയെല്ലാമാണ് 1857 മേയ്മാസത്തിലെ സമരത്തിനു പ്രചോദനം നൽകിയത്. അലഹബാദിലെ തെരുവുവീഥിയിലൂടെ 12 –നും 14–നും ഇടയ്ക്കുവയസ്സുള്ള കുട്ടികൾ ബഹദൂർഷായുടെ പടവുമേന്തി ഘോഷയാത്ര നടത്തിയപ്പോൾ അവരെയെല്ലാം തൂക്കിക്കൊല്ലാൻ വിധിച്ച ഇംഗ്ലീഷ്ഗവർമ്മേണ്ടിന്റെ ആജ്ഞ അവരുടെ അമ്മമാരെക്കൂടി രണാങ്കണത്തിലേക്കാനയിക്കുകയുണ്ടായി. ഇതുപോലെയുള്ള ദുരന്താനുഭവങ്ങൾ ഇന്ത്യൻസ്വാതന്ത്ര്യസമരത്തിന്നു പ്രചോദനം നൽകാൻ മാത്രമേ പര്യാപതമായുള്ളു. സമരത്തിന്നു ശേഷം അന്തമാൻ ദ്വീപിലേക്കു നാടുകടത്തിയ പതിനായിരത്തിൽപരം സ്വതന്ത്രഭടന്മാരിൽ പന്തീരായിരവും തെക്കേ ഇന്ത്യയിൽനിന്നും മീറത്തിൽനിന്നും യു.പി.യുടെ മററു ഭാഗങ്ങളിൽനിന്നും ബംഗാളിൽനിന്നും തടവിലാക്കിയ രോഷാകുലരായ മുസ്ലീംകളായിരുന്നുവെന്നു ഇംഗ്ലീഷ് ചരിത്രകാരനായ ആർതർ വുഡ്സ് തന്നെ പറയുന്നു. ഇന്ത്യ

യുടെ സ്വാതന്ത്ര്യസമരം ചില ഭാഗങ്ങളിൽമാത്രമാണ് നടന്നതെങ്കിലും കേരളം അതിൽനിന്നൊഴിഞ്ഞുനിന്നില്ല. മലബാർപ്രദേശം 19–ാം നൂററാണ്ടിൽതന്നെ നേരിട്ടുള്ള യുദ്ധത്തിൽ പങ്കെടുത്തിട്ടുണ്ട്. ബ്രിട്ടീഷ് ഭരണത്തോട് ശക്തിയായ എതിർപ്പുണ്ടായിരുന്ന കുടുംബങ്ങൾതന്നെ ഏറനാടുതാലൂക്കിൽ ജനങ്ങളെ സമരസന്നദ്ധമാക്കാൻ തയ്യാറായിരുന്നു. 1864–ൽ പാലക്കാട്ടതിർത്തിയിൽവെച്ചും 1871–ൽ മാഹിയിൽവെച്ചും 1891–ൽ മണ്ണാർക്കാട്ടുവെച്ചും 1896–ൽ മഞ്ചേരിയിൽവച്ചും നടന്ന ചെറിയ തോതിലുള്ള സ്വാതന്ത്ര്യസമരങ്ങൾക്ക് മദ്ധ്യമലബാറിലെ രണശൂരന്മാരായ മാപ്പിളമാരാണ് നേതൃത്വം നൽകിയത്. ദക്ഷിണേന്ത്യയുടെ സ്വാതന്ത്ര്യസമരത്തെക്കുറിച്ചു ശ്രദ്ധേയമായ വിവരങ്ങൾ രേഖപ്പെടുത്തിയ ബൊമ്മറെഡ്ഡിയുടെ വിദഗ്ദ്ധാഭിപ്രായം ഇത്തരുണത്തിൽ പരിഗണനാർഹമാണ്. ‘രണ്ടു നൂററാണ്ടുകൾക്കുമുമ്പേ വിദേശികളോടു യുദ്ധം ചെയ്ത പാരമ്പര്യം സിദ്ധിച്ച മാപ്പിളമാർ വെല്ലൂരിലും ആർക്കാട്ടിലും പലപ്പോഴും ആഭ്യന്തരകുഴപ്പങ്ങൾ അഴിച്ചുവിടാറുണ്ടായിരുന്നു. ദക്ഷിണേന്ത്യയിലെ അയൽരാജ്യങ്ങളുമായി അവർ പുലർത്തിയിരുന്ന സമ്പർക്കം ഇംഗ്ലീഷ്ശക്തിയെ ഭയപ്പെടുത്തിയിരുന്നു. അവരിൽ ഉറങ്ങിക്കിടന്നിരുന്ന ബ്രിട്ടീഷ് വിരോധം സ്വാതന്ത്ര്യസമരത്തിനു വിലപിടിപ്പുള്ള സംഭാവനയായിത്തീർന്നു. മലബാർ തീരത്തുനിന്ന് വ്യാപാരത്തിന്നു വന്നിരുന്ന മാപ്പിളമാരെ സംശയാലുക്കളായി പിടിച്ചു തുറുങ്കിലടയ്ക്കുകയും വെടിവെച്ചു കൊല്ലുകയും ബ്രിട്ടീഷ് ഉദ്യോഗസ്ഥന്മാരുടെ പതിവായിത്തീർന്നിരുന്നു. സ്വാതന്ത്ര്യസമരം ഒരു ജീവിതാവകാശമായി ഏററെടുത്തു നടത്തിയിരുന്ന ദേശാഭിമാനിയുടെ കുടുംബങ്ങൾ ഇന്നും മലബാറിൽ കാണാം. സമ്പൂർണ്ണമായ ഒരു സ്വാതന്ത്ര്യസമരചരിത്രം ഇന്ത്യക്കില്ലാത്തതുകൊണ്ട് മലബാർ മുസ്ലീംകൾ മഹത്തായ വിപ്ലവങ്ങളിൽ വഹിച്ച പങ്കുകളെക്കുറിച്ചു രേഖകൾ ഒന്നും പുറത്തുവരാതെയായി. അങ്ങിനെ വല്ലതും പുറത്തുവന്നിട്ടുണ്ടെങ്കിൽ സാമുദായികകലഹങ്ങളുടെ കറുത്ത മുദ്രകളും അതിൽ പതിഞ്ഞിരിക്കും. ’

കേരളചരിത്രത്തിൽ സ്വാതന്ത്രയോദ്ധാക്കളായി എണ്ണപ്പെടുന്ന പഴശ്ശിരാജാ, വേലുത്തമ്പി ദളവാ, രാമകൃഷ്ണപിള്ള എന്നിവരോടൊപ്പം മുൻപന്തിയിൽ നിൽക്കാൻ ടിപ്പു സുൽത്താനും തദനന്തരം വീരമരണമടഞ്ഞ

വാര്യം കുന്നത്തു കുഞ്ഞഹമ്മദുഹാജിക്കും ആലിമുസലിയാർക്കും തികച്ചും അർഹതയുണ്ടെന്ന് നിഷ്പക്ഷവാദികൾ സമ്മതിക്കും.

1921ലെ സുപ്രസിദ്ധമായ കാർഷികസമരത്തിനു നേതൃത്വം നൽകിയ വാര്യം കുന്നത്തു കുഞ്ഞഹമ്മദുഹാജി കേരളസ്വാതന്ത്ര്യസമരത്തിലെ ഒരു പുതുമുഖമല്ല. അദ്ദേഹത്തിന്റെ പിതാവും പ്രപിതാവും ബ്രിട്ടീഷ്കാരോടുള്ള സമരത്തിൽ പങ്കെടുത്തു ജയിൽവാസമനുഭവിച്ചവരും രക്തസാക്ഷിത്വം വരിച്ചവരുമാണ്. കുഞ്ഞഹമ്മദുഹാജി ബാലനായിരിക്കുമ്പോൾതന്നെ പിതാവുമൊന്നിച്ചു നാടുകടത്തപ്പെട്ടിട്ടുണ്ട്. തീവ്രവിപ്ലവകാരിയായ കുഞ്ഞഹമ്മദുഹാജിയുടെ ആഗമനം ഖിലാഫത്ത് പ്രക്ഷോഭണത്തിന് മലബാറിൽ ആവേശം പകർന്നുകൊടുത്തു. അസംഘടിതരായ മലബാർ മാപ്പിളമാരുടെ ധൈര്യവും നിഷ്ക്കളങ്കമായ സ്വരാജ്യസ്നേഹവും 1921–ലെ മഹാസമരത്തിൽ ബ്രിട്ടീഷുകാരെ പല വിധത്തിലും വിഷമിപ്പിച്ചിട്ടുണ്ട്. കുഞ്ഞഹമ്മദുഹാജിയോടൊപ്പം മലബാർ മാപ്പിളമാർക്ക് നേതൃത്വം നൽകിയ ആലിമുസലിയാരും സ്വാതന്ത്ര്യസമരത്തിലെ മഹാരഥന്മാരിൽ ഒരാളായിരുന്നു. പൂക്കോട്ടൂരിലും പാണ്ടിക്കാട്ടും ചെറുവാടിയിലും കൊന്നാരയിലും താമരശ്ശേരിയിലും ക്ലാരിപുത്തൂരിലും പടപ്പറമ്പിലും നടന്ന തുറന്ന സമരങ്ങൾ കലഹപ്രിയരായ ഏതാനും മുസ്ലീംകളുടെ 'മതഭ്രാന്തി'ളകിയ പേക്കൂത്തായിരുന്നില്ലായെന്നു 1921 നവംബർ 2–നു മലബാറിലെ പ്രത്യേക കോടതി പ്രസിഡണ്ട് ജെ.ഡബ്ളിയു.ഹുഗസ് ഐ.സി.ന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ കുററപത്രം വായിച്ചാൽ ഏതൊരാൾക്കും മനസ്സിലാകും. ഇന്ത്യൻ ക്രി: ശിക്ഷാനിയമം 121, 302,149 എന്നീ ഭാഗങ്ങളിലുൾപ്പെടുത്തി പ്രഖ്യാപിച്ച വിധിന്യായം സമരഭടന്മാരെ രാജാവിന്നെതിരായി യുദ്ധം ചെയ്തു എന്ന പേരിലാണ് കൊലക്കുററത്തിന്നു വിധിച്ചിട്ടുള്ളത്. സുദീർഘമായ വിധിന്യായം വായിച്ചുനോക്കിയാൽ മതഭ്രാന്തോ സാമുദായിക സ്പർദ്ധയോ അല്ല പ്രസ്തുത സമരത്തിന്റെ കാരണങ്ങളെന്നു തെളിയും. ഇന്ത്യൻ ദേശീയപ്രസ്ഥാനത്തിന്നു ജീവൻ നൽകിയ ഖിലാഫത്ത് പ്രക്ഷോഭണമാണ് ഇംഗ്ലീഷുകാർക്കെതിരായി മാപ്പിളമാരെ യുദ്ധം ചെയ്യാൻ പ്രേരിപ്പിച്ചത്. കലഹം പൊട്ടിപ്പുറപ്പെട്ടപ്പോൾ സ്വാഭാവികമായി ചില സാമുദായിക സംഘട്ടനങ്ങൾ നടന്നിട്ടുണ്ട്. ലഘുവായ ആ സംഘട്ടനങ്ങൾ പർവ്വതീക

രിച്ചു കാണിച്ചു ഹിന്ദുമുസ്ലീം ഭിന്നിപ്പിന്റെ വിടവു വർദ്ധിപ്പിക്കാനും അങ്ങിനെ മലബാറിലെ ദേശീയ വിപ്ലവത്തെ ഒററപ്പെടുത്തി, പരാജയപ്പെടുത്താനും ബ്രിട്ടീഷുകാർ എല്ലാ അടവുകളും പ്രയോഗിച്ചു. ശിക്ഷാവിധികൾ സാകൂതം പരിശോധിക്കുകയാണെങ്കിൽ ലഹളക്കു പ്രേരണ നല്കിയത് ബ്രിട്ടീഷ് ഗവർമ്മെണ്ടായിരുന്നുവെന്ന് വ്യക്തമാകും. 'വാഗൺ ട്രാജഡി' എന്ന മൃഗീയസംഭവത്തിൽ അവസാനിച്ച ഇംഗ്ലീഷുകാരുടെ പൈശാചികമായ പാഞ്ഞുകയററം ഇന്ത്യാചരിത്രത്തിൽ ഒരുകാലത്തും മായാത്ത കറുത്ത അദ്ധ്യായമായി വേർതിരിഞ്ഞു നിൽക്കും. ശ്വാസം കഴിക്കാൻ നിവൃത്തിയില്ലാതെ മുസ്ലീംകൾ സാമാനം കയററുന്ന തീവണ്ടിമുറിയിൽ മരിച്ചുകിടന്ന ദാരുണസംഭവം പിന്നീടുനടന്ന രാഷ്ട്രീയസംഭവങ്ങളിൽ ഒരി ചർച്ചാവിഷയമായിത്തീർന്നു. വീരപുളകം കൊള്ളിക്കുന്ന മലബാറിലെ മഹാസമരത്തിൽ രക്തസാക്ഷിത്വം വരിച്ച മാപ്പിളസഹോദരന്മാരുടെ സ്മരണയ്ക്കുവേണ്ടി സ്വാതന്ത്ര്യസ്മാരകങ്ങൾ പടുത്തുയർത്തുകയാണിന്നാവശ്യം. സ്വാതന്ത്ര്യസമരചരിത്രം ആലേഖനം ചെയ്യുന്ന ഈ ഘട്ടത്തിൽ മലബാർ മാപ്പിളമാർ പ്രസ്തുത സമരങ്ങൾക്കു നൽകിയിട്ടുള്ള സംഭാവനക്ക് അർഹിക്കുന്ന വിലയിരുത്തണം. കഴിഞ്ഞ കാൽനൂററാണ്ടുകാലം 'മാപ്പിളലഹള'യെന്ന പേരിൽ ഏകപക്ഷീയവീക്ഷണമുള്ള ചില ചരിത്രകാരന്മാർ ദേശീയസമരത്തെ ഒററപ്പെട്ട ഒരു സംഭവമായി മാററിനിറുത്തിയിട്ടുണ്ട്. ഇന്ത്യൻദേശീയപ്രസ്ഥാനത്തിന്റെ മുന്നണിഭടന്മാരിൽ നിൽക്കുന്ന മഹാത്മാ ഗാന്ധി, ഡോക്ടർ അൻസാരി, വിതൽഭായി പട്ടേൽ, മൗലാനാ ആസാദ്, അലിസഹോദരന്മാർ തുടങ്ങിയ പലരും ''മാപ്പിളലഹള'' ദേശീയസമരമായിരുന്നുവെന്നു അന്വേഷണശേഷം സമർത്ഥിച്ചിട്ടുണ്ട്. അവരുടെ വിദഗ്ദ്ധാഭിപ്രായം അന്വർത്ഥമായിത്തിരേണ്ടതു ജനാധിപത്യം പുലരുന്ന ഈ ഘട്ടത്തിലാണ്. കേരളത്തിന്റെയും വിശിഷ്യാ ഇന്ത്യയുടെയും ദേശീയ സമരചരിത്രത്തിൽ മാപ്പിളമാർ വഹിച്ച പങ്കിന്നു അതർഹിക്കുന്ന സ്ഥാനം നൽകുക. അവരുടെ കൂട്ടായ പ്രവർത്തനവും നിഷ്ക്കളങ്കമായ രാജ്യാഭിമാനവും ഇന്ത്യ സ്വതന്ത്രമാകാൻ തികച്ചും പ്രയോജനപ്പെട്ടിട്ടുണ്ട്.

# മാപ്പിളക്കളരികൾ

ആയോധനധന്യമായ ഒരു സുവർണ്ണയുഗത്തിന്റെ മഹത്വം അയവിറക്കിയാണ് കേരളീയ ജനത തങ്ങളുടെ സാസ്ക്കാരിക പുരാവൃത്തത്തെപ്പററി സ്മരിക്കുന്നത്. ചലനാത്മകമായ സാമൂഹ്യജീവിതത്തിന്റെ ചട്ടക്കൂടിൽനിന്ന് മാഞ്ഞുപോകുന്ന പലതിനേയും കേരളീയർ ഉറപ്പിച്ചുനിർത്താൻ ശ്രമിക്കാറുണ്ട്. പക്ഷെ പരിവർത്തനങ്ങൾക്ക് വിധേയമായി പല മുദ്രകളും മായുന്നു. പുതിയ ചിത്രങ്ങൾ തെളിയുന്നു. അങ്ങിനെ ദേശീയ മണ്ഡലത്തിൽനിന്ന് മാഞ്ഞുപോകുന്ന ഒന്നാണ് കളരിയും കായികാഭ്യാസവും. മായാതെ സൂക്ഷിച്ചാലും അതർഹിക്കുന്ന ഭാവത്തോടെയും രൂപത്തോടെയും വളർത്തിക്കൊണ്ടുവരാൻ കഴിയുമോ? അങ്ങിനെ വളർത്തി സംരക്ഷിക്കാനുള്ള വ്യഗ്രതയിൽ അതിനവലംബം നല്കിയ ശക്തികളെ വിസ്മരിക്കാതിരിക്കുമോ? കേരളത്തിന്റെ കളരിപ്പയററിന്റെയും ആയോധനമുറയുടെയും സംരക്ഷണരംഗത്ത് മാത്രം അവഗണനാവീക്ഷണം ഒഴിവാക്കപ്പെടുമോ? കേരളസംസ്ക്കാരത്തിന്റെ ശാക്തികപ്രഭാവം പൂവിട്ടുനില്ക്കുന്നത് കളരിയിലാണല്ലോ? കളരിപ്പയററിനെയും പടപ്പാട്ടിനെയും സംബന്ധിച്ച് ഗവേഷണം നടത്തിയവരും അത് സമുദ്ധരിക്കാൻ ശ്രമിക്കുന്നവരും കേരളത്തിന്റെ ഈ മഹത്തായ കലക്ക് കേരളീയരായ മുസ്ലീമീങ്ങൾ ചെയ്ത സേവനത്തെപ്പററി സ്മരിച്ചുകാണുന്നില്ല. കളരിയഭ്യാസത്തിലും പയററിലും അവർ ചെലുത്തിയ സ്വാധീനമെന്താണെന്നുപോലും അന്വേഷിക്കുന്നില്ല. കേരളത്തിലെ കളരിയെന്നാൽ പഴയ മാടമ്പിമാരുടെ തണലിൽ വളർന്നവന്നതാണെന്ന ധാരണ രൂഢമൂലമായിരിക്കുകയാണ്.

പൌരാണിക ഗ്രീക്കിലെന്നപോലെ കേരളത്തിലും കളരിയഭ്യാസം നടപ്പിലുണ്ടായിരുന്നുവെന്ന് പറയുന്നുണ്ടെങ്കിലും ആയിരം വർഷത്തിലേറെപ്പഴക്കം ഈ കായികകലക്കില്ലെന്ന് ധരിക്കുന്നതിൽ തെററില്ല. വിദേശസമ്പർക്കം രാജ്യത്തിന്റെ സാമൂഹ്യപശ്ചാത്തലത്തെ തന്നെ ഏറെക്കുറെ മാററിയിട്ടുണ്ട്. ബൌദ്ധകാലപ്രഭാവം അസ്തമിച്ചതോടെ നാടുവാഴിത്വം വളർത്തിക്കൊണ്ടുവന്ന കലയാണ് കായികാഭ്യാസം. ബുദ്ധമതത്തിന്റെ ആധിപ

ത്യത്തെ തകർക്കുന്നതിൽ ചാവേർപടക്കു മുമ്പുള്ള തനി നാടൻ സംഘങ്ങൾക്ക് പങ്കുണ്ടായിരുന്നുവെന്ന് പറയുന്നു. തദനന്തരം നാട്ടുകൂട്ടസഭകളും യോദ്ധാക്കളെ പ്രോത്സാഹിപ്പിച്ചിരുന്നു. കേരള കളരിയഭ്യാസത്തെയും അതിന്റെ ജീവിതസ്പന്ദനമായ പടപ്പാട്ടുകളെയും പററി പഠനം നടത്തിയവർ ആയിരം വർഷത്തിനപ്പുറത്തേക്ക് കടക്കുന്നില്ല. മലബാറിലെ പ്രസിദ്ധ കളരിയഭ്യാസിയായിരുന്ന ആരോമൽ ചേകവർ പൂത്തൂരൻ പാട്ടിലൊരു ഭാഗത്ത് ഇങ്ങിനെ പറയുന്നു,.

‘‘മലയാളം തന്നിൽ കളരിയാലെ
വെട്ടും പയററു നടപ്പില്ലാഞ്ഞു
തുളുനാട്ടിൽ നല്ല തുളുഗുരിക്കൾ
വേലായ്മസ്ഥാനം ഗുരുക്കൾക്കല്ലോ?’’

കേരളത്തിന്നു പുറത്തു കളരിയുണ്ടായിരുന്നുവെന്നും തുളുനാടതിനു പ്രസിദ്ധമായിരുന്നുവെന്നും പാട്ടിലൂടെ സൂചിപ്പിക്കുന്നു. ഉത്തരതുളുനാട്ടിൽ കണ്ണാട്ടിക്ക് നവാബ്മാരുടെ ‘‘ഗുരുക്കൾ’’ എന്ന സൈനികർ കായികാഭ്യാസത്തിൽ വിദഗ്ദ്ധരായിരുന്നു. കേരളത്തിൽ ഏ.ഡി എട്ടാംനൂററാണ്ടിനുശേഷം മുസ്ലീം പ്രാബല്യം ഏതാണ്ട് പരന്നുതുടങ്ങി. പന്ത്രണ്ടാം നൂററാണ്ടായപ്പോഴേക്കും പല സങ്കേതങ്ങളിലും കോളനികളുണ്ടായി. ഖുറാസാനിലെയും ഡമസ്ക്കസിലെയും യോദ്ധാക്കൾ ധരിക്കുന്ന കളരി ആയുധങ്ങളും പ്രസ്തുത ‘‘ഗുരുക്കൾ’’ വർഗ്ഗം ഉപയോഗത്തിൽ വരുത്തുകയും ചെയ്തു. ഗുരു എന്ന വാക്ക് കേരളത്തിൽ എത്തിയപ്പോൾ അഞ്ഞൂററു വർഷത്തിനുമുമ്പ് ‘ഗു’ നാടൻപാട്ടിൽ ‘കു’ ആയി മാറി. അറബി മലയാളത്തിന്റെ സ്വാധീനം കളരിഗാനങ്ങളിൽ തെളിഞ്ഞുതുടങ്ങിയിട്ട് നൂററാണ്ടുകൾ തന്നെ കഴിഞ്ഞു. പറങ്കിപ്പടയുടെ ആക്രമത്തോടുകൂടി മദ്ധ്യമലബാറിലെ മാപ്പിളമാർ തങ്ങളുടെ കായിക കലയെ യുദ്ധമുഖത്തേക്ക് തിരിച്ചുവിട്ടതായി കാണാം. ആ കാലം വരെയും കളരിക്ക് ഒരു വിനോദകലയെന്നതിൽ കവിഞ്ഞ് വലിയ പ്രാധാന്യം കല്പിച്ചിരുന്നുവോ എന്ന് സംശയമാണ്. പഴയ കളരിപ്പാട്ടുകളിൽ ‘കുരിക്കളെ’ കീഴ് വഴ

ങ്ങുന്ന ആചാരഭാഗങ്ങളും കാണുന്നുണ്ട്. ഏററവും വലിയ റോബിൽഹു ഡ്ഡായി ചിത്രീകരിക്കുന്ന തച്ചോളി ഒതേനന്റെ കീഴ് വഴക്കം നോക്കുക

‘‘അങ്കത്തുളു നാടുവാഴും അരശുകണ്ണൻ

കളരിയോടും കളരി തൂണിനോടും

ഒന്നിപ്പം കേൾക്കണേ കുരുക്കളോട്’’

എന്നു തുടങ്ങുന്ന ഭാഗങ്ങൾ തച്ചോളി ഒതേനന് തന്റെ ആരാധകനായ ഗുരുക്കളോടുള്ള കടപ്പാടാണ് വ്യക്തമാക്കുന്നത്. വിദേശാക്രമണത്തിനു മുമ്പ് കളരിയഭ്യാസത്തിൽ വേണ്ടത്ര പരിശീലനം നൽകിയിരുന്നത് സുശിക്ഷിതരായ മാപ്പിള കുരുക്കൾമാരായിരുന്നുവെന്നു കാണാം. പൌരസ്ത്യരാജ്യങ്ങളിലെ സൈനികമായ മുദ്രകളും അഭ്യാസങ്ങളും മാപ്പിളക്കളരിയിലിന്നും കാണാം. ചില മാററങ്ങളോടെ മാപ്പിളേതര കളരിക്കാർ അത് വളർത്തിക്കൊണ്ടുവന്നു. പക്ഷെ അതവരുടെ മാത്രം പാരമ്പര്യസ്വത്താണെന്ന് പറയുന്നതിൽ ഔചിത്യക്കുറവുണ്ട്.

കളരിയഭ്യാസത്തിന്റെ മറെറാരു ലളിതകലാരൂപമാണ് ഇന്ന് രംഗത്തുനിന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന പരിചകളി. ഇക്കാലത്ത് പരിചമുട്ട് ഒരു പഴഞ്ചൻ കലയായി എണ്ണപ്പെടുന്നവരുണ്ടാകാം. പക്ഷെ അന്തർദേശീയ പ്രാധാന്യമുള്ള ഒരു കളിയാണ് പരിചമുട്ട്. യുദ്ധത്തിനു മുമ്പും പിമ്പും ഈ കളി ഒരു ചടങ്ങായ കൊണ്ടാടപ്പെടുന്ന ഫിലിപ്പൈൻ രാജ്യങ്ങളിന്നുമുണ്ട്. ഇൻഡോനേഷ്യ, ജാവ തുടങ്ങിയ രാജ്യങ്ങളിൽ പരിചമുട്ട് യോദ്ധാക്കളുടെ കലാവിനോദമായി എണ്ണപ്പെടുന്നു. മുഗിലസദസ്സിന് ആവേശം നല്കിയിരുന്ന പരിചകളിയെപ്പററി ഇന്ത്യൻ ചരിത്രകാരനായിരുന്ന ജഥുനാഥ് സർക്കാർ പറയുന്നു. ‘തികച്ചും യുദ്ധ കഥകളെ പ്രതിപാദിക്കുന്ന കൗതുകമുള്ള ഈ കല പേർഷ്യക്കാരിൽനിന്നു മുഗിലർ പകർത്തിയതാകാം. ഈ കല പരിപോഷിപ്പിക്കുന്നതിൽ അക്ബർ പോലും ആവേശം കാണിച്ചിരുന്നു. കേരളത്തിൽ കളരിയഭ്യാസത്തിന് മുമ്പുതന്നെ പരിചമുട്ട് കലാവിനോദം നടപ്പുണ്ടായിരുന്നു. കളരിയുടെ ആദ്യരൂപം പരിചകളിയിൽനിന്നുണ്ടായതാ

ണെന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. പരിചകളിയിലെ ഗാനങ്ങൾ പ്രകടനരൂപത്തിലായതാണ് കളരിയിലെ അഭ്യാസങ്ങൾ. പരിചകളി, പരിചമുട്ടുകളി, കോലടി എന്നിവയിൽ നിപുണന്മാരായ ആശാന്മാരിൽനിന്ന് ചുവടും മാററവും പഠിക്കാൻ മദ്ധ്യമലബാറിൽ യുവാക്കൾ തയ്യാറായിരുന്നു. പരിചപ്പാട്ട് അറബിമലയാളത്തിൽ വളരെയെറെ പ്രചാരത്തിലായി. ഭാവനശാലികളായ ആശാന്മാരുടെ ഈരടിപ്പാട്ടുകൾ തലമുറകളായി കാണാതെ പഠിച്ചുപാടാനും തുടങ്ങി. ഒരു വിനോദമെന്ന നിലക്ക് പരിചകളിയിലൂടെ കളരിയിലേക്കായിരുന്നു അഭ്യാസികൾ പ്രവേശിച്ചിരുന്നത്. ആദ്യമായി കളരി കയറുന്നവന്റെ സഭാകമ്പം പരിചകളരിയിലൂടെയകററിയിരുന്നു. അമ്പത്തീരടി പാടികളിക്കാനിറങ്ങുന്നവർ ആദ്യമായി ഗുരുക്കളെ വണങ്ങുന്നു

''ഏറനാടും കീർത്തിപ്പെട്ട, ഇമ്പറേറും-
കർത്ത്യനാട്ടിൽ
അൻപത്തിരടിക്കളരികൾ വാ വാ ........
കളരി ഗുരുനാഥനെ വാ വാ വാ

സദസ്യരോടായി കളിക്കാരുടെ വിനയാന്വിതമായ അഭ്യർത്ഥയിങ്ങനെയാണ്. 'തരത്തൽ വാളും ചിലമ്പില്ലെങ്കിലും തരക്കാരെ ചിരിക്കല്ലെ' അറിവുള്ള നിങ്ങൾ പലരും കൂടിയ സഭയിൽ ഞങ്ങൾ ചെറിയവർ ........ പ്രേക്ഷകരോടുള്ള അപേക്ഷയോടെ കളിയാരംഭിക്കുന്നു. പഴയകാലത്ത് കളരിയഭ്യാസികളുടെ വേഷവിധാനത്തെയും പററി പാട്ടുകളിൽ പ്രതിപാദിച്ചിരുന്നു.

''കാങ്കിക്കരി കച്ചകെട്ടുന്നവനെ
തലയിക്കെട്ടുറുമ്മാലും കെട്ടുന്നവനെ
വാളും പരിചയും കയ്യിലെടുത്തേ
....................................................................''

പരിചകളിയിൽ താളനിയന്ത്രിതമായ ദ്രുതചലനം ദൃശ്യമാകുന്നു. പരിചമുട്ടുകളിയുടെ വേഷവിധാനങ്ങളും പശ്ചാത്തലവും മനോഹരമായ ഈര

ടികളിൽ പണ്ടത്തെ മാപ്പിളക്കവികൾ വിവരിക്കാറുണ്ട്. ഒരു തത്തയോടുള്ള കഥനമെന്ന നിലയിൽ പരിചമുട്ടുകളി രൂപം പ്രാപിക്കുന്നു.

''പച്ചനെല്ലും കതിർകൊത്തി
പറക്കും പൈങ്കിളിത്തത്തേ
നീ പൊന്നാരമ്പും കളരികണ്ടോ
തകതിമിർതെയ്........
കളരിയും കണ്ടു ഞങ്ങൾ
ഗുരുവിന്റെ പാദം കണ്ടേ........
പച്ചത്തൊപ്പിക്കുപ്പായങ്ങൾ
വെള്ളിപ്പിടി പിച്ചാംകത്തി
പൊന്നുവള ഉറുമിയും വാൾ പരിച
തകതിമിർതെയ്........

പരിചമുട്ടുകളിയുടെ ആനന്ദാനുഭൂതിയെപ്പററി കവി വർണ്ണിക്കുകയാണ്.

''ആട്ടം കണ്ടാൽ മയിലും തോക്കും
കൂ കേട്ടാൽ കുയിലും തോക്കും
പറക്കുന്ന പരുന്തും തോക്കും''

ഈരടിക്കൊപ്പിച്ച് ചുവടുവെച്ച് കളിക്കുന്ന യോദ്ധാക്കളെ വർണ്ണിക്കുന്ന മാപ്പിളക്കവിയുടെ സൗന്ദര്യാത്മകമായ കാവ്യലോകത്തിന്റെ ഒരു ചില്ലുവാതിൽ തുറന്നുനോക്കുക.

''കണ്ണിനു രണ്ടിനും മയ്യെഴുതി
കിലുകിലെ വളയം ഇവളിട്ടെ
കണ്ണാടി വളയം അവളിട്ടെ
......................................................................''

ധ്വന്യാത്മകമായ കാവ്യത്തിലൂടെ കളരിയിൽ ആനന്ദോത്സവം സൃഷ്ടിച്ചിരുന്ന ഭാവനാശാലികളുടെ സ്മരണകൾപോലും മാഞ്ഞുപോയിക്കൊണ്ടിരിക്കുകയാണ്. കളിയുടെ വിനോദമണ്ഡലത്തിൽനിന്ന് സമരമുറയിലേക്ക് ചുവടുകൾ അടുക്കുമ്പോൾ അതിനനുസരിച്ച് പടപ്പാട്ടും അവർ ഹൃദിസ്ഥമാക്കിയിരുന്നു. '' തകതിമിർതെയ്'' എന്ന താളക്രമത്തിൽ പടപ്പാട്ടാലപിച്ചിരുന്നു.

എതിർപ്പാനാരിവിടെ

പടക്കായ് ഞങ്ങൾ വന്നു

തടുപ്പാനായ് വാളും പരിച

കയ്യിൽ തകതിമിർതെയ്

എടുപ്പിൻ വാൾ പരിച

കൊടുപ്പിൻ വെട്ടു തട''

യോദ്ധാക്കളുടെ പടഹധ്വനികൾ ഈരടിയിലൂടെ ഗ്രാമാന്തരങ്ങളെ പുളകം കൊള്ളിച്ചിരുന്നു.

കളരിയഭ്യാസത്തിന്റെ പ്രയോഗരീതികളെയും ലക്ഷണമാതൃകകളെയും സവിസ്തരം വിവരിക്കുന്ന അറബി മലയാള വിവരണം ഏറനാടൻ കളരി കുരുക്കൾക്ക് ഹൃദിസ്ഥമാണ്. കളരിയഭ്യാസത്തിന്റെ ലക്ഷണശാസ്ത്രത്തെപ്പറ്റി ആയിരം ഈരടികൾ നിഷ്പ്രയാസം അവർ ഉരുവിടും. കഥകളിയിലെ പിൻപാട്ടുകാരൻ ഭാവത്തിനും താളത്തിനും നിയന്ത്രണം പാലിക്കുന്നതുപോലെ കളരിപ്പാട്ടുകുരുക്കൾ കളരിയെ മുഴുവനും 'കളരി ബൈത്തു' കൊണ്ട് നിയന്ത്രിക്കുന്നു. മെയ്പററിന് വായ്ത്തിരിയെന്നും വടികൊണ്ടുള്ള പയററിനു കോൽത്താരിയെന്നും ആയുധാഭ്യാസത്തിന്ന് അങ്കത്താരിയെന്നും കളരീലക്ഷണശാസ്ത്രത്തിൽ ഓരോ വിഭാഗങ്ങൾക്ക് പേര് തിരിച്ചിരിക്കുന്നു. പയററിലെ പ്രാഥമിക പരിശീലനത്തിൽ പ്രാധാന്യമർഹിക്കുന്ന മെയ്ഇറക്ക്, വടിപ്പയററ്, വെറും കൈമുറ തുടങ്ങിയവയിൽ കൂടുതൽ ശ്രദ്ധിച്ചില്ലെങ്കിൽ അഭ്യാസത്തിന്റെ അടിത്തറ ശക്ത

മാകുകയില്ല. മെയ്പയററിലെ കായിക താളക്രമത്തിന് അമർച്ച, താഴ്ച, നിരക്കം, കാൽ, വീതുകാൽ, പകർച്ചകാൽ, നേർ ഇരുത്തികാൽ തുടങ്ങിയവ ആദ്യം പരിശീലിക്കണം. ചെറുവടി, ഒററ പുലിയങ്കം, ഉറുമി, നീട്ട്, വെട്ട്, പിന്തിരിചാൺ തുടങ്ങിയ അഭ്യാസമുറകൾ വാൾപയററിലും കഠാരി പയററിലും പ്രാധാന്യങ്ങളാണ്. ശാരീരിക നിയന്ത്രണം, മർമ്മവിജ്ഞാനം, ആത്മബോധം എന്നീ കാര്യങ്ങളിൽ തികച്ചും പക്വത നേടിയ കളരി കുരിക്കൾ മാരകായുധങ്ങളെടുത്ത് പയററി വിജയിക്കുന്നു. പഴയ കളരി കുരുക്കൾക്ക് ഈ ആയോധനത്തിനു പ്രചോദനം നല്കിയ ഔലിയാക്കളെയും പാട്ടിൽ വർണ്ണിച്ചു കാണിക്കും. ഔലിയാക്കൾക്ക് നേർച്ച നേർന്നാണ് കളരിക്കിറങ്ങുക. അതിൽ പിഴക്കാതെ അവർ വിജയിക്കുമെന്നു ദൃഢമായി അവർ വിശ്വസിക്കുന്നു. കളരിയിൽ നിന്നഭ്യസിച്ച മുറകൾ റാത്തീബിലേക്ക് പകർത്തി വെട്ടും കുത്തും നടത്തി ഉപജീവനം കഴിക്കുന്നവരെയും കാണാം. അതൊരാത്മീയസിദ്ധിയേക്കാൾ മർമ്മവിജ്ഞാനത്തിലും അഭ്യസനത്തിലും അധിഷ്ഠിതമായ അസാമാന്യസാമർത്ഥ്യമാണെന്ന് വിശ്വസിക്കാം. നൂററാണ്ടുകൾക്കുമുമ്പ് വിദേശികളുമായി നടന്ന മഹാസമരങ്ങളിൽ കേവലം കൈമുറയും വടിത്തല്ലും വാൾപ്പയററുമായി മാത്രം മാപ്പിളപ്പോരാളികൾ എതിർത്തു നിന്നത് അവരുടെ ആത്മവിശ്വാസത്തോടുകൂടിയ ആയോധനവൈദഗ്ദ്ധ്യം കൊണ്ടാണ്.

പറങ്കികളുടെ വരവിനു മുമ്പെ മാപ്പിളമാർ ആയോധനമുറകൾ അഭ്യസിച്ചിരുന്നുവെന്ന് തദനന്തരമുള്ള യുദ്ധങ്ങൾ വെളിപ്പെടുത്തുന്നു. പക്ഷെ, ഒരു സമരമുഖത്തിറങ്ങാൻ അവരെ പ്രേരിപ്പിച്ചത് പറങ്കികളാണ്. നാല് അഡ്മിറൽമാരായ മരക്കാർമാരുമായി നേതൃത്വത്തിൽ അറുപതിലേറെ വർഷങ്ങൾ നീണ്ടുനിന്ന യുദ്ധങ്ങളിൽ മാപ്പിളമാർ പയററി നിന്നത് തങ്ങളുടെ പൂർവ്വകാല അഭ്യസന പാടവംകൊണ്ടാണ്. യുദ്ധക്രമത്തിലുള്ള പരിശീലനം നേടിക്കഴിഞ്ഞപ്പോൾ സമരജീവികളായി അവർ മാറേണ്ടിവന്നു. അതോടെ ശുദ്ധകളരിസമ്പ്രദായങ്ങളിൽ മററുള്ളവർ പ്രശസ്തരായി. വിദേശാക്രമണത്തോടെയാണ് കേരള കളരിപ്പയററിൽ ചേരിതിരിവുണ്ടായത്. രാജ്യത്തെ മോചിപ്പിക്കാനുള്ള നിർണ്ണായക ഘട്ടത്തിൽ

കളരിയിൽനിന്ന് മുസ്ലീമീങ്ങൾ കുതറിപ്പാടി പടക്കളത്തിലെത്തി,. കളരിയഭ്യാസത്തിന്ന് പുറമെ യുദ്ധമുറകളും അഭ്യസിച്ചു, കളരിപ്പയററുകാരിൽനിന്ന് യോദ്ധാക്കളുടേതായ ഈ മാററം മാപ്പിളക്കളരികൾക്ക് ഏറെക്കുറെ ഉലച്ചിൽ തട്ടിച്ചു. പക്ഷെ തങ്ങളുടേതായ പ്രാചീന കലാരീതി മററു പല പേരുകളിലും കേരളത്തിൽ വളർന്നു. യുദ്ധാനന്തരം പതിനേഴാം നൂററാണ്ടിന്റെ പ്രഥമഘട്ടത്തിൽ കളരിയഭ്യാസം പുതുക്കാനും പരിഷ്ക്കരിക്കാനും മാപ്പിളമാർക്ക് സ്വാതന്ത്ര്യം നിഷേധിച്ചു. പറങ്കികളും ലന്തക്കാരും മാപ്പിളയോദ്ധാക്കളുടെ ആയോധനമുറകളുടെ രുചി അറിഞ്ഞവരായിരുന്നു. ഇംഗ്ലീഷുകാർക്ക് മാപ്പിളയെന്ന് കേൾക്കുമ്പോൾ വിഷമമായി. സാമൂതിരിയാണെങ്കിൽ മാപ്പിളയോദ്ധാക്കളില്ലാതെ ഒരു കാര്യം നടത്താറുണ്ടായിരുന്നില്ല. അഭ്യാസത്തോടൊപ്പം അവരിൽ കുടികൊണ്ടിരുന്ന ആത്മവിശ്വാസം സാമൂതിരിക്കറിയാമായിരുന്നു. ഹൈദരിന്റെയും ടിപ്പുവിന്റെയും കാലത്ത് നിർണ്ണായകമായ ചില സമരങ്ങൾ നടന്നു. അതിൽ പഴയ കളരിക്കാർക്ക് പ്രഥമ സ്ഥാനം ലഭിച്ചു. ടിപ്പുവിന്റെ തിരോധാനത്തോടെ കളരിയഭ്യാസികൾക്കും യോദ്ധാക്കൾക്കും സ്വൈര്യമായി കഴിഞ്ഞുകൂടാൻ സാധിക്കാതെയായി. നാടുവാഴികളും ഇംഗ്ലീഷുമേധാവികളും കളരിയഭ്യാസികളായ മാപ്പിളമാരെ തേടിപ്പിടിച്ചുകൊണ്ടിരുന്നു. ടിപ്പുവിനെ സഹായിച്ചു എന്ന ഒററ കാരണത്താൽ പക പോക്കാൻ തന്നെ ഇംഗ്ലീഷുകാർ ഒരുങ്ങി. ഗത്യന്തരമില്ലാതെ മാപ്പിളമാർ എതിരിടാൻതന്നെ തീരുമാനിച്ചു,. കീഴടങ്ങി അടിമകളായി ജീവിക്കാൻ ആശയില്ലാത്ത മാപ്പിളയോദ്ധാക്കൾ അക്കാലത്തെ ഏററവും വലിയ കളരിഗുരുത്തലവനായ എളംപുളശ്ശേരി ഉണ്ണിമൂസ്സായുടെ കീഴിൽ അണിനിരന്നു. 1791 മുതൽ ആരംഭിച്ച ഈ സമരത്തിൽ ഇംഗ്ലീഷുകാർ പരാജിതരായെന്ന് ഇംഗ്ലീഷ് ചരിത്രകാരൻമാർപോലും സമ്മതിക്കുന്നുവെങ്കിൽ മാപ്പിളയോദ്ധാക്കളുടെ ആത്മവീര്യത്തിനു മുമ്പിൽ നമുക്ക് നമ്രശിരസ്ക്കരാവുക. കളരികളുടെ സങ്കേതമായിരുന്ന ഏറനാട്ടിലാണ് വെള്ളക്കാർ ആക്രമണം നടത്തിക്കൊണ്ടിരുന്നത്. 1793ൽ ഉണ്ണിമൂസ്സയുമായി ഒരുടമ്പടിയിൽ ഒപ്പുവെച്ച് തല്ക്കാലം പിന്തിരിഞ്ഞ വെള്ളക്കാർ ഉടമ്പടി ലംഘിച്ച് വീണ്ടും ആക്രമണം തുടങ്ങി. ക്യാപ്ററൻ ബർച്ചലിന്റെ കീഴിൽ ഉണ്ണിമൂ

സ്സായെ പിടിക്കാൻ വെള്ളക്കാർ ഒരു സമരം നടത്തി. പക്ഷെ ഉണ്ണിമൂസ്സായെ കിട്ടിയില്ല. അദ്ദേഹത്തിന്റെ ഗ്രാമം കൊള്ളചെയ്തു പലരെയും തോക്കിനിരയാക്കി. എന്നിട്ടും കലാപം ഒതുങ്ങിയില്ല. പുതിയ യോദ്ധാക്കൾ രംഗത്തുവന്നു. ഗതി മുട്ടിയ ഇംഗ്ലീഷുകാർ 1794 മെയ് 4–ാംനു–മേജർ മർഫുയുടെ സാന്നിദ്ധ്യത്തിൽ വീണ്ടും ഉടമ്പടിയിലൊപ്പിട്ടു. പക്ഷെ, ഈ ഉടമ്പടിയെല്ലാം വെള്ളക്കാർ തന്നെ ലംഘിച്ചു, ക്യാപ്ററൻ മാഗ്നോട്ട് എന്ന പട്ടാള മേധാവി കളരികൾ തകർക്കാനും ആയുധങ്ങൾ കണ്ടുകെട്ടാനും ഓർഡർ നല്കിയതോടെ കുടിലുകളിൽ ഒതുങ്ങിക്കഴിഞ്ഞിരുന്ന വൃദ്ധരായ കുരുക്കന്മാർപോലും പിന്നെ സമയം പാഴാക്കിയില്ല. ഉണ്ണിമൂസ്സാ കുരിക്കളെ പിടിച്ചു കൊടുക്കുന്നവർക്ക് 3000 ക ഇനാം വിളംബരം ചെയ്താണ് മാഗോട്ട്  പട്ടാളവുമായി മലപ്പുറത്തെത്തിയത്. ഈ ഘട്ടത്തിലാണ് പ്രസിദ്ധ കളരി അഭ്യാസിയായ അസ്സൻ കുരുക്കൾ രംഗത്തു വന്നത്. മെയ്യൊതുക്കത്തിലും വാൾപ്പയററിലും വടിയേറിലും അക്കാലത്ത് അസ്സൻ കുരിക്കൾ ഒന്നം പന്തിക്കാരനായിരുന്നു. മലപ്പുറം ആക്രമണത്തിനെതിരായി അസ്സൻ കുരുക്കൾ തന്റെ ശക്തി കേന്ദ്രീകരിച്ചു. സമരമുഖത്ത് നിലയുറപ്പിച്ച അസ്സൻകുരുക്കളെ തോല്പിക്കാൻ ഇംഗ്ലീഷുകാർ പാഴ്ശ്രമം നടത്തി. എങ്കിലും വലിയ നാശനഷ്ടങ്ങൾ വരുത്തിയാണ് മുറിവേററ വെള്ളപ്പട്ടാളം പിന്തിരിഞ്ഞത്. പൊന്നാനിയിൽ താമസമുറപ്പിച്ചിരുന്ന സമരനേതാവായ ഹൈദ്രോസ് കുരുക്കളെ പട്ടാളം വളഞ്ഞുപിടിച്ചു നാടുകടത്തിയതോടെ കലാപം കാട്ടുതീ പോലെ പടർന്നു. അക്കാലത്ത് മുസ്ലീമിങ്ങളുടെ ആത്മീയനേതൃത്വമുണ്ടായിരുന്ന പുതിയങ്ങാടി തങ്ങൾ മഹാസിദ്ധിതകളുള്ള മഹാനായിരുന്നെന്ന് കുരുക്കന്മാർ വിശ്വസിച്ചിരുന്നു. ഉണ്ണിമൂസ്സയും, അസ്സൻകുരുക്കളും, ചെമ്പൻ പോക്കർ എന്ന പേരിലറിയപ്പെടുന്ന പോക്കു കുരുക്കളും ഒളിസമരത്തിന്നായി തങ്ങളുടെ ആശീർവാദത്തോടെ  തയ്യാറെടുത്തു. നികുതിനിഷേധം നടന്നിരുന്ന ആ കാലത്ത് വെള്ളക്കാർ പരിഭ്രാന്തരായിരുന്നു. പല സ്ഥലങ്ങളിലും ഒളിപ്പോരാളികളുമായി വെള്ളക്കാർ ഏററുമുട്ടി പിന്തിരിഞ്ഞു. പോക്കർ കുരുക്കളെ പിടിച്ചു തടവിലാക്കി. പക്ഷെ കുരുക്കൾ തടവു ചാടി. ഈ ഘട്ടത്തിൽ മാപ്പിള കുരിക്കളെ ആത്മാർത്ഥമായി

സഹായിച്ച ഏക മലബാർ പ്രമാണി പഴശ്ശിരാജാവാണ്. പഴശ്ശിയോടൊപ്പം മാപ്പിളമാർ ഇംഗ്ലീഷുകാരോട് യുദ്ധം ചെയ്തു.പഴശ്ശിയുടെ കാലം കഴിഞ്ഞു. മാപ്പിളക്കുരുക്കന്മാർ ഒരായുധവും ധരിക്കാൻ പാടില്ലെന്ന വിളംബരത്തിന് ശക്തി കൂടി. ‘‘മാപ്പിളമാർക്ക് വടിയും കത്തിയും നിഷേധിച്ചിരിക്കുന്നു.’’ ഈ വിളംബരങ്ങളൊന്നും കളരി കുരുക്കന്മാരോ മാപ്പിളമാരോ ചെവിക്കൊണ്ടില്ല. 1841 ലും 1843ലും സമരം പിരിമുറുകി. കളരികളുടെ പ്രവർത്തനം നിരോധിച്ചു. ആയുധങ്ങൾ ബലമായി പിടിച്ചെടുത്തു. പലരെയും വെടിവെച്ചു കൊല്ലുക.യും ചെയ്തു. പട്ടാളമേധാവിയായ വല്ലിക്കാപ്പാന്റെ സൈന്യവുമായി കൈവാളേന്തി മാപ്പിളക്കുരുക്കന്മാരായ കുഞ്ഞൻചേരി ആലിഹസ്സനും, ഹുസ്സൻമൂസകുട്ടിയും, മൊഹിയദ്ദീനും യുദ്ധം ചെയ്തു മരിച്ചുവീണു. ഇംഗ്ലീഷ്ചരിത്രകാരന്മാർ കൂടുതൽ ശ്ലാഘിച്ചിട്ടുള്ള മാപ്പിളപ്പയററുമുറകൾ ഈ ഘട്ടത്തിലാണവർക്കനുഭവപ്പെട്ടത്. പുതിയങ്ങാടി തങ്ങളുടെ മരണം, നേതാക്കന്മാരുടെ നാടുകടത്തൽ, കളരിനിരോധനം തുടങ്ങിയ ആപത്തുകൾ ഒന്നിനു പിന്നാലെ ഒന്നായി സംഭവിച്ചു. 1852 ൽ മാപ്പിള ആക്ടും പാസ്സാക്കി. സെയ്യദ് ഫസലിനെ നാടുകടത്തിയതോടെ മാപ്പിളമാർ ക്ഷുഭിതരായി. മാപ്പിള ആക്ടിന്റെ മറവിൽനിന്ന് കലക്ടർ കൊണോലിയുടെ പട്ടാളം പല അഴിമതിയും ചെയ്തു. പ്രസ്തുത പ്രതിരോധന നടപടികളാണ് മാപ്പിളക്കളരികളെ തകർത്തത്.

മാപ്പിള കുരുക്കന്മാർ മദ്ധ്യമലബാർ ഭാഗങ്ങളിൽ ഒരു ശക്തിയായിരുന്നു. 1921ലെ സമരകാലത്ത് അവർ ഒന്നുകൂടി രംഗത്ത് വന്നു. കളരിയഭ്യാസവും കളരിയും അക്രമസങ്കേതങ്ങളായി മുദ്ര കുത്തപ്പെട്ടതോടെ ആ രംഗത്ത് നിന്ന് മാപ്പിളമാർ നിഷ്ക്കാസിതരാവുകയും ചെയ്തു. ചിലർ ഉഴിച്ചിൽകാരായും സർക്കസ്സ്കാരായും നാടുവിട്ടു. പഴയ ആയോധനമുറകൾ മറന്നു. ചില ഭാഗങ്ങളിൽ കളരികൾ പേരിനുമാത്രം നിന്നു. അതേ ഘട്ടത്തിൽ മററുള്ളവരുടെ കളരികൾ നിർബാധം മുന്നോട്ടുനീങ്ങി. അവർ കളരിയഭ്യാസികളും പ്രസിദ്ധരുമായി മുന്നേറുന്ന കാഴ്ച കണ്ട് മാപ്പിളക്കുരുക്കന്മാർ നെടുവീർപ്പിടുകയാണ്. കളരിയുടെ ഉപജ്ഞാതാക്കളും നിത്യത്തൊഴിലുകാരുമായ മാപ്പിളമാർ പ്രസ്തുത രംഗത്ത് നിന്ന്

തിരോഭവിക്കുന്നു. സമുന്നതമായ ഒരു കായികാഭ്യാസി എന്ന നിലയ്ക്ക് ആരോഗ്യമുള്ള തലമുറയെ വളർത്തിയെടുക്കാനെങ്കിലും മാപ്പിളക്കളരിരകൾ സമുദ്ധരിക്കേണ്ടതാണ്. ആധുനിക കളരിപ്രേമികൾ വിഭാഗീയ വീക്ഷണം പുലർത്താതെ മാപ്പിളക്കളരികൾക്കും വളരാൻ സൗകര്യം നൽകേണ്ടതാണ്. സമുദായിക സമത്വവും സന്ദർഭസമത്വവും പ്രഖ്യാപിക്കുന്ന ഈ രാജ്യത്ത് എല്ലാവരുടെയും നികുതികൊണ്ടു രാജ്യഭരണം നടത്തുമ്പോൾ മാപ്പിളക്കളരികൾക്കും സാമ്പത്തികമായ പ്രോത്സാഹനം ലഭിക്കേണ്ടതാണ്. ആ മഹത്തായ കല കളരിപ്പയററിന്റെ ഉപജ്ഞാതാക്കളായ മാപ്പിളമാരുടെ കയ്യിൽനിന്നുമാത്രം എന്നെന്നേക്കുമായി നഷ്ടപ്പെടാതിരിക്കണം.

# ലഹരിയുടെ കഥ

പ്രശസ്തിയിലേക്കുയർന്നുവന്ന ഒരു പ്രതിഭാസമ്പന്നന്റെ ദു:ഖപൂർണ്ണ മായ അന്ത്യം ഇന്നും മായാതെ നില്ക്കുകയാണ്. ഒരസ്ഥിപഞ്ജരമായി അവശേഷിച്ച സാഹിത്യകാരനായ സുഹൃത്തിന്റെ അനുകമ്പാപൂർണ്ണ മായ അന്തിമനോട്ടത്തിന്റെ ആ കദനഭാവം ഹൃദയത്തിൽനിന്നെങ്ങിനെ മാഞ്ഞുപോകും. ആ സുഹൃത്തിന്റെ ഭാഷയിൽ പറഞ്ഞാൽ 'റെയിൽ തെററിയ ജീവിത'ത്തിലേക്ക് വലിച്ചിഴക്കപ്പെട്ട അവസ്ഥാവിശേഷത്തിന്റെ പ്രതിദ്ധ്വനി ജീവിതസമരത്തിലെ ഒരപശബ്ദമായിത്തീർന്നു. മാനുഷിക മായ ദൗർബല്യങ്ങളിൽനിന്നു വിമോചിതരാകുന്നവർ കുറവാണ്. പക്ഷെ, നിഷേധാത്മകമായ ദൌർബല്യം ഒരു ഭൂഷണമായിക്കരുതുന്ന ചില സുഹൃത്തുക്കൾ ജീവിതത്തിൽ റെയിൽതെററി ദു:ഖസങ്കേതത്തിലെത്തു ന്നു. അങ്ങിനെ ആ സങ്കേതത്തിലേക്ക് ആ സുഹൃത്തിനെ തള്ളിമാററിയ തെന്താണ്? അമിതമായ മദ്യപാനം! റെയിൽ തെററിയ ജീവിതത്തിലേക്ക് എടുത്തുചാടി സ്വയം മരണം വരിച്ച കഥാകൃത്തായിരുന്നു. ആ സുഹൃ ത്തിനെപ്പററി ഓർക്കുമ്പോൾ മദ്യത്തിന്റെ മാരകമായ കഴിവിനെപ്പററി ചിന്തിക്കാതെ തരമില്ല. ആ സുഹൃത്ത് യുവതലമുറയിൽ മററുള്ള വർക്കും ഒരു പാഠമായിരുന്നെങ്കിൽ! മദ്യപാനമില്ലെങ്കിൽ പ്രതിഭയുടെ വിളനിലം വരണ്ടുപോകുമെന്ന വാദം എത്ര ശുഷ്ക്കമാണ്.

'അല്പം മിനിങ്ങിക്കളയാം എന്ന മുഖവുരയോടെ സമീപിക്കുന്ന സുഹൃത്തുക്കളുടെ മദ്ധ്യത്തിൽ മനസ്സാന്നിദ്ധ്യത്തോട് ഇടപഴകാൻ സാധിച്ചാൽ അതൊരു വിജയമായിരിക്കും. മദ്യം നല്ലതോ ചീത്തയോ എന്ന ലാദങ്ങളൊന്നും ഒന്നു ''മിനുങ്ങാൻ'' തയ്യാറെടുത്ത സുഹൃദ്മദ്ധ്യ ത്തിൽ പ്രസക്തമല്ല. കുറച്ചു തലക്കനം വേണമെങ്കിൽ അല്പം മിനു ങ്ങണം എന്ന പല്ലവിക്ക് ശക്തികൂടിവരുന്ന കാലമാണിത്. ''എന്താ ഒന്നെ ടുത്താൽ ............ആകാശം ഇടിഞ്ഞുവീഴുമോ? ചോദ്യം ഗൗരവമുള്ളതുത ന്നെ. സുഹൃത്തുക്കളുടെ അപ്രിയം സമ്പാദിക്കാൻ ചില ഘട്ടങ്ങളിൽ

വേഗം സാധിക്കും.'' 'ഒരു കമ്പനിയിൽ ചേരുമ്പോൾ അല്പസ്വല്പമാകാം.' എന്ന ലാഘവവേദാന്തത്തിൽനിന്നു രക്ഷപ്പെടാൻ ദൃഢനിശ്ചയം വരിച്ചിട്ടുള്ള മനസ്സിൽനിന്നും ഒരു ''പുഞ്ചിരി'' എപ്പോഴും സ്റ്റോക്കുണ്ടാകണം. നിത്യദു:ഖത്തിലേക്ക് കുടുംബത്തെ തള്ളിവിട്ട് ജീവിതം അപഹാസ്യമായി അവസാനിപ്പിക്കുന്ന ചേതോവികാരത്തന്നവലംബമായ തത്വശാസ്ത്രം എന്താണെന്നു മനസ്സിലാകാത്തതാണ് പ്രശ്നം. സാഹിത്യകാരനായാൽ 'അല്പസ്വല്പം'' എടുക്കാതിരിക്കില്ലെന്ന മുൻവിധികളെ മാററിനിറുത്തി ചിന്തിച്ചാൽ കാര്യം എളുപ്പം ഗ്രഹിക്കാം. സാഹിത്യകാരൻ എന്ന ബുദ്ധിജീവിവർഗ്ഗത്തെ മാത്രം എന്തിന് വകതിരിച്ചു പറയണം. സമൂഹത്തിന്റെ വിവിധ മണ്ഡലങ്ങളിൽപെടുന്ന പലരും ലഹരി മാഹാത്മ്യത്തിന്റെ പിന്നാലെ പോകുന്നതു കാണാം. മദ്യസേവ കൂടാതെ സാഹിത്യസേവനം നിർവ്വഹിക്കുന്നവരുടെ സംഖ്യ എപ്പോഴും കൂടുതലായിരിക്കും. നൈമിഷിക ഗുണത്തേക്കാൾ ദോഷം ചെയ്യുന്ന ലഹരിയിൽനിന്ന് മാറിനില്ക്കാൻ എന്തുകൊണ്ട് സാധിക്കുന്നില്ല? സാധിക്കേണ്ടതാണ്. അത്യാധുനിക കാലത്തും മദ്യം വിഷം തന്നെയാണെന്നു ശാസ്ത്രം തെളിവു നൽകുന്നു. സാമൂഹ്യപരിഷ്ക്കർത്താക്കളും മതപ്രബോധകരും ശക്തിമത്തായ ഭാഷയിൽ മദ്യവർജ്ജനത്തിനായി നിലകൊണ്ടു? കാരണം വ്യക്തമാണ്. ഈ വിഷം സമൂഹത്തെ ദുഷിപ്പിക്കും. അതുകൊണ്ടാണ് ഗാന്ധിജിപോലും ലഹരിക്കെതിരായി തിരിഞ്ഞത്.

മദ്യത്തിൽ ശരീരത്തിലെ വിവിധകോശങ്ങളെ കാർന്നുതിന്നുന്ന വിഷവീര്യം ഉൾക്കൊള്ളുന്നുണ്ടെന്ന് രസതന്ത്രജ്ഞന്മാർ പ്രഖ്യാപിക്കുന്നു. യഥാക്രമം 2:6:1 എന്ന തോതിൽ ഇംഗാലം, ഹൈഡ്രജൻ, ഓക്സിജൻ എന്നിവ അടങ്ങുന്ന മദ്യം ഗുണത്തേക്കാൾ ദോഷം ചെയ്യുമെന്നുതന്നെയാണ് ആരോഗ്യവിധി. ചില സുഹൃത്തുക്കൾ പറയും ''വൈൻ സാരമില്ല, ഒരു ടോണിക്കാണെന്ന്''. പക്ഷെ പ്രസ്തുത ടോണിക്കിൽ 15–20% ശരീരഘടനയെ താറുമാറാക്കുന്നവൻ അടങ്ങിയിരിക്കുന്നുവത്രെ. ''ബിയർ വെറും വെള്ളമല്ലേ?'' അവനു ലഹരിയെ ഇല്ല, ചുമ്മാ കുടിക്കാവുന്നതാണെന്ന് ഒരു പ്രോത്സാഹനം ലഭിക്കുമ്പോൾ , വിഷം 2–5% അതിലും ഒളിഞ്ഞിരിപ്പുണ്ടെന്ന് ധരിക്കണം. പാർട്ടിയിലെ ഗമക്കാരനായ വിസ്ക്കിയിൽ 30–50%

ചാരായം അടങ്ങിയിട്ടുള്ളതുകൊണ്ട് അതിന്റെ ലഹരി മാഹാത്മ്യം വ്യക്ത മാണല്ലോ? ആൽക്കഹോൾ എന്നറിയപ്പെടുന്ന ചാരായവർഗ്ഗം കലരാത്ത ഒരു ലഹരിപദാർത്ഥവുമില്ലാത്തതുകൊണ്ട് ജീവശാസ്ത്രജ്ഞന്മാർ മനു ഷ്യന്റെ ആരോഗ്യവിപത്തിനെപ്പററി ഗാഢമായി ചിന്തിച്ചുതുടങ്ങിയിരിക്കു ന്നു. ഉത്തമാഹാരത്തിന്റെ പട്ടികയിൽ ലഹരിസാധനങ്ങൾ ഉൾപ്പെടുത്തു ന്നത് ആഹാരം എന്ന നിലയിൽ പരിഗണിക്കുവാൻ ആധുനിക വൈദ്യ ശാസ്ത്രം വിസമ്മതിക്കുകയാണ്. കാരണം വ്യക്തമാക്കാൻ വൈദ്യവിശാര ദന്മാർ ചില പ്രക്രിയകൾ ഇങ്ങിനെ വിവരിക്കുന്നു. യകൃത്ത് എന്നറിയപ്പെ ടുന്ന ലിവറിൽവെച്ചാണ് ആൽക്കഹോൾ ജാരണം ചെയ്യുന്നത്. ജാരണ ക്രിയ (Oxidise) കാരണം യൂറിക് ആസിഡ് ലിവറിനെയും വൃക്കകളെയും അമിതമായി പ്രവൃത്തിപ്പിക്കുന്നതുകൊണ്ട് അവ രോഗബാധിതമായിത്തീരു ന്നു.

പരിഷ്ക്കാരികളായ ഫാഷൻ മദ്യപാനികളോട് – ബീർ മാത്രം കഴി ക്കുന്നവരോട്–ബേസൽ സർവ്വകലാശാലയിലെ പ്രസിദ്ധ രസതന്ത്രജ്ഞ നായ ഡോ: വോൺബണ്ട് ഒരിക്കൽ പറഞ്ഞു. ‘‘യുവാക്കളെ, ബീർ അത്ര നിർദ്ദോഷിയല്ല. ബീറിലെ ആൽക്കഹോൾ ചൂടു ഉത്പാദിപ്പിക്കുകയും ശരീ രത്തിലെ ചൂട് നഷ്ടപ്പെടുത്തുകയും ചെയ്യും, മാനസികമായി ചൂടു തോന്നിക്കുന്നത് സുബോധസംഹാരക്രിയമൂലമാണ്. ബീറിലാണെങ്കിൽ ഡെസ്ക്രീൻ എന്ന പദാർത്ഥവും പഞ്ചസാരയും ഉൾക്കൊള്ളുന്നു. ഈ പദാർതഥങ്ങൾ വേറെതന്നെ ധാരാളമായി ഉപയോഗിക്കുന്നുണ്ട്. ഒരിക്കലും ദഹനത്തെ ബീർ സഹായിക്കില്ല.

ലഹരിസാധനങ്ങളിൽ നിർദ്ദോഷമായി ഒന്നുംതന്നെ ഇല്ലെന്നാണ് കുടിയന്മാരുടെ സാമ്രാജ്യത്തിലെ വിദഗ്ദ്ധരുടെ വിനീതാഭിപ്രായം. ആധു നിക വൈദ്യശാസ്ത്രത്തിലും ഔഷധവീര്യഗുണനിയന്ത്രണത്തിലും ഒരു വിദഗ്ദ്ധപ്രമാണിയെന്ന പേര് സമ്പാദിച്ച ഡോ: ഇർവിംഗ്ഫിഷർ മദ്യപന്മാ രുടെ മുമ്പിൽ അവതരിപ്പിച്ച അഭിപ്രായം ശ്രദ്ധാർഹമാണ്.

‘ആൽക്കഹോൾ ഒരിക്കലും വിശ്വസ്തനായ ഒരു കൂട്ടുകാരനല്ല. നിങ്ങൾ ആശിക്കുന്ന ചൂട് ശരീരത്തിനു നൽകാൻ അതിന് സാധിക്കുകയി

ല്ല. വിഷസമ്മിശ്രമായ ഒരവസ്ഥാവിശേഷം സൃഷ്ടിക്കാൻ സാധിച്ചേക്കും. കറുപ്പ് കഴിക്കുന്നതുപോലെ കരുതിയാൽ മതിയാകും. പക്ഷെ ആഹാരപ ദാർത്ഥമായി ആരും കറുപ്പ് കഴിക്കാറില്ലല്ലോ? ജോലി ചെയ്യാനുള്ള ഉന്മേഷ ത്തിനാണ് മദ്യം കഴിക്കുന്നതെന്ന വാദവും തെററാണ്. താല്ക്കാലികമായി ഒരു പ്രേരണ തോന്നുമെങ്കിലും പിന്നീട് വളരെയേറെ ശരീരക്ഷീണമാണ് മദ്യപാനികൾക്കുണ്ടാവുക. ആദ്യത്തെ തോന്നൽ അവരെ അവസാനം വരെ വലിച്ചിഴക്കുന്നുവെന്നതൊഴിച്ചാൽ തികച്ചും തെററായ കണക്കുകൂട്ട ലാണ് ഇത് സംബന്ധമായുള്ളത്.

സാഹിത്യകാരന് ചിന്തിക്കാനും എഴുതാനും, ഡ്രൈവറിന് കാറോടി ക്കാനും, മറെറല്ലാ തൊഴിൽ വിഭാഗത്തിന്നും തൊഴിൽ അനായാസ മായി നിർവ്വഹിക്കാനും മദ്യം സഹായമാണെന്ന ധാരണ തികച്ചും തെററാ ണെന്ന് പരീക്ഷണങ്ങളും തൊഴിൽ പരമായ അപഗ്രഥനങ്ങളും കൊണ്ട് തെളിഞ്ഞുകഴിഞ്ഞിരിക്കുന്നു. ഒരു പരീക്ഷണവിദഗ്ദ്ധനായ ഡോ:പാർകീസ് സൈനികരുടെ ജീവിതരീതിയെപ്പററി പഠനം തയ്യാറാക്കിയ റിപ്പോർട്ടിൽ പറയുന്നു. ബ്രിട്ടീഷ് സൈനികരുടെ ജോലി ചെയ്യാനുള്ള കഴിവ് ഒരു കുപ്പി ബീർ 18–20 ശതമാനം കുറച്ചു മറെറല്ലാ ലഹരിസാധന ങ്ങളും ഈ അനുഭവമാണുണ്ടാക്കിയത്.' മറെറാരു വൈദ്യവിശാരദ നായ ഡോ: ഡബ്ലിയു. ആർ. വൈൽസ്, യേൽ സർവ്വകലാശാലയിൽ ക്ലാർക്കുമാരുടെയും ടൈപ്പിസ്റ്റുകളുടെയും ഇടയിൽ ഒരു പരീക്ഷണം ഫലം പ്രോത്സാഹനപ്രദമായിരുന്നില്ല. രണ്ടു മണിക്കൂറുകൾക്കുള്ളിൽ ജോലിയുടെ വേഗത 20 ശതമാനം കുറഞ്ഞതോ പോകട്ടെ, വരുത്തിയ തെററുകൾ 39 ശതമാനമായി ഉയർന്നു. അല്പം കൂടുതൽ കഴിച്ചവർ തെറ റുവരുത്തിയത് 72 ശതമാനമാണ്.

കഴിഞ്ഞ 30 വർഷങ്ങളായി അമേരിക്കയിലും ബ്രിട്ടനിലും നടത്തിയ വാഹനങ്ങളുടെ അപകടക്കണക്ക് മദ്യം കഴിച്ചവരുടെ പേരിലാണ് 74 ശത മാനം തൂങ്ങിനില്ക്കുന്നത്. മദ്യപാനം കൊണ്ടുള്ള അപകടം ശരാശരി 15ശ തമാനം ആയിരുന്നത് 1967 ലായപ്പോഴേക്കും 100 മതൽ 200 ശതമാനം വരെ വർദ്ധിച്ചുവത്രെ. മദ്യപാനം കൊണ്ടുണ്ടായിട്ടുള്ള രോഗങ്ങളുടെ

കണക്ക് ഓരോ വർഷവും കൂടിക്കൂടി വരികയാണ്. വിപത്തിന്റെ വളർത്ത മ്മയെന്നോണം മദ്യപാനം മനുഷ്യനെ താലോലിച്ചു മയക്കുന്നു. ഈ പരിച രണം മനുഷ്യനെ റെയിൽ തെററിക്കുന്നു.

ശരീരഘടനയിൽ മദ്യം എന്ത് പ്രതികരണമാണുണ്ടാക്കുകയെന്ന് പരി ശോധിക്കാം. ആഹാരസാധനങ്ങളിലെ ജലാംശങ്ങളെ വലിച്ചെടുക്കുന്ന മദ്യം ദഹനക്രിയക്ക് വിഘാതം സൃഷ്ടിക്കുകയും ആമാശയത്തിന്റെ അക ത്തുള്ള ഏതെങ്കിലും ഒരു ഭാഗത്ത് രോഗാവസ്ഥ ജനിപ്പിക്കുകയും ചെയ്യു ന്നു. ദഹനം വേഗം വരുത്തുന്നുവെന്നത് ശരിയാണെങ്കിലും സാധാരണ ദഹനക്രിയ നടത്തേണ്ട ഘടകങ്ങളുടെ പ്രവർത്തനം തടയപ്പെടുന്നുവെന്ന താണ് യാഥാർത്ഥ്യം. ലിവർ സംബന്ധമായ 60 ശതമാനം രോഗങ്ങളും മര ണങ്ങളും മദ്യപാനം കൊണ്ടുണ്ടായിട്ടുള്ളവയാണെന്ന് പ്രഖ്യാപിക്കപ്പെട്ടിരി ക്കുന്നു. നാഡി ദുർബ്ബലമാക്കുന്നതിനാലാണ് മദ്യം അതിന്റെ പ്രവർത്തനം നന്നായി നിർവ്വഹിക്കുന്നത്. ശ്വസനേന്ദ്രിയങ്ങളുടെ പ്രവർത്തനവേഗതയിൽ നല്ല പങ്കു വഹിക്കുന്ന മദ്യം അവസാനമായി ബലക്ഷയം വരുത്തി ശരീര ത്തിന്റെ നിയന്ത്രണം വേർതിരിക്കുന്നു. ലിവർ, വൃക്കകൾ, ശ്വാസകോശം എന്നീ ഭാഗങ്ങളിൽ വളരെവേഗം രോഗത്തിന്ന് കടന്നുകയറാൻ ഊന്നുവടി യായിട്ടാണ്, മദ്യം ഉപയുക്തമാകുന്നത്. സംസാരം, കാഴ്ച ഇവയിലെല്ലാം താളപ്പിഴവ് കാണുമ്പോൾ മദ്യപന്റെ ലക്ഷണമായിക്കരുതുന്നു. ചിലപ്പോൾ ‘‘ദ്വിദർശനം’’(Double Vision) അനുഭവപ്പെടുന്ന മദ്യപന്മാർക്ക് വളരെ വേഗം അടുത്ത പടിയിലേക്ക് കടക്കേണ്ടിവരും. ശ്വാസോഛ്വാസത്തിൽ നിയന്ത്രണം ചെലുത്തുന്നതോടെ ഹൃദയത്തിന്റെ പ്രവർത്തനം ഭാഗിക മായി നിർജ്ജീവമാകുകയും ചെയ്യുന്നു. ബോധമില്ലായ്മയും മരണവും സംഭവിക്കുന്നു. മരണത്തിൽനിന്ന് തല്ക്കാലത്തേക്ക് വഴുതിമാറിയവർക്ക് തലച്ചോറിനെ മദ്യവിഷം കൂടുതൽ മത്തുപിടിപ്പിച്ചതുകൊണ്ട് കൂടുതൽകൂ ടുതൽ മദ്യം ആവശ്യമായിത്തീരുന്നു. ബോധം വീണ്ടുകിട്ടാൻ, കൈചലി ക്കാൻ, സംസാരിക്കാൻ മദ്യം കഴിക്കണമെന്ന നിർബന്ധം മദ്യപാനിക്കു ണ്ടാകുന്നു. ഈ ഘട്ടത്തിൽ ഈ വിഷം തന്നെ കഴിക്കാനും അതുവഴി ‘നിത്യനിർവൃതി’യിലേക്കിറങ്ങിച്ചെല്ലാനും സമ്മതിക്കേണ്ടിവരുന്ന പ്രതിസ ന്ധിഘട്ടങ്ങളും മററുള്ളവർക്കുണ്ടാകുന്നു. വധശിക്ഷയ്ക്ക് വിധിച്ചവന്റെ

അന്ത്യദിനങ്ങൾപോലെ മരണം കാത്തുകഴിയുന്ന തടവുകാരന്റെ നിലയിലാണ് മദ്യപാനി എത്തിച്ചേരുന്നത്. വിലകൊടുത്തു വാങ്ങുന്ന വിഷാദത്തിൽനിന്ന് സ്വയം വിമുക്തനാകാൻ മനുഷ്യന് സാധിക്കണം.

മദ്യപാനം കൊണ്ട് ധാർമ്മികമായി തകർന്ന ഒരു സാമൂഹ്യവ്യവസ്ഥിതിയിൽനിന്നാണ് പ്രവാചകൻ ഒരു ജനതയെ ഉദ്ധരിച്ചത്, ധർമ്മനിഷ്ടമായ ഒരു വിപ്ളവം തന്നെ നടത്തിയ ഇസ്ലാം മദ്യം വിഷമാണെന്നുതന്നെ വിലക്കി. ലഹരിയിൽനിന്ന് ചില നേട്ടങ്ങളുണ്ടെന്ന് ഇന്നത്തെപ്പോലെ അന്നും ഒരു വിഭാഗം പറഞ്ഞപ്പോൾ ദർശനപ്രധാനമായ പ്രഖ്യാപനമുണ്ടായി...... ''അവയിൽ മനുഷ്യർക്ക് ചില പ്രയോജനങ്ങളുമുണ്ട്. പക്ഷെ, അവ ഉൾക്കൊള്ളുന്ന കുററം അവ കൊണ്ടുണ്ടാകുന്ന പ്രയോജനത്തെക്കാൾ ഭീമമാണ്.'' (2:218) അബോധാവസ്ഥയിലൂടെ ഒഴുകിയിരുന്ന ജനസമൂഹത്തെ ധാർമ്മിക പ്രേരണ ചെലുത്തി മറെറാരു മാർഗ്ഗത്തിലേക്ക് തിരിച്ചുവിടാൻ ഇസ്‌ലാം ശ്രമിച്ചു. ആ ശ്രമം പുതിയ സമൂഹക്രമം പടുത്തുയർത്താൻ പര്യാപ്തമായി. ചിന്തിക്കാൻ സാധിക്കുന്ന അവസ്ഥ വീണ്ടെടുത്ത ആ സമൂഹത്തോട് കുറെ ഗൗരവത്തിൽ ഉൽബോധനം നടത്തി.

'സത്യവിശ്വാസികളെ, മദ്യവും ചൂതുകളിയും...... അശുദ്ധവും പിശാചിന്റെ നടപടികളിൽ പെട്ടതുമാകുന്നു. അതുകൊണ്ട് നിങ്ങൾ വിജയം പ്രാപിക്കുന്നതിന് അതെല്ലാം വിട്ടൊഴിഞ്ഞു വരിക (5:90) ഖുർ ആനിൽ ഉറക്കെ ചിന്തിക്കാൻ പ്രേരണ നൽകിയ പ്രഖ്യാപനങ്ങൾ ഉണ്ടായതോടെ വിജയപഥത്തിലേക്ക് തിരിഞ്ഞ ഒരു സമുദായവും വളർന്നു വന്നു. ധർമ്മനിഷ്ടമായ മാർഗ്ഗങ്ങളിൽ നിന്ന് തെററിമാറിയ ഘട്ടങ്ങളിലെല്ലാം വിപൽഘട്ടങ്ങളെ പുണരേണ്ടതായും വന്നു. ഇസ്‌ലാമിക ചരിത്രത്തിലെ മൂല്യസംഘർഷങ്ങളെപ്പററി പഠനം നടത്തിയാൽ ഈ പതനം സ്പഷ്ടമാകും.

ആധുനിക കാലഘട്ടത്തിന്റെ പ്രത്യേകതകളിൽ അല്പം ലഹരി കൂടിയായാലേ ഒരു ഭൂഷണമാകൂ എന്ന് വിചാരിക്കുന്നവരുണ്ട്. കടുത്ത മതനിഷേധികളായിട്ടല്ല ഒരു വിഭാഗം ഇതംഗീകരിക്കുന്നത്. സാമൂഹ്യസാഹചര്യത്തിന്റെ ബാഹ്യപ്രേരണയിൽ അങ്ങിനെ ആയിപ്പോകുന്നുവെന്ന് മാത്രം. അല്പം എടുത്തശേഷം ഇസ്ലാമിക വീര്യം ഉൽഘോഷിക്കുന്നവരെയും

കണ്ടെന്നു വരാം. ഇതെല്ലാം കാണുമ്പോൾ പുതിയ തലമുറക്ക് ആശയക്കുഴപ്പവും തലകറക്കവും വരും. അതിനവരെ പഴിച്ചിട്ട് കാര്യമുണ്ടോ? അറിഞ്ഞുകൊണ്ട് ആപത്തിലേക്കു ചെല്ലുന്നവരെ തടഞ്ഞുനിറുത്താൻ ഇനി ഒരു പ്രവാചകനും അവതരിക്കയില്ല.

എന്നാലും മഹത്‌വചനങ്ങൾക്കും ഇസ്ലാമിന്റെ പ്രഖ്യാപിത സിദ്ധാന്തങ്ങൾക്കും കുറെപ്പേറെ വീണ്ടെടുക്കാൻ കഴിയും. അതിന്നൊരു മാർഗ്ഗം മററുള്ളവർ കെട്ടിയേല്പിക്കാതെ തന്നെ നടപ്പാക്കാൻ കഴിയും. താൻ ചെയ്യുന്നത് തെററാണെന്ന ബോധ്യം വരികയും സ്വയം വിമർശനത്തിന് തയ്യാറാവുകയും വേണം. ഇസ്‌ലാമിന്റെ അന്തസ്സത്തയുടെ ആത്മവീര്യം അതിന്നവരെ ശക്തരാക്കണം. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പോലെതന്നെ വളർന്നു വരുന്ന നിഷേധാത്മകമായ ചീത്ത വൃത്തിയിൽനിന്ന് മോചനം നേടിയാൽ വളരുന്ന തലമുറക്ക് ശോഭനമായ ഭാവിയുണ്ടാകും. മുസ്‌ലീം സമുദായത്തിൽ മദ്യപിക്കുന്നവരുണ്ടെന്ന് ഒരാക്ഷേപം പുറപ്പെടുവിക്കുകയാണെന്ന് ആരും ധരിക്കരുത്. എന്നാലും ആകസ്മികമായി മുമ്പിലകപ്പെടുമ്പോൾ ചില സുഹൃത്തുക്കളുടെ മഞ്ഞ നിറം കലർന്ന ഒരു പുളിച്ച ചിരിയുണ്ടല്ലോ? ആ ചിരിയിൽ സമുദായം കരയുന്നതിന്റെ സീൽക്കാരമാണ് കേൾക്കുന്നത്. സമുദായം ഇതിലെന്തു പിഴച്ചു? എന്ന അദ്വൈതപ്രമാണമായ ചോദ്യം ഉയരുമെന്നറിയാം. വ്യക്തി തെററു ചെയ്താൽ സമൂഹത്തിന്റെ തെററായും തീരാറുണ്ട്. വ്യക്തികൾ കൂടുന്ന സമൂഹം എന്നത് സമുദായമാണ്. അതുകൊണ്ട് സമുദായത്തിനും ഏറെക്കുറെ അപമാനമുണ്ടാകാം. എന്തിന് ഇക്കാര്യത്തിൽ വാദിക്കണം? തിരുത്താവുന്ന തെററുകളാണിതെല്ലാം. തിരുത്താൻ ആരുടെ ഉപദേശവും വേണ്ട. ഉപദേശം വേണ്ടത്ര സർഗ്ഗമൂല്യങ്ങളുടെ നിധിനിക്ഷേപമായ ഇസ്ലാമികതത്വസംഹിതയിലുണ്ട്.

മരിച്ചുപോയ സുഹൃത്തിന്റെ സ്മരണയെപ്പുണർന്നെഴുതിയപ്പോൾ പ്രശ്നം നീണ്ടുപോയതാണ്. ഹതഭാഗ്യനായ ആ സുഹൃത്തിന്റെ സ്മരണക്കുമുമ്പിൽ തെളിഞ്ഞുവരുന്ന ഒരു സത്യം ഇതാണ്. മഹാകവി ഹാലിയുടെ വാക്കുകൾ ഉദ്ധരിക്കട്ടെ. ‘അനുഭവത്തേക്കാൾ വലിയ ഗുരുനാഥനില്ല. ജീവി

തത്തെ ലാഘവഭാവത്തോടെ സ്വയം വേരറുത്ത് വിധിക്ക് വിട്ടുകൊടുക്കുകയല്ല; മാനസികപക്വതയോടെ ദുർവൃത്തികൾക്കെതിരായി സമരം ചെയ്ത് ധന്യമായ ഒരർത്ഥം ജീവിതത്തിന്നുണ്ടെന്ന് തെളിയിക്കുകയാണ് വേണ്ടത്.

# മതവും മൂല്യസംഘർഷവും

ശൈശവജീവിതത്തിൽ മനസ്സിൽ കടന്നുകൂടിയ അവ്യക്തമായ ഒരനുഭൂതിവിശേഷമാണ് മതമെന്ന ഫ്രോയിഡൻ തത്വശാസ്ത്രം ഈ നൂററാണ്ടിലെ തലമുറകളെ ഏറെക്കുറെ സ്വാധീനിച്ചിട്ടില്ലെയെന്നു ചോദിച്ചാൽ അല്പം ഗൗരവബുദ്ധിയോടെ ഇല്ലെന്നു പറയുവാൻ ആർക്കും കഴിയുകയില്ല. മതതത്വശാസ്ത്രത്തിന്റെ മഹോന്നതഭാവങ്ങളെ അപഗ്രഥിക്കാനോ, പരീക്ഷണനിഷ്ടമായ ആത്മസിദ്ധികളെപ്പററി പരിചിന്തനം ചെയ്യാനോ കുതിച്ചുകയറിവന്ന ശാസ്ത്രീയവികാരം സാവകാശം നല്കിയില്ലെന്ന് ധരിക്കാം. പക്ഷെ, അതുകൊണ്ടുമാത്രം യുവതലമുറക്ക് മതമൂല്യങ്ങളിലുളവായിട്ടുള്ള അസംതൃപ്തവികാരത്തിന്റെ മൗലികകാരണം എന്താണെന്ന് വ്യക്തമാവുകയില്ല. മതവിശ്വാസം ചോദ്യം ചെയ്യപ്പെടാതെ ഒരേ ചാലിൽക്കൂടി നീങ്ങിക്കൊണ്ടിരുന്ന കാലഘട്ടത്തിലാണ് പാശ്ചാത്യരാജ്യങ്ങളിൽ ബുദ്ധിശാലികളായ ചില 'ധിക്കാരികൾ' തലയുയർത്തിനിന്ന് എതിർശബ്ദം പുറപ്പെടുവിച്ചത്. ക്രൈസ്തവമതത്തിനെതിരായ അവരുടെ നിഷേധം ലോകമതങ്ങളെ പരോക്ഷമായിട്ടെങ്കിലും ബാധിച്ചുവന്നത് ബ്രൂണോ, ഗലീലിയോ, കെപ്ലർ കാപ്പർണിക്കസ് തുടങ്ങിയവരുടെ ചരിത്രം വ്യക്തമാക്കുന്നു. അവരുടെ ഖണ്ഡനമീമാംസയ്ക്ക് വ്യാഖ്യാനം നല്കിയ മാർക്സ്, ലെനിൻ, വാൾട്ടയർ തുടങ്ങിയ പ്രതിഭാസമ്പന്നന്മാരെ പിന്തുടരുന്ന ഒരു വിഭാഗത്തെ ആധുനിക കാലഘട്ടം കണ്ടു. ഈ വ്യതിയാനങ്ങൾക്ക് കാരണം കേവല മതനിഷേധം മാത്രമല്ല, കുറെയെല്ലാം സാമ്പത്തികവുമാണ്.

യൂറോപ്പിൽ കത്തിപ്പടർന്ന സ്വതന്ത്രചിന്തയും വ്യാവസായിക വിപ്ലവവും അതിന്റെ പരിണിത ഫലമെന്നോണം ഇളകിവളർന്ന യുക്തിചിന്തയും സാമൂഹ്യമാററം വരുത്താൻ പര്യാപ്തമായി. ''മതം കറപ്പാണെന്ന്'' മുദ്രാവാക്യമുയർന്നപ്പോൾ ''ദൈവത്തെപ്പററി അറിയാൻ മതത്തെപ്പററി പഠിയ്ക്കുക'' എന്ന ചിന്തയും തലപൊക്കി; മാർക്സും ഏംഗൽസും, ലെനിനും ഒരു വീഥി വെട്ടിയപ്പോൾ ജയിംസ് ഫ്രെയിസറും, മാക്സ് മുളളറും, റെസ്സലും രണ്ടാമത്തെ മാർഗ്ഗം തുറന്നു കാട്ടി: സാമ്പത്തിക ഘടന

വേഗം മാററാനുള്ള ആദ്യത്തെ കൂട്ടർക്ക് ദുരിതമനുഭവിക്കുന്നവർ പിൻബലം നൽകിയത് സ്വാഭാവികമാണ്. കുറെക്കൂടി ശാന്തമായി ചിന്തിച്ച വർ രണ്ടാമത്തെ കൂട്ടരെ പിൻതുടർന്നു. ആദ്യത്തെ കൂട്ടർ കഴുത്തിനു വെട്ടിയപ്പോൾ രണ്ടാമത്തവർ ഹൃദയത്തിനാണ് മുറിവേല്പിക്കാൻ ശ്രമിച്ച ത്. രണ്ടുവിഭാഗത്തിനും ആധുനിക കാലഘട്ടത്തിലെ ജനപിന്തുണ ലഭിച്ചു. ഇരുകൂട്ടരും മതത്തെ നാമാവശേഷമാക്കുന്ന കാര്യത്തിൽ തർക്കിച്ചുനിന്നു. ഒരുകൂട്ടർ മതത്തെ പൊതുശത്രുവായിത്തന്നെ കരുതി സാമ്പത്തിക സാമൂ ഹ്യമാററങ്ങൾക്കായി യാത്ര തുടർന്നു. ഈ യാത്രയേയും അതിന്റെ നായക നായ മാർക്സിനെയും ആധുനിക ചിന്താമണ്ഡലത്തിലെ ദീക്ഷഗോപുര മായ ബർട്രോൻഡ് റസ്സൽ ഒന്നു ചിരിച്ചുകൊണ്ട് കളിയാക്കി. (1) ഒരു സാമൂഹ്യവിവസ്ഥിതിയുടെ സ്ഥാപകനാണെങ്കിലും അദ്ദേഹം വിശ്വസി ക്കുന്ന വിദ്വേഷത്തിന്റേതായ ശാസ്ത്രം ദുർബലമാണ്. റസ്സൽ ഈ കാര്യം ഊന്നിപ്പറഞ്ഞിട്ടും ജനത മാർക്സിനെ മറന്നില്ല. സാമ്പത്തിക നിമ്നോന്നത യാണ് കാരണം. തീവ്രമായ ചിന്താവിപ്ലവവും അന്തർമുഖക്ഷോഭങ്ങളും പല ചിന്താപ്രസ്ഥാനങ്ങൾക്കും വഴിതെളിയിച്ചു. മാനുഷ്യസർഗ്ഗത്തെ സാർവ്വത്രികമായി ബാധിച്ച ചിത്തരോഗമാണ് മതം, എന്നു ഫ്രോയിഡ് പറ ഞ്ഞപ്പോൾ ''ചിത്തരോഗികൾ'' അല്പമൊന്നിളകി താരതമ്യപഠനം, അപഗ്ര ഥനം സൂക്ഷ്മാലോകനം എന്നീ കാര്യങ്ങളിൽ യൂറോപ്പിലെ മതപണ്ഡിത ന്മാർ കൂടുതൽ ശ്രദ്ധിച്ചു. മതത്തിന്റെ ശാസ്ത്രീയമായ കാഴ്ചപ്പാടിനെപ്പററി നിരവധി വ്യാഖ്യാനങ്ങളും പുറത്തുവന്നു. ഈ മാററങ്ങളെല്ലാം നിയോഹ്യൂമനിസത്തിന്റെ ഭാഗത്തുനിന്നും വാദിയ്ക്കുന്ന വൈററ് ഹെഡ് അല്പം മയപ്പെടുത്തി, ശാസ്ത്രജ്ഞന്മാരോടു പറയുന്നു. (2) ശാസ്ത്രം ശീഘ്രഗതിയിൽ സാധിച്ചെടുക്കുന്ന കാര്യങ്ങൾ മതത്തിനു സാധിച്ചെടു ക്കാൻ കഴിഞ്ഞെന്നു വരില്ല. ശാശ്വതങ്ങളായ മതതത്വങ്ങളുടെ ആവശ്യം തന്നെ പുരോഗതി നേടലാണ്. ഭൗതികവാദപ്രചാരകരായ ഹക്സലിയും ഹാൾഡയിനും മതത്തെ ഒരു യാഥാർത്ഥ്യമായി അംഗീകരിയ്ക്കുന്നുവെ ന്നത് പുതിയ തലമുറയിൽ ഒരളവോളം സ്വാധീനം ചെലുത്തുന്നു. ദിവ്യപ്ര ബോധനം, മരണാനന്തരജീവിതം, സ്വർഗ്ഗനരകങ്ങൾ, പ്രാർത്ഥനയുടെ ഫലവും സിദ്ധിയും, നന്മതിന്മകൾ എന്നീ കാര്യങ്ങളിലാണ് ശുദ്ധഭൗതിക

വാദികൾ സംശയിച്ചുനില്ക്കുന്നത്. കുറെക്കൂടി അടുത്തു പഠിച്ചവർ ജീവിതസിദ്ധാന്തമായി മതത്തെ കാണുന്നു. അവർക്ക് ഒരു പ്രകാശനാളം കൊളുത്തിക്കൊടുക്കുന്നത് 'ആർണോൾഡ് ടോയൻബീയാണ്' മതം ഒരു പ്രാകൃതസ്ഥാപനമാണെന്ന അവഗണനാസിദ്ധാന്തം തികച്ചും ഉപരിവസന്തതിയാണ്. (1) ജീവിതത്തിന്റെ സുഖദുഃഖങ്ങൾ പ്രതിഫലിക്കുന്ന തത്വശാസ്ത്രമല്ലാതെ മറ്റൊന്നുമല്ല ''മതം''. മതതത്വശാസ്ത്രം യൂറോപ്പിന്റെ ഉന്നതനിലവാരത്തിൽ ചർച്ചചെയ്യപ്പെട്ടപ്പോൾ അതുമായി ചുവടുപിടിച്ചുനിന്ന എല്ലാ രാഷ്ട്രങ്ങളിലെയും അഭ്യസ്തവിദ്യരെ അതാകർഷിച്ചു. ഇതിൽനിന്നു വളർച്ച പ്രാപിക്കുന്ന ആധുനിക രാഷ്ട്രങ്ങളായ ഈജിപ്ത്, ഇറാൻ, ഇറാക്ക്, ജോർദാൻ, ഇൻഡൊനേഷ്യ, മലയ തുടങ്ങിയ ഭൂരിപക്ഷ മുസ്ലീംകൾ അധിവസിക്കുന്ന രാജ്യങ്ങൾ ഒഴിഞ്ഞുനില്ക്കുന്നില്ല. ലോകപ്രസിദ്ധസാംസ്ക്കാരിക കേന്ദ്രങ്ങളായ ''അൽ അസ്ഹർ'' സർവ്വകലാശാലയും മററു വിജ്ഞാനകേന്ദ്രങ്ങളും കൈമാറിക്കൊടുത്ത ധന്യമായ ഇസ്ലാമിക സംസ്ക്കാരം ഉള്ളിൽ സൂക്ഷിക്കുന്ന യുവജനതയിൽതന്നെ പുതിയ വളർച്ച കാണാതിരുന്നില്ല. രണ്ടു ലോകമഹായുദ്ധങ്ങൾ വരുത്തിയ പരിവർത്തനവും ഭൗതിക ജനാധിപത്യ പ്രേരണയും കൊളോണിയലിസത്തിന്റെ കുടിലതന്ത്രങ്ങളും അതുമായി ബന്ധപ്പെട്ട കാര്യങ്ങളും യുവതലമുറയെ കുറെ സംഭ്രമിപ്പിച്ചു. ഈ യാഥാർത്ഥ്യം ആശയസംഘട്ടനത്തിനു പുതിയ അറബിജനതയിലും ആഫ്രിക്കൻ കരകളിലും യൂറോപ്പിൽതന്നെയും തിരികൊളുത്തി. ആ തിരി കത്തിപ്പടരുമെന്നായപ്പോൾ മറൊരു ശക്തിവിശേഷം വിശ്വാസത്തിന്റേതായ നീക്കവും പ്രചരണവും ആരംഭിച്ചു. മൂല്യങ്ങളെ മാനിയ്ക്കുക എന്ന ആദർശം ഇന്നുയർന്നുവരികയാണ്.

മനുഷ്യാസ്തിത്വത്തെ പുതിയ കാഴ്ചപ്പാടിലൂടെ സമീപിക്കുകയും വിലയിരുത്തുകയും ചെയ്യണമെന്ന പ്രത്യയശാസ്ത്രത്തെ തുറന്നെതിർക്കുവാനും അതിനു മുമ്പിൽ മതത്തിന്റെ മഹനീയതയെ തുറന്നവതരിപ്പിക്കുവാനും ശ്രമമാരംഭിക്കാൻ ആധുനികമായ സമീപനരീതിയും ആവശ്യമായിവരുന്ന പ്രചരണത്തിനുപയോഗിക്കുന്ന മാദ്ധ്യമോപകരണങ്ങൾ പഴയതുതന്നെ ആയാൽ വിജയിക്കണമെന്നില്ല. സയൻസും ടെക്നോളജിയും വളർന്നു അത്ഭുതങ്ങൾക്കു മനുഷ്യരെ കീഴ്പ്പെടുത്തുന്ന ഘട്ടമായതു

കൊണ്ടു പാതിരാപ്പാട്ടിന്റെ പ്രചരണരീതി മാറുകയും വേണം. ഈ നൂററാണ്ടിന്റെ ഗതിവേഗതയുടെ ചുവടൊപ്പിച്ച് നീങ്ങുന്ന ബുദ്ധിജീവികളുടെ തലമുറയെ വശീകരിച്ചിട്ടുള്ള ജീൻപോൾസാത്രെ, ആർതർ കമു, മാർക്കൊസിസ് ലൂബിസ്, സയ്യിദു അയൂബ് നിസ്സാം, അമലൻ ദത്ത, നിരാദ് ചൗധരി, എസ്ക്കിൽ തുടങ്ങിയ പലരും വായിക്കുന്ന ചെറുപ്പക്കാരന്റെ നിത്യസഹചാരികളായിരിയ്ക്കയാണ്. നിയോഹ്യൂമനസത്തിന്റെയും മൂല്യങ്ങളെ മാനിച്ചുകൊണ്ട് മതശാസനകളെ പുതിയ കാഴ്ചപ്പാടിൽ വിലയിരുത്തുന്ന വിദേശികളും സ്വദേശികളുമായ ആധുനിക ചിന്തകന്മാരാണിവർ. സമകാലീന ചിന്തയിൽ ഇവർ പകർത്തിക്കൊടുത്ത വിഭവങ്ങൾ ആസ്വദിക്കുന്ന ബുദ്ധിജീവികളെ കൂടുതൽ കാണാം. വിദ്യഭ്യാസത്തിനായി ഉയർന്ന കലാശാലകളിലേയ്ക്കു സന്താനങ്ങളെ വിടുമ്പോൾ അവരെ പൂർണ്ണമായും നിയന്ത്രിക്കുവാൻ പലപ്പോഴും സാധിച്ചെന്നു വരില്ല. അവർക്കു വേണ്ടുവോളം തിരഞ്ഞെടുക്കാൻ ഇസ്ലാമീകസംസ്ക്കാരത്തിന്റെ ഈടുവെയ്പിൽനിന്നു ഇന്നത്തെ ഭൗതികവിദ്യാഭ്യാസരംഗത്തേക്കു സർഗ്ഗപ്രചോദനം വ്യാപരിക്കുന്നില്ലെന്നത് വ്യക്തവുമാണ്. അടിസ്ഥാനപ്രമാണങ്ങളെ വേരോടെ പിഴുതെറിയുന്ന ചിന്താപ്രവണതകൾ പുതിയ തലമുറയെ ചില രംഗങ്ങളിൽ പുല്കിത്തഴുകി ആഹ്ലാദിപ്പിയ്ക്കുന്നുവെന്നത് കഴിഞ്ഞ ഇരുപതുവർഷങ്ങൾക്കിടയിൽ വിശ്വസാഹിത്യത്തിൽ വാർന്നുവീണ കൃതികൾ പരിശോധിച്ചാൽ വ്യക്തമാകും. പരപ്പിൽമാത്രം കുമിളകൾ ഉതിർത്ത് പൊലിഞ്ഞുപോകുന്ന കൃതികളെപ്പററിയല്ല പറയുന്നത്. ആഴത്തിലേയ്ക്ക് – ആത്മാവിന്റെ ആഴത്തിലേയ്ക്ക് തുളച്ചുകയറുന്ന അസ്തിത്വവാദോത്മകസംവാദമായ ''എക്സിസ്റ്റൻഷ്യലിസം'' കവിതയിലും നോവലിലും, തത്വശാസ്ത്രത്തിലും മററെല്ലാ സാഹിത്യസൃഷ്ടികളിലും വ്യാപകമായി കാണാംയ യുവതലമുറയെ മയക്കുന്ന ഈ നവഭാവനയുടെ പുതിയ പ്രവാപകൻ ആഫ്രിക്കക്കാരനായ ജീൻപോൾസാത്രയാണ്. അഭ്യസ്ഥവിദ്യരായ ബുദ്ധിജീവികളുടെ ആരാധനാപാത്രമായിത്തീർന്നിരിക്കുന്ന സാത്രെ മുസ്ലീം യുവലോകത്തെയും ആകർഷിച്ചിട്ടുണ്ടെന്ന് യൂറോപ്പ്, ആഫ്രിക്ക, മലയ, ഇൻഡോനേഷ്യ തുടങ്ങിയ രാഷ്ട്രങ്ങളിലെ ഉന്നത വിദ്യാലയങ്ങളിലെ പ്രശസ്തരായ പ്രൊഫസർമാരുടെയും വിദ്യാർത്ഥികളുടെയും സെമിനാറുകൾ,

കോൺഫറൻസുകൾ, തുടങ്ങിയവ വ്യക്തമാക്കപ്പെട്ടിരിക്കുന്നു. ഇന്ത്യ യിലും ബുദ്ധിമണ്ഡലത്തിൽ പ്രസ്തുത മസ്തിഷ്ക്കശക്തികളെ ആദരി ക്കുന്നവർ കൂടിവരികയാണ്. നിലവിലുള്ള സാമൂഹ്യസ്ഥിതിയുടെ വെല്ലു വിളി നേരിടാൻ മതങ്ങൾക്ക് കെൽപ്പു കുറഞ്ഞുവെന്നാണ് സാത്രെ വിശ്വ സിക്കുന്നത്. മാർക്സിന്റെ മൂലധനം തിരുത്തിക്കൊണ്ടിരിക്കുന്ന സാത്രെ യിൽ യുവലോകം എന്തോ ഒന്നുണ്ടെന്നു കാണുന്നു. ഇന്ത്യയിൽ ഒരു സർവ്വകലാശാലയിൽ പഠിക്കുന്ന ആഫ്രിക്കൻ വിദ്യാർത്ഥികളുമായി സംസാരിച്ചപ്പോൾ അവിടത്തെ മുസ്ലീം യുവവിഭാഗം എത്ര കണ്ടു സാത്ര യ്ക്കുഅടിപ്പെട്ടിട്ടുണ്ടെന്നു ഗ്രഹിക്കാൻ കഴിഞ്ഞു. ഉഗണ്ട, കെനിയ തുട ങ്ങിയ മിക്ക രാജ്യങ്ങളിലും സാത്രെയ്ക്കു മുസ്ലീം ആരാധകരുണ്ടത്രെ! യുവതലമുറയെ സംഭ്രമിപ്പിക്കുന്ന സാത്രെയുടെ തത്വശാസ്ത്രം ഇതാണ്.

''അസ്തിത്വമാണ് മുമ്പ്. പിന്നീടാണ് സത്ത. സംഭവിച്ച കാര്യങ്ങളിൽ അബദ്ധം പററിയിട്ടില്ലെന്ന് ദൈവത്തെ സാക്ഷി നിറുത്തി മതം പറയുന്നതു എന്തോ അബദ്ധം പ ററിയിട്ടുണ്ടെന്നതിന്റെ തെളിവായി എടുക്കണം.മനു ഷ്യനിർമ്മിതമായ എന്തും മനുഷ്യന്റെ വിചാരഗതികളെയും നിയന്ത്രിക്കുന്ന തായിരിക്കണം. തത്വനിർദ്ദേശങ്ങളേക്കാൾ ജീവിതരീതിയാണാവശ്യം. അതുകൊണ്ട് മതത്തെ പൂർണ്ണമാക്കാൻ കഴിയാത്തിടത്ത് ശാസ്ത്രീയമനു ഷ്യനാൽ പൂർണ്ണമാക്കാൻ കഴിയാത്തതെന്താണെന്ന് അന്വേഷിക്കണം. ഈ തത്വം ശാസ്ത്രദൃഷ്ട്യാ ആദ്ധ്യാത്മികവും ഭൗതികവുമാണ്; ജീവിക്കാനാഗ്ര ഹിക്കുന്ന മനുഷ്യന്റെ തത്വശാസ്ത്രത്തിലധിഷ്ടിതവുമാണ്. പദാർത്ഥനി ഷ്ഠമായ പ്രാപഞ്ചികമൂല്യങ്ങളെ നിഷേധിക്കുന്ന കർമ്മമാർഗ്ഗമായി സാത്രെ യുടെ മാനുഷികമൂല്യ സിദ്ധാന്തത്തെ വാരിപ്പുണരുന്ന ബുദ്ധിജീവികളെ കൊളുത്തിയിടുന്ന പല ഉപാധികളും ഉടലെടുത്തിട്ടുണ്ട്. വൈകാരിക ഭക്തി പാരത കൊണ്ടു മാത്രം ഉയർന്നു നില്ക്കുന്ന ജനാദരവാർജ്ജിച്ച വേദപ്രമാ ണങ്ങൾ തങ്ങളുടെ പുതിയ ഉപാധികളെ ക്ഷീണിപ്പിക്കുന്നില്ലെന്ന് മനസ്സിലാ ക്കിയ യുവാക്കൾ കൂടുതൽ ലഹരിയുള്ള ചിന്തയുടെ പിന്നാലെ പാഞ്ഞു പോയിക്കൊണ്ടിരിയ്ക്കയാണ്. ഇതിന്റെ വെളിച്ചത്തിൽ അത്യന്തനൂതന മായി ഭൗതികചിന്തകന്മാർ അംഗീകരിച്ചിട്ടുള്ള തത്വം ഇതാണ്.

''സ്വാതന്ത്ര്യപ്രചോദിതവും വിപ്ലവകരവുമായ സാമൂഹ്യദർശന ത്തിന്റെ കർത്തവ്യം മനുഷ്യനാണ്. മനുഷ്യലോകത്തിന്റെ വിധാതാവ് എന്ന മൂലികചരിത്രവസ്തുതയെ ഊന്നുക എന്നതാണ്. വിചാരശീലനായ മനുഷ്യൻ വ്യക്തിയെന്ന നിലയിലേ പ്രവർത്തിക്കുന്നുള്ളു. മനുഷ്യമ സ്തിഷ്കം ഒരു ഉല്പാദനോപകരണമാണ്. അത് ഏററഴവും വിപ്ലവകര മായ വസ്തുക്കളെ ഉല്പാദിപ്പിക്കുന്നു-ആശയങ്ങൾ'' (1) ഈ ആശയ മൂല്യം വ്യാഖ്യാനിക്കപ്പെടുന്നവർ പലരും പരോക്ഷമായി എല്ലാം മനുഷ്യച രിത്രത്തിലൊതുങ്ങുന്ന ലോകത്തിന്റെ വിധാതാക്കളാണ്. കലയിലൂടെ വളരെ വേഗം ഈ ആശയം പകർത്തി പ്രചരിപ്പിക്കാൻ ഇന്നിവർക്ക് കഴിയു ന്നു. മുൻകാല പ്രതിഭയുടെ ഉറവിടങ്ങളിൽനിന്ന് ഓരോ കുടം കൈയിലേ ന്തിക്കൊണ്ട് ഇവർ ചൂണ്ടിക്കാട്ടുകയാണ്.

(2) ''നൈസർഗ്ഗിക മനുഷ്യന്റെ നന്മയിൽക്കാണുന്ന വികാരവിശേഷ ങ്ങളെക്കാളൊന്നും ദൈവവും മതവും ഉത്ഭവിച്ചിട്ടില്ല. ആധുനികതയുടെ പ്രത്യേകത കൂട്ടിച്ചേർത്താൽ അതിലെത്രയോ ഭാവനാപൂർണ്ണമാകും ജീവി തം.'' എന്നാണ് മററൊരു ചിന്തകനായ ആർതർ കാവൂ ഈയിടെ ഒച്ചപ്പാടു ണ്ടാക്കിയ ഒരു നോവലിന്റെ ആസ്വാദനത്തിൽ പറഞ്ഞത്. ഇത്തരം ചിന്തക്ക ടിപ്പെട്ട് വിശ്വാസത്തകർച്ചയിലേക്കു പോകുന്ന തലമുറയെ ഭീകരമായി ഭീഷണിപ്പെടുത്തിയിട്ട് ഫലമില്ല. മതം ദുർബ്ബലമല്ലെന്നും വിശ്വാസത്തിന്റേ തായ മൗലിക സിദ്ധാന്തത്തിന് മാത്രമേ മനുഷ്യരാശിയെ മോചിപ്പിക്കാൻ കഴിയുകയുള്ളുവെന്നും ധരിപ്പിക്കാനുള്ള ബുദ്ധിമാന്മാരായ മതപണ്ഡിത ന്മാരുടെ തീവ്രയത്നവും നല്ല സമീപനവുമാണിന്നാവശ്യം. അസ്വസ്ഥരായ യുവാക്കൾ എന്തിലും ചെന്നു ചാടും. കഴിഞ്ഞ കാലങ്ങളിൽ വിശ്വാസത്ത കർച്ച വന്നാൽ ഉപദേശിക്കുന്ന വർഗ്ഗത്തെയെങ്കിലും ഭയമുണ്ടായിരുന്നു. വായിക്കുകയും, വായിച്ച വഴിയിലൂടെ മാത്രം ചിന്തിക്കുകയും ചെയ്യുന്ന പുത്തൻ തലമുറ ഉപദേശികളുടെ മുമ്പിൽ മൗനം നടിക്കുന്നു. അല്ലെങ്കിൽ പതുക്കെ ചിരിച്ചു ഒഴിഞ്ഞുമാറുന്നു. മതം വ്യക്തിപരമായ കാര്യമാണെന്ന് മൗനത്തിലൂടെ അവർ സമർത്ഥിക്കുന്നു.

മതത്തിന്റേതായ എല്ലാ നല്ല കാര്യങ്ങൾക്കുമെതിരായി നിറഞ്ഞ അവഗണന പുലർത്തുന്ന ഒരു കൂട്ടുജീവിതത്തിന്റെ മാതൃക അറിഞ്ഞോ അറിയാതെയോ യുവാക്കളിൽ വളരുകയാണ്. ഇതിൽ മുസ്ലീം യുവാക്കളും ഒഴിവാകുന്നില്ല. പാശ്ചാത്യ രാജ്യങ്ങളിൽ നിന്നാണ് ഈ മാതൃക വരുന്നതെങ്കിലും ആധുനിക പരിഷ്ക്കാരങ്ങളെല്ലാം അതിന് പരിവേഷമണിയിക്കുന്നുണ്ട്. ഫ്രാൻസിൽ പണ്ടുകാലങ്ങളിൽ ബോദ്ലയരെപ്പോലുള്ള മഹാകവികളെ യുവാക്കൾ അനുകരിച്ചിരുന്നു. ആദരിച്ചിരുന്നു. ഇന്ന് യുവതലമുറയുടെ ആരാധനാപാത്രങ്ങൾ ഫാഷൻ കട്ടിംഗ് നടത്തുന്ന ക്ഷുരകനും തയ്യൽക്കാരനുമായി മാറിയിരിക്കയാണ്. പ്രസിദ്ധനായ ലാറൻസ് ലിപ്ടന്റെ ''വിശുദ്ധ പ്രാകൃതർ'' എന്ന നോവലിൽ ഇത്തരം അനുകരണക്കാരെപ്പററി പറയുന്നത്. സന്മാർഗ്ഗം പറഞ്ഞതു മതമായതുകൊണ്ടു അതിന്നെതിരാവുക, സത്യം നിർദ്ദേശിച്ചത് ദൈവമാണെങ്കിൽ എതിർക്കുക, ഈ ഗതിയിൽനിന്ന് വളർന്നുവന്ന അമിതമായ കറുപ്പുതീററ, കൂട്ടുകൂടിയ മദ്യപാനം, നിരന്തരനിദ്ര, അലക്ഷ്യമായ താടിവളർത്തൽ, അകാലലൈംഗികത, സമൂഹത്തിൽനിന്നു ഒററപ്പെടൽ........ഇവയെല്ലാം ദേശാതിർത്തികളെ കടന്നു വളരുകയാണ്. ബ്രിട്ടനിലെ തെരുവീഥികളിൽക്കാണുന്ന പുതിയ ബീററ്നിക്കുകളുടെ ചെറിയ പതിപ്പുകൾ നമ്മുടെ രാജ്യത്തും കണ്ടുതുടങ്ങിയിട്ടുണ്ട്. മുസ്ലീം യുവാക്കളും പതുക്കെപ്പതുക്കെയാണെങ്കിലും ഇതിലേയ്ക്ക് ആകർഷിക്കപ്പെടാതിരിക്കുന്നില്ല. സമുദായത്തിന്റെ ധാർമ്മികാധ:പതനത്തിന് വ്യക്തമായ പരിഹാരം ദിനചര്യകൾകൊണ്ടുമാത്രം കാണാൻ സാധിക്കുകയില്ല. പണ്ഡിതന്മാർ ലഘുവായ ഭിന്നതകളുടെ പിന്നാലെ മാത്രം എല്ലാ ശക്തികളെയും സംഭരിച്ചു സമരം ചെയ്തതുകൊണ്ടുമാത്രം ആധുനികപ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കാൻ കഴിയുമോ? പുതിയ തലമുറയുടെ ലക്ഷ്യബോധമില്ലാത്ത പോക്കിനെ നിയന്ത്രിക്കാൻ അവരെ ബാധിച്ച രോഗത്തിന്റെ ഗൗരവത്തെപ്പററി ചിന്തിക്കണം. അർത്ഥവ്യാപ്തി എത്രയുള്ള മഹത്വചനങ്ങൾ എത്ര ശബ്ദമുയർത്തിപ്പറഞ്ഞാലും ചുമ്മാ ചിരിച്ച് ഒഴിഞ്ഞുമാറുന്ന തലമുറയെക്കാണണം. അതും മതപരമായ വിജ്ഞാനം മാത്രമുള്ള പണ്ഡിതന് അല്പം കൂടി വ്യാപകമായ കാഴ്ചപ്പാട് പുതുമകളുടെ തിന്മകളെയും പററി വേണം. കല നല്ലതോ ചീത്തയോ എന്നു പറയു

മ്പോൾ കലയെല്ലാം ചീത്തയാണെന്നു മുൻവിധിയുണ്ടാകാതിരിക്കുക. സിനിമാ വഴിതെററിക്കുന്നുവെന്നുമാത്രം ധരിക്കുന്ന ഏകപക്ഷീയമായ വിധിയും, ശാസനയും പുലർത്തുന്ന ഒരു പണ്ഡിതന് പുതിയ സമൂഹത്തിലെ തലമുറയെ മതത്തിന്റെ മതത്തിന്റെ നിത്യസൗന്ദര്യം കാണിച്ചുകൊടുക്കാൻ കഴിയാതെ വരും. മതത്തിന്റെ എല്ലാ വശങ്ങളും പഠിച്ചറിഞ്ഞാലും പുതിയ സാമൂഹ്യമാററങ്ങൾക്കനുസരിച്ച് പ്രബോധനം നൽകാൻ കുറെക്കാര്യങ്ങൾകൂടി നേടാതെ തരമില്ല. തിട്ടപ്പെടുത്താൻ പററാത്ത വിധം പല നൂതനപ്രവണതകൾക്കും വിധേയരാകുന്ന പുതിയ തലമുറക്കാരെ സമചിത്തതയോടെ വീക്ഷിക്കുകയും അവരുടെ സാമൂഹ്യസാഹചര്യം ഗ്രഹിച്ച് പ്രബോധനം നടത്തുകയും ചെയ്യുന്ന പക്വമതികൾക്കുമാത്രമേ പ്രബോധനം വിജയിപ്പിക്കുവാൻ കഴിയുകയുള്ളു. ചിന്താരംഗത്ത് കടന്നുകൂടിയിട്ടുള്ള സംഘർഷാവസ്ഥയുടെ കളർ ചിത്രങ്ങൾ അപഗ്രഥിക്കാൻ സാവകാശമുണ്ടെങ്കിലേ വ്യക്തമായ ഫലം ഉണ്ടാവുകയുള്ളൂ.

‘‘ഉലമാക്കളും ഉമറാക്കളും നന്നായാൽ എല്ലാം നന്നായി’’ എന്ന പ്രഖ്യാപനത്തിനു കാലത്തിന്നനുസരിച്ചു അർത്ഥവും വ്യാഖ്യാനവും ഉണ്ടാകണം. പ്രഖ്യാപിത അർത്ഥത്തിനു മാററം വരുത്തണമെന്നല്ല പറയുന്നത്. പുതിയ സമൂഹത്തെ അതാവിഷ്ക്കരിക്കത്തക്കവിധം അതാവിഷ്ക്കരിക്കുവാൻ കഴിയണമെന്നുമാത്രം. ഭൗതിക സോഷ്യലിസം പ്രഖ്യാപിക്കുകയും വിലകുറഞ്ഞ ഫാഷന്റെ പിന്നാലെ പോകാൻ തയ്യാറാകുകയും ചെയ്യുന്ന ഇക്കാലത്ത് പണ്ഡിതന്റെയും നേതാവിന്റെയും മററും ശാസനകൾക്ക് അർഹിക്കുന്ന വിലതന്നെ ലഭിക്കുമല്ലോ? ആശാഭംഗത്തിന്റെയും അശുഭാശങ്കയുടെയും സ്ഥാനത്തു ആത്മബോധം നിർവ്വഹിക്കാൻ ധീരതയുടെ ശബ്ദം മറേറതു കാലത്തേക്കാളും ഇന്നുയരണം. ദന്തഗോപുരത്തിലെ ബുദ്ധിജീവികളുടെ വിജ്ഞാനവിതരണം മനുഷ്യനിമ്നോന്നതകളെ മുഴുവനും ഉൾക്കൊള്ളാൻ പര്യാപ്തമാകാറില്ല. സാമൂഹ്യജീവിതത്തിന്റെ താഴ്വരകളിൽ സ്പന്ദിക്കുന്ന ജീവിതത്തിൽ ആത്മബോധനം ശങ്കയ്ക്കിടമില്ലാത്തവിധം പകർന്നു കൊടുക്കണം. മുഖഛായ മാറുന്ന ലോകത്തിൽ ഒററപ്പെട്ടു നില്ക്കാൻ ഒരു സമുദായത്തിന്നും സാധിക്കുകയില്ല. മാറുന്ന കാലത്തിന്റെ ശബ്ദമുൾക്കൊണ്ടു വിശ്വാസത്തിലൂന്നിനിന്നുകൊണ്ടു പ്രശ്ന

ങ്ങൾ അതിന്റെ വൈരൂപ്യസൗന്ദര്യത്തോടെ ഗ്രഹിച്ച് നേതൃത്വം കൊടുക്കാൻ കഴിയുന്ന മതപണ്ഡിതന്മാരുടെ മാർഗ്ഗദർശനം ഇന്നാവശ്യമാണ്. സർവ്വജ്ഞനായിത്തീർന്നശേഷം പ്രബോധനത്തിന്നിറങ്ങുകയെന്നല്ല ഭാഷയിലായാലും ശാസ്ത്രത്തിലായാലും പുതിയ ചലനങ്ങളും ധാരകളും കുറെയെല്ലാം ഗ്രഹിച്ചിരിക്കണം. വഴിതെററുന്ന സഹോദരന് അഹിതമാകാത്തവിധം അത് ധരിപ്പിക്കാനും കഴിയണം. പതുകിയിരിക്കുന്നതും പടർന്നു കയറുന്നതുമായ വിശ്വാസത്തികർച്ചയിൽനിന്ന് സമുദായത്തിന്റെ നാളെയുടെ വിധാതാക്കളായ യുവാക്കളെ രക്ഷിക്കാൻ ആത്മാർത്ഥ വിശ്വാസമുള്ള പ്രബോധകന്മാർ മുന്നണിയിൽ വരാതെ തരമില്ല. ഇക്ബാൽ പറഞ്ഞതുപോലെ ഞാൻ ഇന്നലെയുടെയും ഇന്നിന്റെയുമല്ല; നാളെയുടേതാണ്..........ധന്യമായ ആ നാളെയിലേക്ക് ആവേശം പകരാൻ പുതിയ ലോകഗതി മനസ്സിലാക്കി പണ്ഡിതന്മാർ തയ്യാറായാൽ ജീൻപോൾ സാത്രെയുടെ വിചാരഗതി പടരാതിരിക്കും. പുതിയ തലമുറയ്ക്ക് ദൃഢവും വ്യക്തവുമായ നിർദ്ദേശങ്ങൾ നൽകാൻ മറെറങ്ങും ചരിത്രത്തിൽ മാതൃക തിരയേണ്ട. ജീവിതം ശുദ്ധവും ദൃഢവുമായി സ്വയം വ്യാഖ്യാനിച്ച പ്രവാചകന്റെ സന്നിധാനത്തിലേയ്ക്കു തന്നെ അവരെ വിളിയ്ക്കാം. തന്റെ ജീവിതനിയമങ്ങൾ എന്താണെന്ന് ചോദിച്ച അലിയോടു നബി പറഞ്ഞതിങ്ങനെയാണല്ലോ?

‘‘ദൈവജ്ഞാനമാണ് എന്റെ മൂലധനം;

യുക്തിയാണെന്റെ വിശ്വാസത്തിന്റെ വേര്

സ്നേഹമാണ് എന്റെ അടിത്തറ;

ഉത്സാഹമാണ് എന്റെ കുതിര;

ദൈവസ്മരണയാണ് എന്റെ മിത്രം;

ഉറപ്പാണ് എന്റെ നിധി;

ദുഃഖമാണ് എന്റെ കൂട്ടുകാരൻ;

ശാസ്ത്രമാണ് എന്റെ ആയുധം;

ക്ഷമയാണ് എന്റെ പുതപ്പ്

സംതൃപ്തിയാണ് എന്റെ യുദ്ധമുതൽ

ദാരിദ്ര്യമാണ് എന്റെ അഭിമാനം;

ഭക്തിയാണ് എന്റെ കല;

ദൃഢപ്രത്യയമാണ് എന്റെ ശക്തി;

സത്യമാണ് എന്റെ സമുദ്ധാരകൻ;

അനുസരണമാണ് എന്റെ പര്യാപതത;

മല്ലിടുകയാണ് എന്റെ പെരുമാററം;

എന്റെ ആനന്ദമാണ് എന്റെ

പ്രാർത്ഥന''

തികച്ചും സന്മാർഗ്ഗനിഷ്ഠമായ പ്രവാചകന്റെ ദൃഢപ്രത്യയം ആർക്കും മാതൃകയാണ്.സംശയാസ്പദവും വ്യംഗ്യമായും മാതാഭിമുഖ്യത്തെ അവഗണിക്കാനുള്ള യുവാക്കൾക്ക് തുറന്ന മാതൃക ഇസ്ലാമിലുണ്ടെന്ന് അവരെ ധരിപ്പിക്കുക. ചിന്തയിലും ജീവിതത്തിലും കണ്ണിയററു മറെറാരു രംഗത്തേക്ക് തിരിയുന്ന യുവതലമുറയെ അകററിമാററാതെ ശ്രമിക്കുകയും വേണം. പുരുഷാന്തരങ്ങളെ സംഭ്രമിപ്പിക്കുന്ന പ്രത്യയശാസ്ത്രങ്ങൾ എത്രതന്നെ മാറിമാറി സ്വീകരിച്ചാലും ചിന്തിക്കുന്ന തലമുറയ്ക്ക് മടങ്ങിനവരാനുള്ള ആശാകേന്ദ്രം, ശാശ്വതാശ്വാസമരുളുന്ന വിശ്വാസദാർഢ്യത്തിന്റെ വലിയഗോപുരം മതമാണ്.

# അറബിഭാഷയിലെ വിചാരസമ്പത്ത്

അറേബ്യൻ കടൽപോലെ അനന്തവും ആഴവുമേറിയ അറബിസാഹിത്യ ത്തിൽനിന്ന് കഴിയുന്നത്ര സമ്പത്ത് നമ്മുടെ ഭാഷകളിലേക്ക് പകർത്താനു ള്ള പരിശ്രമം ഏറെക്കുറെ ആരംഭിച്ചുകഴിഞ്ഞിരിക്കുകയാണ്. ചിരപുരാതന സാംസ്ക്കാരിക ചരിത്രം അയവിറക്കുന്ന കേരളീയർക്ക് അറബിഭാഷാസ മ്പത്ത് ഒരർത്ഥത്തിൽ അവകാശപ്പെട്ടതാണ്. മഹാന്മാരായ പണ്ഡിതന്മാർ അറബിഭാഷയിലെ മഹൽസിദ്ധികൾ മാതൃഭാഷയിലേക്ക് പകർന്ന കൊടു ക്കാൻ സന്മനസ്സ് കാണിക്കാഞ്ഞതിനാൽ മററു ചിലർ ഏജന്റുവഴിക്കാണെ ങ്കിലും മഹൽഗ്രന്ഥങ്ങൾ പരിചയപ്പെടുത്താൻ തയ്യാറായി. അറബിഭാഷ യിൽ വിവരമുള്ളവർ കണ്ണുതുറന്നതോടെ ഉൽകൃഷ്ടഗ്രന്ഥങ്ങളും ഭാഷ യിൽ വന്നുതുടങ്ങി. ഫത്ഹുൽഹീഈനും, സഹുൽബുഖാരിയും അതിനെ തുടർന്നുള്ള ഗ്രന്ഥങ്ങളും അതിന്റെ നാന്ദിയാണ്.

അറബിരാഷ്ട്രങ്ങളും ജനവർഗ്ഗങ്ങളും ഇന്ന് കൂടുതൽ ശ്രദ്ധയാ കർഷിക്കപ്പെടുന്നു. പക്ഷെ അറബിഭാഷയിലെ വിചാരസമ്പത്തിന് ഇനിയും മണ്ഡലം ലഭിക്കേണ്ടാതായിട്ടുണ്ട്.

ഒരു ജനതയുടെ വിചാരവികാസത്തിനനുസരിച്ചാണ് ജനതയുടെ കേന്ദ്രമായ ഭാഷ വളരുന്നത്. രാഷ്ട്രത്തിന്റെയും സമുദായത്തിന്റെയും മുഖക്കണ്ണാടിയെന്ന നിലയിൽ ഭാഷയുടെ സ്ഥാനം ലോകചരിത്രത്തെ സമ്പന്നമാക്കുന്നു. പ്രാചീന ചരിത്രകാരന്മാർ ആര്യൻ, സെമിററിക്, ടുറേനി യൻ, ദ്രാവിഡ എന്നിങ്ങനെ പല വിഭാഗങ്ങളായി ഭാഷകളെ തരംതിരിച്ചിട്ടു ണ്ട്. പ്രാചീന അറേബ്യയിൽ വേദഗ്രന്ഥങ്ങളും വേദാന്തസൂക്തികളും യുപ്ര ട്ടീസ്, ടൈഗ്രീസ് സംസ്ക്കാരത്തിന്റെ തണലിൽ രൂപം പ്രാപിച്ചത് സെമിറ റിക് ഭാഷകളിലാണ്. പക്ഷെ പ്രാരംഭകാലത്തെ സെമിററിക് ഭാഷകൾ അതേരൂപത്തിൽ ഇന്നവശേഷിക്കുന്നില്ല. പുരാതന സെമിററിക് ഭാഷാലിപി കൾ ഇന്ന് ശവക്കല്ലറകളിലും സ്തൂപങ്ങളിലുമാണ് കാണുന്നത്. സെമിറ്റിക് പാരമ്പര്യം അവകാശപ്പെടാവുന്ന മൂന്നു ഭാഷകൾ അറബിയും, സുറിയാനി

യും, അബിസീനിയനുമാണ്. ഇവയിൽ സംസാരഭാഷയായി വളർന്നുകഴിഞ്ഞ അറബി 60 കോടി ജനങ്ങളുടെ വിശ്വാസമൂല്യങ്ങളെ നിയന്ത്രിക്കുകയും പത്തുകോടി ജനങ്ങളുടെ വികാരവിചാരങ്ങൾക്ക് രൂപം നൽകുകയും ചെയ്യുന്നുണ്ട്. ഒരു വേദഭാഷയായി മൃതപ്രായനാകാൻ അറബി തയ്യാറില്ല. അറബി അക്ഷരമാല എന്നുണ്ടായെന്ന് വ്യക്തമായി പറയാൻ ഭാഷാഗവേഷകർക്ക് സാധിക്കുന്നില്ല. ഇതിഹാസപ്രതാപവാനായ 'ഹൂദ്' നബിയുടെ കാലത്ത് യമനിൽ അറബി ജന്മമെടുത്തെന്നാണ് അറബിചരിത്രകാരന്മാരുടെ നിഗമനം. 'മസ്നദ്' എന്ന പേരിൽ ഒററയക്ഷരത്തിലാരംഭിച്ച അറബിഭാഷ 'ജസം' എന്നലിപിയിലേക്ക് പകർന്നതോടെ അറബിയുടെ നിരയിലേക്ക് പുതിയ വാക്കുകൾ കടന്നുകൂടി. പല പരിഷ്ക്കാരങ്ങളെയും ഉരുമ്മിക്കൊണ്ട് 'കൂഫി' അക്ഷരങ്ങളിലേക്ക് അറബി പുരോഗമിച്ചു. കൂഫിയുടെ പരിഷ്കൃതരൂപമാണ് ഇന്നത്തെ 'ബദീഉ' അറബിഅക്ഷരങ്ങൾ. കൂഫി അക്ഷരങ്ങളിലാണ് ഖുർ–ആൻ അവതരിപ്പിച്ചിട്ടുള്ളത്. തദനന്തരം തുർക്കികൾ അറബിലിപികൾക്ക് സാർവ്വദേശീയപ്രാധാന്യമുള്ള പരിഷ്ക്കാരങ്ങൾ വരുത്തി.

തുർക്കികൾ വരുത്തിയ ലിപിപരിഷ്ക്കാരമാണ് അറബിരാജ്യങ്ങൾ ഇന്ന് അംഗീകരിക്കുന്നത്. ഹോമറിന്റെ ഇലിയഡിനേക്കാൾ പഴക്കമുള്ള ഗ്രന്ഥം പ്രാചീന അറബിഭാഷയിലെഴുതിയിട്ടുള്ള 'സാഫറുഅയൂബ്' ആണെന്ന് പുരാതന ചരിത്രാന്വേഷകർ സ്ഥാപിച്ചതോടെ ചരിത്രപരമായും അറബിയുടെ അന്തസ്സ് ഒന്നുയർന്നിട്ടുണ്ട്. ക്രിസ്തുവിനുമുമ്പ് പത്താംനൂററാണ്ടിലെ ഇലിയഡിനേക്കാളും ബി.സി.പതിനഞ്ചാംനൂററാണ്ടിലെ തൌറാത്തിനേക്കാളും പഴക്കം ബി.സി.ഇരുപതാംനൂററാണ്ടിലെ 'സാഫറി'നാണെങ്കിൽ അറബിയുടെ പൌരാണികത്വം ലോകചരിത്രത്തിലെ വിലപ്പെട്ട ഒരു രേഖ തന്നെയാണ്. 'സാഫർ' കവിതാസമാഹാരമാണ്. ഈ വിശിഷ്ടഗ്രന്ഥം ഹീബ്രുവിലേക്ക് പരിഭാഷപ്പെടുത്തിയശേഷം ഭാഷാപണ്ഡിതന്മാർ ഗവേഷണം നടത്തി ഇതൊരു അറബി എഴുതിയതാണെന്ന് സ്ഥാപിക്കുകയും ചെയ്തു. ക്രിസ്തുവിന് നാലു നൂററാണ്ടുകൾക്കു മുമ്പ് ജീവിച്ചിരുന്ന പേർഷ്യൻ ചരിത്രകാരനായ നിസ്യാസും ജ്യൗതിഷിതകനായ സബാനിത്തും അറബിഭാഷയ്ക്ക് ആയിരത്തഞ്ഞൂറു വർഷത്തെ പഴ

ക്കമുണ്ടെന്ന് സൂചിപ്പിച്ചിട്ടുണ്ട്. ആ നിലയിൽ പരിശോധിക്കുമ്പോൾ നാലായിരം വർഷത്തെ പഴക്കം അറബിഭാഷയ്ക്കുണ്ടാകണം. ചരിത്രത്തിന്റെ പിതാവായ ഹിറോഡോട്ടസ് പുരാതന സെമിററിക് മഹാപുരുഷന്മാരുടെ കഥകളാണ് തന്റെ വിശിഷ്ടഗ്രന്ഥത്തിൽ പറഞ്ഞിട്ടുള്ളത്. പ്രസ്തുത ഗ്രന്ഥ വിവരണം പ്രാചീന അറേബ്യരുടെ സ്വഭാവത്തെയും സംസ്ക്കാരത്തെയും വെളിപ്പെടുത്തുന്നു.

സാഹിത്യത്തിന്റെ വിവിധ ശാഖകളിലുണ്ടായ വളർച്ച അറബിഭാഷയുടെ പുരോഗതി തിട്ടപ്പെടുത്തി. ഏഴാം നൂററാണ്ടോടുകൂടി അറബികളല്ലാത്ത പല ഗ്രന്ഥകാരന്മാരും അറബിസാഹിത്യനായകന്മാരായി. മൊറോക്കോ, ടിപ്പോളി, അൽജീരിയ,. ടുണീഷ്യ, സുഡാൻ, ലബനോൻ, പേർഷ്യ, ഇറാക്ക്, സിറിയ എന്നീ രാജ്യങ്ങളിലെ അറബികളല്ലാത്ത പലരും ശാസ്ത്ര സാഹിത്യാദികളിൽ തങ്ങളുടെ മേധാശക്തി പുലർത്തിപ്പോന്നു. കാവ്യസരണിയിൽ പ്രതാപവാന്മാരായ ബശ്ശാം, അബൂനവാസ്, അബുൽഅതാഹിയ, ആദുഖാമ, ഇബ്നുറുമി എന്നിവർ അറബികളല്ലാത്ത അറബിഭാഷാമഹാകവികളാണ്. അറബിഭാഷാ സാഹിത്യത്തിന് രൂപഭദ്രത വരുത്തിയ വൈകരനനായ സീസവൈഹി എന്ന പേർഷ്യക്കാരൻ  മലയാളഭാഷയ്ക്ക് ഗുണ്ടർട്ട് ചെയ്ത സേവനമാണ് അറബിക്ക് ചെയ്തത്. കാവ്യസരണിയിൽ ചൈതന്യാത്മകമായ നല്ലൊരു ഗദ്യസാഹിത്യശാഖ തുറന്ന ജാഫിളും ഇബിനുമുഖഫതും അറബികളായിരുന്നില്ല. അറബിദേശീയരല്ലാത്ത ഭാവനാശാലികളെ ആകർഷിച്ചത് ഇസ്ലാം മതപ്രചരണമാണ്. പ്രവാചകനുമുമ്പ് അറബിഭാഷയിൽ സാഹിത്യഖടനനരിയ അറബികളല്ലാത്തവരെ കണ്ടുപിടിക്കാൻ ഭാഷാചരിത്രകാരന്മാർക്ക് കഴിയുന്നില്ല. പക്ഷെ പ്രവാചകനുശേഷം അറബിസാഹിത്യത്തിന്റെ ആധിപത്യം അറബികളല്ലാത്തവർ കീഴടക്കി. അയൽരാജ്യവാസികളുടെ വേഴ്ച കാരണം അറബിഭാഷയിലെ പദസമ്പത്ത് വർദ്ധിച്ചു, ചെറിയ കൈത്തോടുകൾ പോലെ അയൽദേശഭാഷകൾ അറബിയിൽ ഒന്നിച്ചുചേർന്നു. മദ്ധ്യപൌരസ്ത്യദേശത്തെ എട്ടുഭാഷകൾ ഒരുനൂററാണ്ടുകൊണ്ട് അറബിഭാഷയുടെ വളർത്തുപുത്രികളായി. നാല്പതുലക്ഷം ജനങ്ങൾ സംസാരിച്ചിരുന്ന അറബിഭാഷ 15 രാജ്യങ്ങളിലെ 10 കോടി ജനങ്ങൾ സംസാരിക്കുന്ന ഭാഷയായി വളർന്നു. അറബിയുമായി 60 കോടി ജനങ്ങൾ

അവരുടെ പ്രാർത്ഥനയിലൂടെ ദിവസേന ബന്ധം പുലർത്തുകയും ചെയ്യുന്നു.

സ്പെയിൻ കേന്ദ്രമാക്കി അറബികൾ ആരംഭിച്ച വിജ്ഞാനപ്രചരണം അറബികളല്ലാത്ത വിദ്യാർത്ഥികളെ ആകർഷിച്ചു. 8 മുതൽ 11 നൂററാണ്ടു വരെ യൂറോപ്പിന്റെ ശ്രദ്ധാകേന്ദ്രം സ്പെയിനായിരുന്നു. ഗ്രീക്ക് ഇതിഹാസങ്ങൾ അറബിയിലേക്ക് പരിഭാഷപ്പെടുത്താനും സാംസ്ക്കാരിക മൂല്യമുളള വിവിധ ഭാഷകൾ പഠിക്കാനും പ്രത്യേകവിഭാഗം സ്പെയിൻ സർവ്വകലാശാല ഏർപ്പെടുത്തി. ഒമ്പതാം നൂററാണ്ടിനുശേഷം യൂറോപ്പിനുണ്ടായ പുരോഗതിയിൽ അറബി മികച്ച സ്വാധീനം ചെലുത്തി. വിപുലമായ അർത്ഥം ഉൾക്കൊള്ളുന്ന ആശയങ്ങൾ ചെറിയ പദങ്ങളിൽ ഒതുക്കി നിർത്താൻ അറബിഭാഷയ്ക്കു കഴിയുന്നു. ക്രിയാരൂപത്തിന് നാമം, വചനം, ലിംഗം എന്നീ അർത്ഥങ്ങൾ സ്ഫുരിക്കുവാൻ കഴിയുന്നതുപോലെ ഒററവാക്കുകൊണ്ടു വിഭക്തിപ്രയോഗങ്ങളും പ്രകടിപ്പിക്കുവാൻ കഴിയും. ഒരു വാക്കിന് ഏററവും ചുരുങ്ങിയത് സന്ദർഭമനുസരിച്ച് നാല്പത് അർത്ഥങ്ങളുണ്ട്. പര്യായമാണെങ്കിൽ ഇരുനൂറുവരെയും കാണും. ലാററിൻ, ഗ്രീക്ക് പദങ്ങളുടെ മൂലാർത്ഥം കണ്ടുപിടിക്കാൻ അറബിയിൽ പ്രത്യേക ഭാഷാപദസംജ്ഞകളുണ്ട്. വിവിധ ഭാഷകളിൽനിന്ന് കുടിയേറിപ്പാർത്ത പദങ്ങൾ അറബിയെ അലങ്കരിച്ചിട്ടുണ്ടെങ്കിലും സ്വന്തം കാലിൽ നില്ക്കുന്നവയാണ് ഭൂരിപക്ഷവും. സെമിററിക് ഭാഷകളിലേക്ക് പ്രവേശിക്കാനുള്ള കവാടമായും അറബിഭാഷ ഗവേഷകർക്ക് ഉപയോഗപ്പെടുന്നു. ഭാഷാശാസ്ത്രസംബന്ധമായ ആയിരത്തിലേറെ ഗ്രന്ഥങ്ങൾ അറബിയിൽ ഉണ്ടെന്നു പറഞ്ഞാൽ അറബിഭാഷയുടെ വൈപുല്യം ഗ്രഹിക്കാം. ഇത്രയധികം പര്യായങ്ങൾ പ്രശസ്തിയാർജ്ജിച്ച ഭാഷകളിൽ കാണുകയില്ല. ഒട്ടകത്തിന് 255, ചന്ദ്രന് 173, വെള്ളത്തിന് 170, പൊക്കം കുറഞ്ഞവന് 160, ഉയരമുളളവന് 91, സിംഹത്തിന് 350, മഴയ്ക്ക് 61, മേഘത്തിന് 54, സൂര്യന് 43, ഇരുട്ടിന് 52, ആകാശത്തിന് 21, വർഷത്തിന് 24, മനുഷ്യന് 33, മൃഗത്തിന് 291 ഇങ്ങിനെ നീണ്ടുപോകുന്ന പര്യായപത്രങ്ങളാണുള്ളത്. നിറം, വാസന, അളവ് എനിനവയെ തരം തിരിച്ചുകാണിക്കുന്ന 700 വാക്കുകളുണ്ട്. ശാസ്ത്രഗ്രന്ഥങ്ങളുടെ പട്ടിക ഓരോ ഇനത്തിലും നീണ്ടതാണ്.

‘‘സീറോ’’(പൂജ്യം)വിനെപ്പററി മൂന്നു വാല്യങ്ങളുള്ള ഒരു ഗ്രന്ഥമാണുള്ളത്. ഗണിതശാസ്ത്രത്തിന്റെ പ്രാരംഭം സീറോവിൽ നിന്നും ആരംഭിക്കുന്നതുകൊണ്ട് അറബിശാസ്ത്രജ്ഞന്മാർ അടിസ്ഥാനപ്രമാണത്തിന് കൂടുതൽ പ്രാധാന്യം നൽകുന്ന ജീവശാസ്ത്രശാഖ മറെറാരു ഭാഷയിലും ഇത്ര അഭിവൃദ്ധിപ്പെട്ടിട്ടില്ല. പത്താം നൂററാണ്ടിന് മുമ്പു തന്നെ നബിയെപ്പററി 2000 ജീവചരിത്രങ്ങൾ സംഭരിച്ചാൽ അഞ്ചുലക്ഷം പ്രമാണികരെപ്പററി അറിയാൻ കഴിയുമത്രെ! പ്രസിദ്ധ പണ്ഡിതനും നബിയുടെ ജീവചരിത്രകാരനുമായ ഇമാംബുഖാരി പതിനാറുവർഷക്കാലം ഗവേഷണം നടത്തി നബിയെപ്പററി 6 ലക്ഷം സംഭവങ്ങൾ ശേഖരിച്ചു. അറബിയിൽ ലോകചരിത്രം പ്രമാണികരായ 76 പേരെഴുതിയിട്ടുണ്ട്. അതിൽ ഇബ്നുഖൽദൂനിന്റെയും അൽമുഖ് രീസിന്റെയും 94 വാല്യങ്ങൾ പാരീസിൽ ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുണ്ട്. ആകെ 568 വാല്യമുള്ള ലോകചരിത്രഗ്രന്ഥങ്ങൾ അറബിഭാഷയിൽ പതിനഞ്ചാം നൂററാണ്ടിനുമുമ്പെ എഴുതിക്കഴിഞ്ഞു.

അതുപോലെ ജീവചരിത്രശാഖയിൽ ഖിബ്ത്തി, ബുഖാരി, തുടങ്ങിയവരുടെ ആയിരത്തിൽപരം ഗ്രന്ഥങ്ങൾ ലണ്ടൻ മ്യൂസിയത്തിലും ലേഡനിലും ബർലിനിലും കൈറോവിലും സൂക്ഷിക്കപ്പെടുന്നുണ്ട്. ഭാഷാസാഹിത്യചരിത്രം കെമൻട് ഹുവർട്ടിന്റെ അഭിപ്രായപ്രകാരം നാനൂറിലധികം കണ്ടുകിട്ടിക്കഴിഞ്ഞിട്ടുണ്ട്. ഇന്നും അറബിസാഹിത്യത്തിന്റെ വളർച്ച നിർവിഘ്നം തുടരുകയാണ്. അറബിഭാഷയിൽ അത്യാധുനിക സാഹിത്യ സങ്കേതങ്ങൾപോലും പരീക്ഷിക്കപ്പെടുന്നു. കാലിഫോർണിയാ സർവകലാശാലയിലെ പ്രൊ: സെഗൽ അടുത്തകാലത്ത് അറബിസാഹിത്യത്തെപ്പററി ചെയ്ത പ്രസംഗത്തിൽ ആവേശപൂർവ്വം ഒരു കാര്യം ഓർമ്മിപ്പിച്ചതെങ്ങിനെയാണ്. അറബിരാഷ്ട്രങ്ങൾ എങ്ങിനെ മാററങ്ങൾക്ക് വിധേയമായാലും ലോകസംസ്ക്കാരത്തിന്റെ ഈററില്ലമായ അറബിസംസ്ക്കാരത്തെ വിസ്മരിച്ചാൽ ചരിത്രം അവർക്ക് മാപ്പ് നൽകില്ല. എത്ര ഉജ്വലമായ സാംസ്ക്കാരികാവേശം!

# കേരളത്തിലെ മുസ്‌ലിം പത്രങ്ങൾ

സമൂഹത്തിന്റെ മുന്നോട്ടുള്ള ഗതിക്കു വീക്ഷണവിശേഷങ്ങളും ആരോഗ്യവത്തായ നിർദ്ദേശങ്ങളും സമർപ്പിക്കുന്നതിൽ പത്രങ്ങൾ പങ്ക് അത്ര ചെറുതല്ല. പത്രപ്രവർത്തനം ഹൃദ്യമായ ഒരു തൊഴിലായി അംഗീകരിച്ച മികച്ച ബുദ്ധിശാലികളാണ് സാമൂഹിക മാററത്തിന്നു അർഹമായ സ്ഥാനം ഈ രംഗത്ത് നേടിക്കൊടുത്തത്. കേരളത്തിൽ പത്രപ്രവർത്തനരംഗത്തേക്ക് ആദ്യമായി കടന്നുവന്ന ''വിജ്ഞാനനിക്ഷേപ''മാണെങ്കിൽ നമ്മുടെ പത്രപ്രവർത്തനചരിത്രത്തിന്നു 130 വർഷത്തെ പഴക്കം കാണും. 1840 ലാണ് കോട്ടയം സി.എം.എസ്സ് പ്രസ്സിൽനിന്ന് വിജ്ഞാനനിക്ഷേപം പ്രസിദ്ധീകരിച്ചതെന്ന് കാണുന്നു. വാർത്തകളുടെ പ്രചാരത്തേക്കാൾ പ്രൌഢലേഖനങ്ങളുടെ മുദ്രണവും പ്രചരണവുമാണ് അന്നു് സ്വീകരിച്ച പത്രനയം. വിജ്ഞാനനിക്ഷേപത്തിന്റെ പിന്നാലെ 1864–ൽ കൊച്ചിയിൽനിന്നു ''വെസ്റ്റേൺസ്റ്റാർ'' എന്ന ഇംഗ്ലീഷ് പത്രവും അതിന്റെ മലയാള പതിപ്പെന്നോണം 'പശ്ചിമതാരക'യും പുറത്തുവന്നു. 'പശ്ചിമതാരക–കേരള പതാക' എന്ന പേരിലറിയപ്പെട്ടിരുന്നു. വലിയ വ്യവസായകേന്ദ്രമായിരുന്ന കൊച്ചിയിലെ 'പശ്ചിമതാരക'യിലെഴുതിയിരുന്നവർ അക്കാലത്തെ ഉയർന്ന ഭരണാധികാരികളും സാഹിത്യകാരന്മാരുമായിരുന്നു. അക്കാലത്തുതന്നെ കേരള മുസ്ലീംകളിൽ ചിലർ ഈ രംഗത്തു അല്പാല്പം കൌതുകം കാണിച്ചിരുന്നില്ലേയെന്നു സംശയിക്കേണ്ടിയിരിക്കുന്നു. വെസ്റ്റേൺ സ്റ്റാറിൽ ആവലാതികൾ എഴുതിയവരിൽ ഒരു കൊച്ചോ നൈനായുടെയും ആദംആലായിയുടെയും പേരുകൾ കൊച്ചിസർക്കാരിന്റെ പുരാരേഖകളിൽ പരതിനോക്കിയപ്പോൾ ഈ ലേഖകൻ കാണുകയുണ്ടായി. പത്രങ്ങളിൽ വരുന്ന ആക്ഷേപങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ അക്കാലത്തും പെട്ടിരുന്നതായി കാണുന്നു. ആക്ഷേപകരുടെ ''സങ്കടനിവൃത്തിയും'' കണ്ടിരുന്നു. പക്ഷെ മുസ്ലീം സമുദായത്തിൽനിന്ന് വൃത്താന്തപത്രപ്രവർത്തനരംഗത്തേക്ക് ആദ്യമായാരാണ് വന്നതെന്ന കാര്യം ഇനിയും ഗവേഷണം കാത്തുകിടക്കുന്ന ഒരു മേഖലയാണ്.

അറബി മലയാളത്തിൽ 'ഫതുവകൾ' ചില ഖാസിമാർ പള്ളി കൾതോറും വിതരണം ചെയ്തിരുന്ന പാരമ്പര്യം പതിനാറാം നൂററാണ്ടിലും പാലിച്ചിരുന്നതായി വിദേശികൾ പിടിച്ചെടുക്കപ്പെട്ട പുരാരേഖകൾ വെളി പ്പെടുത്തുന്നു. ഫത്വായും ജിഹാദ് അറിയിപ്പും പത്രപ്രവർത്തനത്തിൽ പെടാത്തതുകൊണ്ടു തൽക്കാലം അതവഗണിക്കാം. എന്നാലും മതവി ജ്ഞാനപ്രചരണത്തിന്റെ വ്യഗ്രതയാണ് കേരളത്തിലെ പത്രപ്രവർത്തനചരി ത്രത്തിലെ പ്രഥമാദ്ധ്യായത്തിൽ കാണുന്നത്. 1876ൽ സത്യനാദം പത്രം ക്രൈസ്തവമിഷ്യനറിപ്രവർത്തനത്തിന് ഉത്തേജനം നൽകിയത്, അന്നത്തെ മുസ്ലീം സാമൂഹ്യപ്രവർത്തകരെ ആകർഷിച്ചുവെന്നത് നിഷേധിക്കാവുന്നത ല്ല. 1881ൽ കൊച്ചിയിൽനിന്ന് കേരളമിത്രവും 1884ൽ കോഴിക്കോട്നിന്ന് കേരളപത്രികയും പുറപ്പെട്ടപ്പോൾ ''മലബാർ'' എന്ന പേരിൽ മലബാ റിൽനിന്ന് ഒരു മുസ്ലീംപത്രം പ്രസിദ്ധീകരിച്ചിരുന്നതായി കാണുന്നു. മലബാ രിയുടെ പഴയ ലക്കങ്ങളിൽ ഈ നൂററാണ്ടിന്റെ ആദ്യത്തേതാണ് കാണാൻ കഴിഞ്ഞത്. ഒരു പക്ഷെ പ്രഥമലക്കത്തോടെ ആദ്യത്തെ ''മലബാരി''മരണമ ടഞ്ഞതാകാം. ഏതായാലും മുസ്ലീം പത്രപ്രവർത്തന ചരിത്രത്തിന്റെ പ്രഥമാ ദ്ധ്യായം കഴിഞ്ഞ നൂററാണ്ടിൽതന്നെ തുന്നിച്ചേർക്കാം. 1899–ൽ തമിഴ് പണ്ഡിതൻ എന്നറിയപ്പെട്ടിരുന്ന 'കാക്കാ' എന്ന 'കാതൃസ്സാഹാജ ബാപ്പു സാഹെബ്' 'സത്യപ്രകാശം' എന്ന പേരിൽ ഒരു പത്രം കൊച്ചിയിൽനിന്ന് പ്രസിദ്ധീകരിച്ചിരുന്നതായി കാണുന്നു. കൊച്ചിക്കാരനായ കാക്കാസാ ഹെബ് തമിഴും ഗുജറാത്തിയും വശമാക്കിയ പണ്ഡിതനായിരുന്നു. സത്യ പ്രകാശത്തിന്റെ മുഖമുദ്രയിൽ ഒരു തെങ്ങും ചന്ദ്രക്കലയും കാണുന്നുണ്ട്. നബിവചനവും. ആദ്യത്തെ മുസ്ലീം പത്രം ഏതെന്നു കണ്ടുപിടിക്കാനുള്ള യത്നം ഇപ്പോഴും പഴയ നിഗമനത്തിലാണ് എത്തിയിട്ടുള്ളത്. പത്രങ്ങൾ തുടങ്ങുകയും മുടങ്ങുകയും ചെയ്യുന്ന പാരമ്പര്യം മുറുകെ പിടിക്കുന്ന തിൽ നമ്മുടെ മുൻഗാമികൾ നമ്മെപോലെതന്നെ അത്ര മോശക്കാരായിരു ന്നില്ല. ഒരുവയസ്സിനു മുമ്പെ വിടവാങ്ങിയ സത്യപ്രകാശത്തിന്റെ പിന്നാലെ എത്രയെത്ര പത്രശിശുക്കൾ ഒന്നു നിരങ്ങിനീങ്ങിനിവർന്നുനിൽക്കാൻ ശ്രമിച്ചുവെന്ന ചരിത്രം പരിശോധിച്ചാലറിയാം. പത്രം വഴി വാർത്തയറിയാ നുള്ള ദാഹം കൂടുതൽ വളർന്നുവന്നത് ഒന്നാം ലോകമഹായുദ്ധത്തോടെ

യാണ്. ഭൂലോകസംഭവങ്ങളുടെ വാർത്തയറിയാനുള്ള ''അക്ഷരാഭ്യാസി''കളുടെ തിടുക്കം ഈ രംഗത്തു മാററങ്ങൾ വരുത്തി. ഇംഗ്ലീഷ് ഭാഷക്കെതിരായി നീങ്ങിയ പ്രചരണവും നല്ല മലയാളത്തിന്നെതിരായി നടന്ന പാതിരാ പ്രസംഗങ്ങളും എത്ര ഉണ്ടായിട്ടും പത്രം വായിച്ചു 'വഴിതെററാൻ' തന്നെ ചില സാഹസികർ മുസ്ലീം സമുദായത്തിൽ തല ഉയർത്തി. തിരുവനന്തപുരം, ഇടവ, വക്കം, ആലപ്പുഴ, തലശ്ശേരി, കോഴിക്കോട്, കൊടുങ്ങല്ലൂർ എന്നിവിടങ്ങളിൽ ഒന്നാംലോകമഹായുദ്ധത്തിന്നുമുമ്പേ പത്രപാരായണക്കമ്പം മുസ്ലീം സമുദായത്തിൽ പടർന്നുകയറി. മുസ്തഫാകമാൽപാഷയുടെ ഭരണപരിഷ്ക്കാരം, സോവ്യററ് റഷ്യയുടെ സോഷ്യലിസ്ററുഭരണരൂപീകരണം, ഖിലാഫത്തുപ്രക്ഷോഭണം, ദേശീയ സമരം ഇവയെല്ലാം മുസ്ലീം സമുദായത്തിലെ ഉൽപതിഷ്ണുക്കളുടെയിടയിൽ ആവേശം പകർന്നപ്പോൾ സാമൂഹ്യപരിഷ്ക്കർത്താവായ വക്കം അബ്ദുൾ ഖാദർ മൌലവിയുടെ പത്രങ്ങളായി 'സ്വദേശാഭിമാനി'യും രംഗത്തു വന്നു.ഈ ഘട്ടത്തിൽ കൊടുങ്ങല്ലൂരിൽ സീതിസാഹെബിന്റെ പിതാവിന്റെ നേതൃത്വത്തിൽ മുസ്ലീം പ്രസിദ്ധീകരണങ്ങൾ പ്രചരിപ്പിക്കുന്നതിന്നു ഒരു സംഭവം ഉണ്ടായിരുന്നു. സയ്യിദ് സനാവുള്ളമക്തി തങ്ങളുടെ ആദ്യകാലത്തെ ലഘുലേഖകൾ, പദയാത്രയായി പ്രചരിപ്പിക്കാൻ യുവാക്കൾ വന്ന അക്കാലത്തു വക്കം അബ്ദുൾ ഖാദർ മൌലവിയുടെ മുസ്ലീം പത്രം മതപണ്ഡിതന്മാരുടെയും ബുദ്ധിജീവികളുടെയും ഒരാശാകേന്ദ്രമായിത്തീർന്നു. ഇസ്ലാമിക് മിഷനറി രംഗത്തു ഒരു കൊടുങ്കാററിനുതുല്യം ആഞ്ഞടിച്ച സയ്യിദ്സനാവുല്ലമുക്തി തങ്ങളുടെ 'ജനോപകാരിയും' മുസ്ലീം പത്രത്തറവാട്ടിലെ പേരെടുത്ത ജിഹ്വയായിരുന്നു.

'മുസ്ലിം' തിരുവിതാംകൂറിന്റെ അതിർത്തികടന്നു എല്ലാ അഭ്യസ്തവിദ്യരുടെയും കൈകളിലെത്തി. ആധുനിക വീക്ഷണം പ്രചരിപ്പിക്കുന്നതിലും മതപരമായ കാര്യങ്ങളിൽ ദൃഢാഭിപ്രായം ചെലുത്തുന്നതിലും മുസ്ലിം മാസിക നല്ല പാരമ്പര്യം സൃഷ്ടിച്ചു. മുസ്ലിം ബിരുദധാരികളായ എഴുത്തുകാരുടെ പ്രാരംഭകളരിയായി മുസ്ലിം മാസിക പ്രചരിച്ചു. മുസ്ലിം മാസിക കൂടാതെ വക്കം മൌലവി സാഹേബ് ''അൽഇസ്ലാം'' 'ദീപിക' എന്നിങ്ങനെ ചില പത്രങ്ങൾ നടത്തി. അക്കാലത്തെ 'കേരളചിന്താമണി

യോടും' 'സുജനനന്ദിനി'യോടും കിട നിൽക്കാവുന്ന ലേഖനം മുസ്ലിം പത്രങ്ങളിലും പ്രസിദ്ധീകരിച്ചിരുന്നു. മുസ്ലിം അഭ്യസ്തവിദ്യരുടെ ചിന്താ ധാരയെ ആരോഗ്യകരമായ ചാലുകളിലേക്ക് തിരിച്ചുവിടാൻ പര്യാപ്തമായ ലേഖനങ്ങൾ പരിഭാഷപ്പെടുത്തിച്ചേർക്കുന്നതിൽ വക്കം അബ്ദുൾ ഖാദർ മൌലവി നിസ്തുലമായ സേവനമാണ് ചെയ്തത്. സാഹസികനായ ഒരു പോരാളിയുടെ ദൃഢപ്രതിജ്ഞയോടെ മുന്നോട്ടുനീങ്ങിയ മൌലാനാസാഹി ബിന്റെ നാമം പത്രപ്രവർത്തനചരിത്രത്തിൽ സ്ഥിരപ്രതിഷ്ഠനേടിയ നാഴിക ക്കല്ലാണ്.

മലബാർ ഭാഗത്തു കോഴിക്കോടും തിരൂരും പൊന്നാനിയും മുസ്ലിം പത്രപ്രവർത്തനത്തിൽ നാല്പതു വർഷങ്ങൾക്കുമുമ്പേ സ്ഥാനമലങ്കരിച്ചിട്ടു ണ്ട്. കോഴിക്കോട്ടെ മലബാരിയും, തിരൂരിലെ സലാഹുൽ ഇഖ്വാനും അക്കാലങ്ങളിലെ പത്രപ്രസിദ്ധീകരണങ്ങളാണ്. മുസ്ലിം പത്രപ്രവർത്തന ത്തിൽ ഊർജ്ജസ്വലമായ ഒരു കാൽവെപ്പു പിന്നീടാരംഭിക്കുന്നതു കൊച്ചി യിൽനിന്നാണ്. 'മലബാർ ഇസ്ലാം' മുസ്ലിം പത്രപ്രവർത്തനരംഗത്തു വരു ത്തിയ വ്യതിയാനം രേഖപ്പെടുത്താതെ ഒരു ചരിത്രവിദ്യാർത്ഥിക്കും മുന്നോ ട്ടുപോകാൻ സാധ്യമല്ല.

1910 നവമ്പർ മാസത്തിലാണ് അബുമുഹമ്മദിന്റെ ഉടമസ്ഥതയിൽ മല ബാർ ഇസ്ലാം കൊച്ചിയിൽനിന്നാരംഭിച്ചത്. 1913–ൽ സയ്യിദ്സനാവുല്ലമക്തി തങ്ങളുടെ ശിഷ്യനും പണ്ഡിതനും വ്യവസായിയുമായിരുന്ന സി.വി.ഹൈ ദ്രോസ് സാഹേബ് 'മലബാർ ഇസ്ലാം' വാരിക ഒരു പ്രത്യേക വീക്ഷണ ത്തോടെ നടത്തിത്തുടങ്ങി. സമുദായത്തിന്റെ പൊതുപ്രശ്നങ്ങളിലും രാജ്യ കാര്യങ്ങളിലും സർക്കാരിനെ കടുത്ത ഭാഷയിൽ വിമർശിക്കുകയും ഖിലാ ഫത്തു പ്രസ്ഥാനത്തിന്നു വലിയ പ്രാധാന്യം നൽകുകയും ചെയ്തു. പഴയ കൊച്ചിയിലെ ആദ്യത്തെ മുസ്ലീം പത്രമായ മലബാർ ഇസ്ലാം 1925 വരെ നട ന്നു. ഒരു വ്യാഴവട്ടക്കാലത്തിലേറെ മലബാർ ഇസ്ലാം നടത്തിയതു ജനങ്ങ ളിൽ ഒരിളക്കം സൃഷ്ടിച്ചുകൊണ്ടാണ്. പ്രസിദ്ധീകരിക്കാൻ ഭയപ്പെട്ടിരുന്ന വാർത്തകൾ നിർഭയം പുറത്തുകൊണ്ടുവന്നിരുന്നതു അക്കാലത്തു മല ബാർ ഇസ്ലാമാണ്. യുദ്ധവാർത്തകൾ, ഖിലാഫത്തുവിവരങ്ങൾ,

ദേശീയസമരസംഭവങ്ങൾ ചൂടാറാതെ ഒന്നാം പേജിൽതന്നെ അടിച്ചിറക്കിയിരുന്ന മലബാർ ഇസ്‌ലാം ''കൊതിയോടെ'' വായിക്കാൻ ജനങ്ങൾ തടിച്ചുകൂടാറുണ്ടായിരുന്നു. ഗാന്ധിജി, ജിന്നാ, ഷൌക്കത്തലി തുടങ്ങിയ പലരുടെയും പല കത്തുകളും മലബാർ ഇസ്‌ലാം പത്രാധിപർക്കു വരാറുള്ളതു പൊതുജനതാല്പര്യം ജ:സി.വി.ഹൈദ്രോസ് സാഹെബ് പ്രസിദ്ധീകരിച്ചിരുന്നു. 1921 ലെ കാർഷിക സമരത്തിന്റെ യഥാർത്ഥവാർത്തകൾ ചേർത്തിയ പതിപ്പുകളും മലബാർ ഇസ്‌ലാം ഇറക്കിയിരുന്നു. സത്യസന്ധമായ വാർത്തകൾ രഹസ്യമായി സംഭരിക്കുന്നതിന്നു വിശ്വസ്തരായ ലേഖകന്മാർ മലബാർ ഇസ്‌ലാമിനുണ്ടായിരുന്നതായി അതിന്റെ പഴയ ലക്കങ്ങൾ വ്യക്തമാക്കുന്നു. മായം ചേരാത്ത സ്വാഭിപ്രായം പുലർത്തിയ മലബാർ ഇസ്ലാമിനെതിരായി സർക്കാർഭാഗത്തുനിന്നു പല നീക്കങ്ങളുണ്ടായെങ്കിലും പ്രഗത്ഭനായ പത്രാധിപർ അതെല്ലാം അതിജീവിച്ചതായിക്കാണാം.

മലബാർ ഇസ്ലാമിന്റെ കാലഘട്ടത്തിൽ തന്നെ 'ഖിലാഫത്ത് പത്രിക' തുടങ്ങിയ മാസികകളും ഇറങ്ങിയിരുന്നു. പത്രപ്രവർത്തനത്തിലൂടെ മതപ്രചരണം വ്യാപകമായി നീക്കുന്നതിന്നു കേരളമൊട്ടുക്കും സഞ്ചരിച്ച അക്കാലത്തെ ഒരു വലിയ സാമൂഹ്യസേവകനായിരുന്ന 'ഇശാഅത്ത്' പത്രാധിപരായിരുന്ന അബ്ദുൾ ഖാദർ മൌലവിസാഹിബ് പത്രക്കെട്ടുകളുമായി നാടൊട്ടുക്കും നടന്നുകയറിയ മൌലവിസാഹിബിനെപ്പററി അറിയാത്തവർ അക്കാലത്തു അധികംപേരും കാണുകയില്ല. തളരാത്ത മനസ്സുമായി മതപ്രചരണം പത്രത്തിലൂടെ നടത്തിയ 'ഇശാഅത്ത്' മൌലവി ത്യാഗവര്യനായിരുന്നു. കേരളചന്ദ്രിക, മാർഗ്ഗദർശകൻ, മുഹത്തദീയ ദർപ്പണം ഇവയെല്ലാം ഒരുകാലത്തു മുസ്ലീം സാമാന്യജനങ്ങളുടെയിൽപ്പോലും വിജ്ഞാനപ്രചരണത്തിനുള്ള മാദ്ധ്യമമായി നിലകൊണ്ട പത്രങ്ങളായിരുന്നു.

ഉറക്കെ ചിന്തിക്കുകയും മനസ്സിലൂറിയതെല്ലാം രാജ്യതാല്പര്യത്തെ മുൻനിർത്തി വെട്ടിതുറന്നു പറയുകയുംചെയ്ത മറെറാരു പത്രമായിരുന്നു മുഹമ്മദ്അബ്ദുറഹിമാൻ സാഹിബിന്റെ ''അൽ–അമീൻ''. ഇസ്ലാമിക സംസ്ക്കാരം മററു മതാനുയായികൾക്ക് അതിന്റെ സൗന്ദര്യവും ഉന്നതസത്തയും വിട്ടുകളയാതെ അൽ–അമീൻ പകർത്തിക്കൊടുത്തു. ഒരു നബിദി

നത്തിലാണു അൽ–അമീൻ പ്രഥമലക്കം പുറത്തുവന്നത്. സൈമൺകമ്മീഷൻ ഇന്ത്യയിൽവന്ന ഘട്ടത്തിലായതുകൊണ്ടു രൂക്ഷമായ എതിർപ്പോടെ അൽ–അമീൻ രംഗത്തുവന്നു. അനീതി എവിടെനിന്നായാലും പടപൊടുതുന്നതിൽ ജന്മനാ കൗതുകം കുടികൊണ്ടിരുന്ന അബ്ദുറഹിമാൻ സാഹിബിന്റെ പത്രഭാഷ പലപ്പോഴും പരുഷമായിരുന്നു. അന്നത്തെ ദേശീയവികാരത്തിന്റെ നീറിപ്പുകയൽ അതിൽ ആദ്യന്തം അനുഭവപ്പെട്ടിരുന്നു. വലിയ രാഷ്ട്രീയ കാര്യങ്ങളോടൊപ്പം ചെറിയ കാര്യങ്ങളും അൽ–അമീൻ ശ്രദ്ധിച്ചിരുന്നു. 1929–ൽ പ്രസിദ്ധീകരിച്ച ''ദ്വീപ് ക്ലർക്കിന്റെ കൈക്കൂലികാര്യം,'' എന്ന ആക്ഷേപം കലക്ടരുടെ ശ്രദ്ധയിൽ പെട്ട് ദ്വീപുകാരെ ദ്രോഹിക്കുന്ന ക്ലർക്ക ഡിസ്മസൽ വാങ്ങിയതു സ്മരണാർഹമാണ്. ''അധികം ഞെക്കിയാൽ ചേരയും കടിക്കും'' തുടങ്ങിയ മുഖപ്രസംഗങ്ങൾ ബ്രിട്ടീഷ് ഭരണകർത്താക്കളെ വിറളിപിടിപ്പിച്ചു. സാമ്പത്തികവിഷമതകളും സർക്കാർഭീഷണികളും തുടരെതുടരെ ഉണ്ടായിട്ടും ഒരു ദിനപത്രമായി അൽ–അമീൻ കുറെകാലം നടന്നു. പക്ഷെ ഓർഡിനൻസ് പ്രകാരം പത്രം നിരോധിക്കുകയും പത്രാധിപർ ജയിലിലാകുകയും ചെയ്തതോടെ അൽ–അമീൻ നിന്നു. അൽ–അമീൻ ദേശീയപ്രക്ഷോഭണത്തിന്റെ ജിഹ്വയും പുതിയ തലമുറയുടെ ദീപനാളവുമായിരുന്നു. ഇന്നറിയപ്പെടുന്ന വളരെയേറെ പ്രശസ്തരായ പത്രപ്രവർത്തകരും സാഹിത്യകാരന്മാരും അൽ–അമീനിൽക്കൂടി പരിചയം നേടിയവരാണ്. ആ പേരിൽ ജനാബ് ഈ മൊയ്തുമൌലവിസാഹേബ് കുറെ കാലങ്ങൾക്കുശേഷം ഒരു പത്രം തുടങ്ങുകയായി.

മുസ്ലീം സമുദായത്തിന്റെ സാമൂഹ്യപുരോഗതിയും സാംസ്ക്കാരിക വളർച്ചയും ലക്ഷ്യമാക്കി മണപ്പാട്ടു കുഞ്ഞമ്മദു ഹാജി ഐക്യസംഘത്തിനുവേണ്ടി ''മുസ്ലീം ഐക്യം'' എന്നൊരു പത്രം നടത്തിയിരുന്നു. ഈ കാലഘട്ടത്തോടനുബന്ധിച്ചുതന്നെ അൽ–ഇർഷാദ് അൽ–ഇസ്ലാസ്, നവലോകം എന്നീ പത്രങ്ങളും പുറത്തുവന്നു. നവലോകത്തിന്റെ പത്രാധിപർ കൊടുങ്ങല്ലൂരിലെ എൻ.ഏ.അബ്ദുൾ റഹിമാൻ സാഹിബായിരുന്നു. മലബാരി, ഹിദായത്ത്, സഹകാരി, പുഞ്ചിരി, മാപ്പിളറിവ്യൂ തുടങ്ങിയ പത്രങ്ങൾ കോഴിക്കോട്ടുനിന്നു പ്രസിദ്ധീകരിച്ചവയാണ്. മാപ്പിളറിവ്യൂ വളരെ കനപ്പെട്ട ലേഖനങ്ങളുൾക്കൊണ്ട പ്രസിദ്ധീകരണമായിരുന്നു. ഇതിലൂടെ

യാണ് ഖാൻ ബഹദൂർ കെ. മുഹമ്മദ് സാഹിബിന്റെ ''ലണ്ടൻ കത്തുകൾ'' പ്രസിദ്ധീകൃതമായത്. ''മുസ്ലീം മഹിള'' എന്നൊരു പത്രം 40 വർഷ ങ്ങൾക്കുമുമ്പ് നടന്നിരുന്നെങ്കിലും തദനന്തരം ഈ രംഗത്തു മുസ്ലീം സ്ത്രീകളുടെ ശബ്ദമായി ഉയർന്നതു ശ്രീമതി ഹലിമാബീവിയുടെ ''മുസ്ലീം വനിത''യാണ്. ''ഭാരതചന്ദ്രിക''യും ജ: കെ.മുഹമ്മദ് മൗലവിയു ടെയും ഹലീമാബീവിയുടെയും നേതൃത്വത്തിലാണു നടന്നിരുന്നത്. ''മുസ്ലീം മിത്രം'' കൊല്ലത്തുനിന്നും ''മലയാളം'' കായങ്കുളത്തുനിന്നും ''അൽ–മനാർ'' തിരുവനന്തപുരത്തുനിന്നും ആ കാലഘട്ടങ്ങളിൽതന്നെ പ്രസിദ്ധീകരിച്ചിരുന്നു. മുജാഹിദ് (തലശ്ശേരി) അൽഹിലാൽ (തിരുവനന്തപു രം) മുഹമ്മദാലി (എറണാകുളം) കൊച്ചിൻമെയിൽ (എറണാകുളം) തുട ങ്ങിയവയെല്ലാം ഓരോ കാലഘട്ടത്തിലും മുസ്ലീം സമുദായത്തിന്റെ വികാരവിചാരങ്ങൾ പ്രചരിപ്പിക്കുന്ന ജിഹ്വകളായിരുന്നു.

''പൗരരകാഹളം'' (തൃശൂർ) അൽജിഹാദ് (കൊച്ചി) യുവകേരളം( കൊച്ചി) ചിന്തകൻ (കോഴിക്കോട്) യുവശക്തി (മലപ്പുറം) തുടങ്ങിയ നിര വധി പത്രങ്ങൾ പേരെടുത്തു പറയുകയാണെങ്കിൽ പ്രസിദ്ധീകരണം നിറു ത്തിയവയിൽ ഉൾപ്പെടുന്നു.

കായംകുളത്തുനിന്നു കുറെ വർഷങ്ങൾക്കുമുമ്പു ജ: പി. കെ. കു ഞ്ഞുവിന്റെ പത്രാധിപത്യത്തിൽ മലയാളരാജ്യം എന്നൊരു പത്രം പ്രസിദ്ധീ കരിച്ചിരുന്നു.

മൂന്നു വ്യാഴവട്ടക്കാലത്തിനുമുമ്പു തിരുവിതാംകൂറിൽ സാമൂഹ്യപരി ഷ്ക്കരണ പ്രസ്ഥാനത്തിന്റെ മുന്നണിപ്പോരാളിയായിരുന്ന മൗലവി മുഹമ്മ ദ്ഷാഫി 'സാരസൻ' എന്ന പേരിൽ ഒരു പത്രം വളരെ കാലം നടത്തി,. സമുദായത്തിലെ പല യുവാക്കളും സാരസനുമായി ബന്ധപ്പെട്ടു. സാര സന്റെ സമകാലീനനായി എറണാകുളത്തുനിന്നു പുറത്തുവന്ന 'മുഹമ്മ ദാലി' എന്ന പത്രത്തിന്റെ പത്രാധിപർ ജ: സി. കെ. ബാവയായിരുന്നു.

ദേശീയ പ്രക്ഷോഭം കൊടുമ്പിരിക്കൊണ്ടിരിക്കുന്ന ഘട്ടത്തിൽ നിയമ ലംഘനപ്രസ്ഥാനത്തിൽ ഭാഗഭാക്കായിരുന്ന സൈനുദ്ദീൻസാഹിബിന്റെ പത്രമായിരുന്നു 'ഉജ്ജീവനം'. വൈക്കം മുഹമ്മദുബഷീറിനെപ്പോലെയുള്ള

പ്രശസ്തരായ പല സാഹിത്യകാരന്മാരുടെയും ലേഖനങ്ങൾ ഉജ്ജീവന ത്തിന്റെ പഴയ ലക്കങ്ങളിൽ കാണാം.

കൊല്ലത്തുനിന്നു എ. തങ്ങൾ കുഞ്ഞുമുസ്‌ലിയാരുടെ പത്രാധിപത്യ ത്തിലാരംഭിച്ച 'പ്രഭാതം' കോഴിക്കോട്ടുനിന്നു കെ.അബൂബക്കർസാഹി ബീന്റെ പത്രാധിപത്യത്തിലാരംഭിച്ച 'പൗരശക്തി'യും തിരുവല്ലയിൽ ഹലീ മാബീവിയുടെ പത്രാധിപത്യത്തിൽ ആരംഭിച്ച 'ഭാരതചന്ദ്രിക'യും നിന്നു പോയ ദിനങ്ങളാണ്.

നിന്നുപോയ ചെറുകിട ദിനപത്രങ്ങളിൽ ജ: പി. എ. അബ്ദുറഹിമാൻ കുട്ടിയുടെ പൗരകാഹളവും, അബ്ദുറഹിമാൻ കാക്കനാടന്റെ 'ഭാരതരാ ജ്യവും' ഹംസയുടെ 'ധർമ്മഗീത'വും മുസ്തഫാമിയാന്റെ 'ഡയറി'യും ഉൾപ്പെടുന്നു.

ഇന്നത്തെ എ.എസ്പി നേതാവായ ജ: കെ. കെ. അബ്ദുസാഹി ബിന്റെ പത്രാധിപത്യത്തിൽ ഒരു കാലത്തു നല്ല നിലയിൽ തൃശൂരിൽനിന്ന് നടന്നിരുന്ന 'കേരളപ്രഭ' മൺമറഞ്ഞ പത്രങ്ങളിലെ ഒരംഗമാണ്.

കൊച്ചിയിലെ യുവകേരളം മാസികയായും ആഴ്ചപ്പതിപ്പായും ജ: സി.കെ.അബൂബക്കർസാഹിബിന്റെ പത്രാധിപത്യത്തിൽ വളരെക്കാലം നട ന്നു. ഇന്നു 'യുവകേരളം' മി:പി.ഏ.സൈനുദ്ദീന്റെ പത്രാധിപത്യത്തിൽ സായാഹ്നദിനപത്രമായി നടക്കുന്നു. പഴയ കൊച്ചി രാജ്യത്തിൽ സംഘടിപ്പി ക്കപ്പെട്ട കൊച്ചി സ്റ്റെയ്റ്റ് മുസ്ലീംലീഗിന്റെ ഒരു സജീവപ്രചരണായുധമായി രുന്ന കൊച്ചിൻ മെയിൽ സ്വന്തമായൊരു പ്രസ്സോടുകൂടി നടത്തിയിരുന്ന പത്രമായിരുന്നു. ജ: വി. കെ. കുട്ടിസാഹിബ് മെയിലിന്റെ പത്രാധിപരായി വളരെക്കാലം സേവനം ചെയ്തു. കൊച്ചിൻ മെയിലിന്റെ മുമ്പുതന്നെ എറ ണാകുളത്തുനിന്നു ജ:കെ.എം.സീതിസാഹിബിന്റെ നേതൃത്വത്തിൽ ഐക്യം വാരിക പ്രസിദ്ധീകരിച്ചിരുന്നു. എ.മുഹമ്മദു കണ്ണുസാഹിബായി രുന്നു സഹപത്രാധിപർ. എ. തങ്ങൾ കുഞ്ഞുമുസ്ല്യാരുടെ പ്രഭാതത്തിന്റെ പ്രധാന പത്രാധിപർ വളരെക്കാലം എ. എ. റഹീംസാഹിബായിരുന്നു. ദിന പത്രത്തോടൊപ്പം നല്ല വാരികയും ആകർഷകമായ വിശേഷാൽ പ്രതി കളും പ്രഭാതം പ്രസിദ്ധീകരിച്ചു.

മതസംബന്ധമായ വിജ്ഞാനവിതരണത്തിൽ പങ്കുവഹിക്കുന്നതിൽ ഓരോ സ്ഥാനവും ഓരോ പ്രസ്ഥാനവും ഓരോ കാലഘട്ടത്തിൽ പത്രരംഗത്തു വന്നിട്ടുള്ളതായി കാണാം. സമുദായത്തിലെ യാഥാസ്ഥിതികരും ഉത്പതിഷ്ണുക്കളും അറബിമലയാളത്തിലും, മലയാളത്തിലും വാരികകളും മാസികകളുമായി അമ്പതോളം പത്രങ്ങൾ പല കാലഘട്ടങ്ങളിലായി നടത്തിയിട്ടുണ്ട്. കേരളത്തിലെ മുജാഹിദുപ്രസ്ഥാനത്തിന്റെ മുഖപത്രമായി ആദ്യകാലത്ത് ''അൽ–മുർശിദ'' ആണ് രംഗത്തിറങ്ങിയത്. അതിന്റെ പത്രാധിപർ പ്രശസ്തനായ കെ. എം. മൗലവിസാഹിബായിരുന്നു. അതിനെതുടർന്നുതന്നെ 'യുവലോകം' പത്രാധിപരായിരുന്ന ജ: കെ. സി. കോമുക്കുട്ടി മൗലവിസാഹിബിന്റെ പത്രാധിപത്യത്തിൽ 'നിസാഉൽഇസ്ലാം' എന്ന വനിതാ മാസികയും 'അൽ–ഹിദായ' എന്ന സാംസ്ക്കാരികമാസികയും ഈ രംഗത്തു എടുത്തുപറയത്തക്കതാണ്. 'അൽ–ഇത്തിഫാദ്' മാസിക ഇ. കെ. മൗലവി സാഹിബിന്റെ പത്രാധിപത്യത്തിൽ നടന്ന മറ്റൊരു പ്രസിദ്ധീകരണമായിരുന്നു.

''അൽ–മുർശിദി''ന്റെ ആരംഭകാലത്തുതന്നെ സമസ്ത കേരള ജംഇയ്യത്തുൽ ഉലമായുടെ ജിഹ്വയായ ''അൽ–ബയാൻ'' മാസികയും രംഗത്തിറങ്ങി. അതിന്റെ സ്ഥാപകപത്രാധിപർ പ്രശസ്ത പണ്ഡിതനായ മി. എ. പി. അഹ്മദുകുട്ടിമൌലവി (പാങ്ങിൽ) അവർകളായിരുന്നു. പിന്നീട് സമസ്തക്കാർ അൽ–ബയാൻ, അൽ–ബുർഹാൻ, അൽ–ബയാൻ (മലയാളം) എന്നീ മാസികകളും പ്രസിദ്ധീകരിച്ചു. ഈ ഘട്ടത്തിൽ പ്രത്യേകം അനുസ്മരിക്കേണ്ട മതവിഭാഗത്തിലെ ഒരു സവിശേഷമണ്ഡലമുണ്ട്. വളരെഏറെ പത്രങ്ങൾ തുടങ്ങുകയും മുടങ്ങുകയും ചെയ്തതിന്നു സാക്ഷ്യം വഹിച്ചു. അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ ജിഹ്വയാണു കണ്ണൂരിലെ ''സത്യദൂതൻ'' കഴിഞ്ഞ നാല്പതുവർഷത്തോളം ആ മാസിക തുടർച്ചയായി പ്രസിദ്ധീകരിച്ചിരുന്നു.

മുൻമന്ത്രി ടി. എ. മജീദിന്റെ പത്രാധിപത്യത്തിൽനിന്നു ഇടവായിൽനിന്നു പ്രസിദ്ധീകരിച്ചിരുന്ന 'ഹിലാൽ' കൊല്ലത്തുനിന്നു പ്രസിദ്ധീകരിച്ചിരുന്നു. 'ഇസ്ലാമിക് കൾച്ചർ' പെരുമ്പാവൂരിൽനിന്നു മി. എ. എം. മര

ക്കാർ പ്രസിദ്ധീകരിച്ചിരുന്ന ''അൻസാരി'' ഇടവായിൽനിന്നു പുറപ്പെട്ടിരുന്ന യുവകേസരി, എറണാകുളത്തുനിന്നു മി.എ. എം. ഖാദിർസാഹിബ് പ്രസിദ്ധീകരിച്ചിരുന്ന 'മുസൽമാൻ' സാദിക്ക് മൗലവിയുടെ അൽഫാറൂക്ക് ഇവയെല്ലാം പഠനാർഹങ്ങളായ ലേഖനങ്ങളുൾക്കൊണ്ട പ്രസിദ്ധീകരണങ്ങളായിരുന്നു. ജ: സി. എൻ. അഹമ്മദ് മൗലവിയുടെ ന്യൂ അൻസാരി എടുത്തു പറയത്തക്കതാണ്. പി.പി.ഉമ്മർകോയ സാഹിബിന്റെ 'ഭാരതഭൂമി' രാഷ്ട്രീയ സാംസ്ക്കാരികരംഗത്ത് ശ്രദ്ധപതിച്ചിരുന്ന ഒരു പത്രമായിരുന്നു. അതിന്നു മുമ്പു പുന്നയൂർക്കുളം വി. ബാപ്പുസാഹിബിന്റെ പത്രാധിപത്യത്തിൽ മഞ്ചേരിയിൽനിന്നു 'മിത്രം' വാരിക പ്രസിദ്ധീകരിക്കുകയുണ്ടായി. അതിനെ തുടർന്നാണ് പുന്നയൂർക്കുളം കുഞ്ഞാലികുട്ടി 'ആസാദു' മാസികയും, പുന്നയൂർക്കുളം എൻ. ബാപ്പു സാഹിബ് മലപ്പുറത്തുനിന്നു 'യുവശക്തി' യും കുറേക്കാലത്തോളം നടത്തിയത്.

വക്കം അബ്ദുൾ ഖാദർ സാഹിബിന്റെ 'വിജ്ഞാനം' മാസികയും ഡോക്ടർ ഇസ്മായീൽസേട്ടുവിന്റെ 'കലയും' എൻ. വി. അബുസ്സലാം മൌലവിസാഹിബ് അരിക്കോട്ടുനിന്നും പ്രസിദ്ധീകരിച്ച മീശ്ക്കാത്തുൽ ഹുദാ' യും ഉൾക്കനമുണ്ടായിരുന്ന അനുസ്മരണീയപത്രങ്ങളാണ്.

അൽ–ബയാൻ, നൂറുൽ ഇസ്‌ലാം, സലാഹുൽ ഇഖ്‌വാൻ ശംസുൽ ഇസ്‌ലാം, ഹിക്മത്, ബീജ്‌ലി, സുബ്‌ലുസ്സലാം, മിനാർ, ചെങ്കതിർ തുടങ്ങിയ നിരവധി പത്രമാസികകൾ രംഗത്തുനിന്നു മൺമറഞ്ഞവയാണ്.

കേരളമുസ്ലീം ജമാഅത്തു ഫെഡറേഷനുവേണ്ടി ജ: കെ. എച്ച് സുലൈമാൻ സാഹിബിന്റെ പത്രാധിപത്യത്തിൽനിന്നു പ്രസിദ്ധീകരിച്ചിരുന്ന ''ജമാഅത്ത് ടൈംസ്'' നല്ല നിലവാരം പുലർത്തിയിരുന്ന സാംസ്ക്കാരിക വാരികയായിരുന്നു. അടുത്തകാലത്തു പ്രസിദ്ധീകരണം നിർത്തിയ ഒരു നല്ല മാസികയായിരുന്നു തിരൂരങ്ങാടിയിലെ അൽ–മുർശിദ് മലയാളമാസിക. അൽ–മുർശിദിയിലൂടെയാണ് വന്ദ്യവയോധികനായ ജ: ഇ. കെ.മൗലവിസാഹിബ് ഈ നൂററാണ്ടിലെ മുസ്‌ലീം സമുദായത്തിന്റെ നവോത്ഥാനത്തിന്റെ ചരിത്രം ആത്മകഥാരൂപത്തിൽ പ്രസിദ്ധീകരിച്ചിരുന്നത്. പത്രങ്ങൾ

ഇങ്ങിനെ ഇടക്കുനിന്നു പോകുന്നതുകൊണ്ട് വിലയേറിയ പല വിജ്ഞാന ശാഖകളുടെയും വഴി മുടങ്ങുകയാണ്. കഴിഞ്ഞ കാലങ്ങളിൽ നടന്നിരുന്ന എല്ലാ പത്രങ്ങളുടെയും പേരുകൾ ഈ ലേഖനത്തിൽ ഉൾക്കൊള്ളിക്കുവാൻ കഴിഞ്ഞിട്ടില്ല. കാരണം മറ്റൊന്നുമല്ല; ഓർമ്മയിലൂടെ ഓടിവരാത്തതുകൊണ്ടു മാത്രമാണ്. ഈ രംഗത്തെ സംബന്ധിച്ചു കൂടുതൽ ഗവേഷണം നടത്തേണ്ടിയിരിക്കുന്നു.

കേരളത്തിൽ മതപരമായ ചിന്താപ്രസ്ഥാനങ്ങളുടെ ഔദ്യോഗികവും അനൗദ്യോഗികവുമായ പല പ്രസിദ്ധീകരണങ്ങളും ഇന്നു നിലവിലുണ്ട്. മലയാളഭാഷാപ്രചരണരംഗത്ത് അത്രകണ്ട് ഔത്സുക്യം പ്രകടിപ്പിച്ചിട്ടില്ലാത്ത സമസ്തകേരള ജംഇയ്യത്തുൽ ഉലമാ പോലും ''സുന്നിടൈംസ്'' എന്ന പേരിൽ ഒരു വാരിക നടത്തുന്നുണ്ട്. ഇത് ഭാഷാവികസനത്തിൽ ആശാവഹമായ അംഗീകാരമാണ് വെളിപ്പെടുത്തുന്നത്. കേരള നദുവത്തുൽ മുജാഹിദീൻ വളരെ പ്രശസ്തമായ നിലയിൽ നടത്തുന്ന ''അൽ–മനാർ'' മറ്റൊരു പ്രധാന ജിഹ്വയാണ്. നഷ്ടപ്പെട്ടുകൊണ്ടിരുന്ന പഴയ തലമുറയിലെ പണ്ഡിതനിരയിൽ പ്രമുഖനായ ജ: പി. കെ. മൂസ്സമൌലിയാണ് അൽ–മനാറിന്റെ പ്രധാന പത്രാധിപർ.

ദക്ഷിണകേരള ജംഇയ്യത്തുൽ ഉലമായുടെ നേതൃത്വത്തിൽ കൊല്ലത്തുനിന്ന് 'അന്നസീം' എന്നൊരു മാസിക പ്രസിദ്ധീകരിക്കുന്നുണ്ട്.

കേരള അറബിക്ക് ടീച്ചേഴ്സ് ഫെഡറേഷന്റെ കീഴിൽ 'അൽ–ബുഷ്റാ' അറബി മാസികയും നടത്തപ്പെടുന്നു. ദക്ഷിണേന്ത്യയിലെ ഏക അറബിമാസികയാണത്. ഇന്നു സായാഹ്ന ദിനപത്രങ്ങളായി കോഴിക്കോട്ടുനിന്നു ''അൽ–അമീൻ'' (പത്രാധിപർ സുബൈർ) എറണാകുളത്തുനിന്നു കേരളനാദം (പത്രാധിപർ സി.പി.മമ്മു) തൃശൂരിൽനിന്നു പി.കെ.മുഹമ്മദു കുഞ്ഞിന്റെ 'സ്വതന്ത്രമണ്ഡപം' കൊച്ചിയിൽനിന്നു പി.ഏ.സൈനുദ്ദീന്റെ ''യുവകേരളം'' എന്നിവയാണ് ചെറുകിട പത്രങ്ങൾ. അഖിലകേരള ജംഇയ്യത്തുൽ ഉലമായുടെ ജിഹ്വയായ ജംഇയ്യാത്ത് മാസികയും നടന്നുവരുന്നുണ്ട്.

ഉർദുവിന്നു വേണ്ടത്ര പ്രചാരമില്ലാത്ത ഇക്കാലത്തു തലശ്ശേരി യിൽനിന്നു 40 വർഷങ്ങൾക്കുമുമ്പ് ഒരു ഉർദു മാസിക പ്രസിദ്ധീകരിച്ചിരുന്നു. ''നാറജീൽസ്ഥാൻ'' (കേരളപ്രദേശം) എന്നായിരുന്നു ഇതിന്റെ പേർ.

ആധുനിക മലയാളഭാഷയുടെ വികാസപരിണാമങ്ങൾ മനസ്സിലാക്കി മതസാഹിത്യപ്രചരണം നടത്തുന്നതിൽ ''കേരള ജമാഅത്തെഇസ്‌ലാമി'' അവരുടെ മുഖപത്രമായ ''പ്രബോധനം'' വാരികയും മാസികയും തികച്ചും ഉപയോഗപ്പെടുത്തുന്നുണ്ട്. രചനാരീതിയിലും ആശയപ്രതിപാദനത്തിലും അവതരണത്തിലും ആകർഷകമായ സംവിധാനക്രമമാണ് ''ജമാഅത്തെ ഇസ്‌ലാമി'' പത്രാധിപസമിതി സ്വീകരിച്ചിട്ടുള്ളത്. ഭാഷാപ്രചരണത്തിലും ചിന്താപരമായ വളർച്ചയിലും കനത്ത സ്വാധീനം ഈ പ്രസിദ്ധീകരണങ്ങൾ ചെലുത്തുന്നുവെന്നത് എടുത്തുപറയേണ്ട കാര്യമാണ്.

പത്രപ്രവർത്തനചരിത്രത്തിലേക്കു സഗൗരവം കണ്ണോടിക്കുമ്പോൾ കേരളത്തിലെ മുസ്‌ലീംദിനപത്രം എന്നവകാശപ്പെടാവുന്ന 'ചന്ദ്രിക' യുടെ ചരിത്രം തികച്ചും ആവേശകരവും അഭിനന്ദനാർഹമായും നിലകൊള്ളുന്നു. 1934 മാർച്ച് മാസത്തിൽ തലശ്ശേരിയിൽ നിന്നും ജ: കെ. എം. സീതീസാഹിബ്, ഹാജി അബ്ദുസത്താർസേട്ട്, എ.കെ.കുഞ്ഞിമായിൽഹാജി സി.പി.മമ്മുക്കോയി, മുക്കാട്ടുംപുറത്ത് മൂസ്സാസാഹിബ് എന്നിവരുടെ നേതൃത്വത്തിൽ വാരികയായി ആരംഭിച്ച 'ചന്ദ്രിക' ഇടക്ക് ദിനപത്രമായിത്തീർന്നു.

അതിനെതുടർന്നു ഒരു വാരികയായിതന്നെ ചന്ദ്രിക വീണ്ടും നടന്നുവെങ്കിലും 1915–ൽ ചന്ദ്രിക, ദിനപത്രത്തിന്റെ പദവി വിണ്ടെടുത്തു. കോഴിക്കോട്ട് നിന്നു ചന്ദ്രിക അതിന്റെ സാംസ്ക്കാരിക സഹയാത്രികനെന്നോണം 1950–ൽ വാരികയും ആരംഭിച്ചു. കഴിഞ്ഞ കാൽനൂററാണ്ടുകാലത്തെ കേരള മുസ്‌ലീംകളുടെ ശ്രദ്ധേയമായ സാമൂഹിക– സാംസ്ക്കാരിക പുരോഗതിയിൽ 'ചന്ദ്രിക' നൽകിയ സംഭാവന ഒരു പ്രസ്ഥാനത്തിനും മറെറാരു പത്രത്തിനും നൽകാൻ കഴിഞ്ഞിട്ടില്ലെന്നത് അവിതർക്കിതമാണ്. മുസ്‌ലീം സാമാന്യ ജനങ്ങളെ വായനാശീലമുള്ളവരാക്കാൻ കാലോചിതമായി സാമൂഹ്യപരിവർത്തനങ്ങളിൽ പങ്കാളിത്തം വഹിക്കാൻ തന്നെ നേതൃത്വം നൽകാൻ ചന്ദ്രികയ്ക്ക് സാധിച്ചിട്ടുണ്ട്. മതസാഹിത്യപ്രചരണത്തിനും മററു

സാംസ്കാരിക മേഖലകളിലും ഉയർന്നുവരാൻ നിരവധി പ്രതിഭാശാലികൾക്ക് ചന്ദ്രിക ജന്മം നൽകിയിട്ടുണ്ട്. അളവു തിട്ടപ്പെടുത്താൻ സാധിക്കാത്ത മുസ്ലീം സമുദായത്തിന്റെ സാമൂഹ്യ-സാംസ്കാരിക വളർച്ചയിൽ ചന്ദ്രികയുടെ അവലംബം ഗണനാർഹമാണ്. പ്രശസ്തരായ പത്രപ്രവർത്തകർ ഓരോ കാലഘട്ടത്തിലും ചന്ദ്രികയെ പൊതുമേഖലയിലെ ശബ്ദമായി ഉയർത്തിക്കൊണ്ടുവരുന്നതിൽ നിരന്തരം ശ്രമിച്ചിട്ടുണ്ട്. ചന്ദ്രികപത്രാധിപ സമിതിയിലെ ഏററവും പഴക്കം ചെന്ന പത്രാധിപരായ മി: വി.സി.അബൂബക്കർ സാഹിബ് ഇന്നും അനുസ്യൂതമായ സേവനത്തിന്റെ പാതയിൽ കാലൂന്നിനിൽക്കുകയാണ്. ജ: സി.എച്ച്.മുഹമ്മദുകോയാസാഹിബ് 'ചന്ദ്രിക' പത്രത്തിന്റെ പ്രഗത്ഭനായ പത്രാധിപർ എന്ന നിലയിൽ 'ചന്ദ്രിക'യ്ക്കും സമുദായത്തിനും അന്തസ്സേറിയ സ്ഥാനം സമൂഹത്തിൽ നേടിക്കൊടുക്കുന്നതിന് നിരന്തരം യജ്ഞിച്ചിട്ടുണ്ട്. തൃശൂർ ആമിനാ ബുക്ക് സ്ററാളിന്റെ ആഭിമുഖ്യത്തിലും ഹാജി കെ.വി.അബൂബക്കർസാഹിബിന്റെ പത്രാധിപത്യത്തിലും പ്രശസ്തമായി പ്രസിദ്ധീകരിച്ചു വരുന്ന 'വിജയദീപം' ഉന്നതനിലവാരം പുലർത്തുന്ന ഒരു മാസികയാണ്.

ഈ ഘട്ടത്തിൽ കേരളത്തിൽ ഇതേവരെ നടന്നിട്ടുള്ള മുസ്ലീം പത്രങ്ങളുടെ ഒരു ലിസ്റ്റുകൂടി ഉൾപ്പെടുത്തുന്നത് നന്നായിരിക്കും. ലിസ്റ്റ് പൂർണ്ണമാണെന്ന് അവകാശപ്പെടുന്നില്ല.

അൽ-അമീൽ, അൽ-ജാമിയ, അൽ-ഇസ്ലാം, അൽ-ഇസലാഹ്, അൽ-ഇർശാദ്, അൽ- മുർശിദ്, അൽ-ഫാറൂഖ്, അൻസാരി, അൽ-ഇത്തിഹാദ്, ന്യൂ അൻസാരി, ഇശാഅത്ത്, ഇസ്ലാം ദീപം, ഇസ്ലാം ദൂതൻ, ഇസ്ലാം-മിത്രം, ഇസ്ലാമിക് കൾച്ചർ, ഇസ്ലാമിക് ടൈംസ്, ദീപിക, ഖിലാഫത്ത്, ഖിലാഫത്തപത്രിക, പൗരശക്തി, പൗരൻ, പൗരകാഹളം, പൗരനാദം, നവലോകം, നവപ്രഭ, നൂറുൽ ഇസ്ലാം , മലബാരി, മലബാർ, മലബാർ ഇസ്ലാം, മാപ്പിള റവ്യു, മാർഗ്ഗദർശകൻ, മുനിറിൽ ഇസ്ലാം, മുഹമ്മദാലി, മുസ്ലീം ഐക്യം, മുസ്ലീം മഹിള, മുസ്ലീം പരോപകാരി, മുജാഹിദ്, മുസ്ലീംലോകം, മുസ്ലീംവനിത, മുഹമ്മദീയ ദർപ്പണം, മുഹമ്മദീയ പരോപകാരി, മുസൽമാൻ, മുസ്ലീം സഹകാരി, മുസ്ലീം ടൈംസ്, മിത്രം,

മസ്ദൂർ, മലയാളി, മലയാളരാജ്യം, മിശ്കാത്തുൽഹുദാ, മിനാർ, കേരളപ്രഭ, കേരളപംക്തി, കേരളചന്ദ്രിക, കേരളോദയം, കേരള ടൈംസ്, ചിത്രം, കല, കാമുകി കൊച്ചിൻമെയിൽ, ഭാരതചന്ദ്രിക, ജനോപകാരി, സ്വരാട്, സ്വരാജ്, സുരസൻ, സാരസൻ, സലാഹുൽ ഇഹ്ഖാൻ, ഉജ്ജീവനം, ഹിദായത്ത്, ഹിക്മത്ത്, ഹിലാൽ, രാജ്യാഭിമാനി, യുവാവ്, യുവകേരളം, യുവലോകം, യുവകേസരി, യുവശക്തി, ബിജ്‌ലി, പ്രഭാതം, തസ്‌വീർ, പുരോഗതി, നവപ്രഭ, നവലോകം, ബോമ്പെനാദം, ധർമ്മഗീതം, ഭാരതകേസരി, സുബ്ഹുലുസ്സലാം, ചിന്തകൻ, ദീൻദുൻയ, സ്പോർട്ട്സ്മാൻ, മെസ്സേജ്, ടുഗെതർ, ലോകനീതി.

**ഇന്നു നടക്കുന്ന പത്രങ്ങൾ**

ദിനപത്രങ്ങൾ : ചന്ദ്രിക

ചെറുകിട ദിനപത്രങ്ങൾ : കേരളനാദം, സ്വതന്ത്രമണ്ഡപം, അൽ–അമീൻ, യുവകേരളം .

**വാരിക**

ചന്ദ്രിക, പ്രബോധനം, സുന്നിടൈംസ്

മാസിക : പ്രബോധനം, അൽ–മനാർ, അൽ–ഇർശാദ്, അൽ–ജലാൽ, അന്നസീം, വിജയദീപം, അൽ–ബുശ്റ(അറബി), മാപ്പിളനാട്, സത്യദൂതൻ, ജംഇയ്യത്ത്, നിരീക്ഷണം,, ആരോഗ്യബന്ധു.

ദ്വൈവാരിക : എം. ഇ. എസ്. ജർണ്ണൽ

ത്രൈമാസിക : മിനാറത്ത് (ഇംഗ്ലീഷ്)